# മാനന്തവാടി രൂപത ബുള്ളറ്റിൻ

Vol. 16 / Issue 2
February 2025

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/25-27
License to post without prepayment of postage
No. KL/PMG/NR/WPP/83/TLY/2025-27

**"For their sake I consecrate myself, that they also may be consecrated in truth."**
(John 17:19)

JUBILEE 2025
PILGRIMS OF HOPE



FAMILY RENEWAL YEAR
DIOCESE OF MANANTHAVADY

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് 4:8)**

**Printed, Published and Edited by
Fr. Thankachan alias Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady
Printed at St. Joseph's Offset Press, Mananthavady 670645**

വാല്യം 16 ഫെബ്രുവരി 2025 ലക്കം 2

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


സർക്കുലർ ........................................ 5
സർക്കുലർ ........................................ 10
സർക്കുലർ ........................................ 14
രൂപതാ കച്ചേരി വാർത്തകൾ ........................................ 16
പടിസാധനം ........................................ 19
പ്രത്യേകശ്രദ്ധയ്ക്ക് ........................................ 20
കുടുംബകൂട്ടായ്മ - പഠനവിഷയം ........................................ 23
മതബോധനരംഗം ........................................ 35
ചെറുപുഷ്പ മിഷൻലീഗ് ........................................ 37
തിരുബാലസഖ്യം ........................................ 42
Department of Youth Ministry ........................................ 43
കെ.സി.വൈ.എം ........................................ 45
കെ.സി.ബി.സി മദ്യവിരുദ്ധ സമിതി ........................................ 49
കുടുംബപ്രേഷിതത്വം ........................................ 50
സീയോൻ വാർത്തകൾ ........................................ 61
സാമൂഹ്യ സേവനരംഗം (WSSS) ........................................ 62
ജീവസ് & കെ.എൽ.എം ........................................ 68
നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി ........................................ 71
കത്തോലിക്കാ കോൺഗ്രസ്സ് AKCC ........................................ 76
ബയോവിൻ അഗ്രോ റിസർച്ച് ........................................ 81
റേഡിയോ മാറ്റൊലി ........................................ 83
Mary Matha Arts & Science College ........................................ 85
ഫെഡാർ ഫൗണ്ടേഷൻ ........................................ 88
കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ........................................ 89
ബിഷപ്സ് പ്രോഗ്രാം ........................................ 97

# തിരുബാലസഖ്യ ദിനം
## 2025 ഫെബ്രുവരി 09

### കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ മാതാപിതാക്കളെ, സഹോദരീ സഹോദരന്മാരെ, വത്സലമക്കളെ,

ഈ വർഷം സാർവ്വത്രികസഭ തിരുബാലസഖ്യദിനം ആചരിക്കുന്നത് ഫെബ്രുവരി 9-ാം തീയതി ഞായറാഴ്ച്ചയാണ്. നമ്മുടെ കുട്ടികളെ സഭയ്ക്കും സമൂഹത്തിനും ഉപകാരികളാക്കി കുട്ടികളുടെ സമഗ്ര വളർച്ചയെ ലക്ഷ്യം വെച്ച് ആഗോള കത്തോലിക്കാ സഭ മുഴുവൻ പ്രവർത്തിക്കുന്ന സംഘടനയാണ് തിരുബാലസഖ്യം. തിരുബാലസഖ്യത്തിലെ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർഷത്തെ തിരുബാലസഖ്യ ദിനത്തിന്റെ എല്ലാവിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

മക്കൾ ദൈവത്തിന്റെ സ്വന്തമാണ്. മക്കളെ വിശ്വാസത്തിലും വിശുദ്ധിയിലും വളർത്തുകയെന്നത് കുട്ടികൾ ദൈവം തന്ന ദാനമാണെന്ന തിരിച്ചറിവിൽ നിന്നും വരുന്ന ഉത്തരവാദിത്വമാണ്. ഫ്രാൻസിസ് പാപ്പ 'സ്നേഹത്തിന്റെ ആനന്ദം' എന്ന സിനഡാനന്തര അപ്പസ്തോലിക ആഹ്വാനത്തിൽ പറയുന്നതുപോലെ, ജ്ഞാനസ്നാനത്തിൽ സ്വീകരിക്കുന്ന ദൈവദാനമായ വിശ്വാസം വളർത്തുന്നതിനും വികസിക്കുന്നതിനും ദൈവം ഉപയോഗിക്കുന്ന മാർഗമാണ് മാതാപിതാക്കൾ (287). തങ്ങളുടെ കുഞ്ഞുങ്ങളുടെ ധാർമിക വികാസത്തെ മാതാപിതാക്കൾ എപ്പോഴും സ്വാധീനിക്കുന്നു. ബാലനായ യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നത് നസ്രത്തിലെ തിരുക്കുടുംബത്തിലായിരുന്നു (ലൂക്ക 2:51-52). ഉണ്ണിയേശുവിനെ കരുതലോടെ വളർത്തിയ തിരുകുടുംബത്തിലെ മാതാപിതാക്കളായ പരിശുദ്ധ മറിയവും വിശുദ്ധ യൗസേപ്പിതാവും ആയിരിക്കണം തങ്ങളുടെ മക്കളെ

ദൈവം ആഗ്രഹിക്കുന്ന രീതിയിൽ വളർത്തിക്കൊണ്ടു വരുവാനുള്ള മാതാപിതാക്കളുടെ ദൗത്യനിർവ്വഹണത്തിൽ അവരുടെ മാതൃക.

കുഞ്ഞുങ്ങൾ ഏതെല്ലാം കാര്യങ്ങളിൽ ഏർപ്പെടണമെന്ന് മാതാപിതാക്കൾ ചിന്തിക്കണം. ആരാണ് അവർക്ക് വിനോദം നൽകുന്നത്, ടെലിവിഷനിലൂടെയും ഇലക്ട്രോണിക് ഉപകരണങ്ങളിലൂടെയും ആരാണ് അവരുടെ മുറികളിൽ എത്തുന്നത്, തങ്ങളുടെ ഒഴിവുസമയം ആരുമൊത്താണ് അവർ ചെലവിടുന്നത് എന്നിവിടങ്ങളിലെല്ലാം മാതാപിതാക്കൾ സഹായമേകണം. (സ്നേഹത്തിന്റെ ആനന്ദം 260) ദൈവമക്കൾക്കടുത്ത വിദ്യാഭ്യാസം മാതാപിതാക്കൻമാർ മക്കൾക്ക് നൽകണം. മതബോധന ക്ലാസിൽ മക്കൾ ചോദിക്കുന്നതിന് എത്രയോ മുൻപേ അപ്പനും അമ്മയും വാക്കും പ്രവർത്തിയും വഴി വിശ്വാസം അവരോട് പ്രഖ്യാപിക്കുന്നുണ്ട്. കുട്ടിയുടെ വിശ്വാസത്തിന്റെ നിർണായക വ്യക്തികൾ ആണ് മാതാപിതാക്കന്മാർ. മാതാപിതാക്കന്മാർ കുട്ടിയുടെ നെറ്റിയിൽ കുരിശു വരച്ച് ഉറക്കാൻ കിടത്തുമ്പോഴും കുട്ടിയുടെ പിഞ്ചു കൈകൾ കൂട്ടിപ്പിടിച്ച് ആദ്യപ്രാർത്ഥനകൾ പറഞ്ഞു കൊടുക്കുമ്പോഴും കുഞ്ഞിന്റെ ആത്മാവിന്റെ യഥാർത്ഥ ഇടയന്മാരായി പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. അമ്മ നൽകുന്ന സുരക്ഷിതത്വവും പിതാവുമായുള്ള നല്ല ബന്ധവും കുട്ടിക്ക് ദൈവത്തെക്കുറിച്ചുള്ള ഭാവാത്മകചിത്രം ഉണ്ടാകുന്നതിന് അനുപേക്ഷണീയമാണ്. കുട്ടിയിൽ മനഃസാക്ഷി ബീജാവസ്ഥയിലാണ്. സജീവ മാതൃകയായി അത് സാവധാനം രൂപപ്പെടും. 'സ്നേഹത്തിന്റെ ആനന്ദത്തിൽ' ഫ്രാൻസീസ് പാപ്പ സൂചിപ്പിക്കുന്നതുപോലെ 'യേശുവിനോ കന്യകാ മാതാവിനോ ഒരു ഉമ്മ കൊടുക്കുവാൻ അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നത് മനോഹരമാണ്. അതിൽ എത്രമാത്രം സ്നേഹമാണുള്ളത്. ആ നിമിഷം കുഞ്ഞിന്റെ ഹൃദയം ഒരു പ്രാർത്ഥനാലയം ആകുന്നു' (287). ഇന്നത്തെ മാതാപിതാക്കന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവ പദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്.

ഇന്നത്തെ സാമൂഹ്യ സാംസ്കാരിക സാഹചര്യങ്ങൾ നന്മയിലും വിശുദ്ധിലും വളരേണ്ട ബാല്യത്തിന് ഭീഷണി ഉയർത്തുന്നതാണ്. ഫേസ്ബുക്ക്, വാട്സ്ആപ്പ്, ഇൻസ്റ്റഗ്രാം തുടങ്ങി ഇന്നിന്റെ സാമൂഹിക സമ്പർക്ക മാധ്യമങ്ങളിൽ സെൽഫികളും പ്രകടനങ്ങളും ഒക്കെയുണ്ട്. ജനറേഷൻ ബീറ്റ തലമുറയുടെ കാലഘട്ടമാണ് ഇനി. 2025 നും 2039 നും ഇടയിൽ ജനിക്കുന്ന കുട്ടികൾ ജനറേഷൻ ബീറ്റാ തലമുറയെന്നാണ് അറിയപ്പെടുന്നത്. സ്വയം വെളിപ്പെടുത്തുക, സ്വന്തം വിചാരങ്ങൾ പോലും കാറ്റത്ത് വിതറുന്ന പഞ്ഞി പോലെ 'നെറ്റിൽ' ഇടുക എന്നതുമൊക്കെ ഇന്നിന്റെ രീതികളാണ്. കിട്ടുന്ന 'ലൈക്കു' കളുടെ എണ്ണം നോക്കി സ്വന്തം മൂല്യമളക്കുകയെന്ന പ്രവർത്തന രീതികൾ വികലമായ ഭാവിയാണ് നിർമ്മിക്കുന്നത്. കുഞ്ഞുമക്കൾ സ്വയം പ്രദർശിപ്പിച്ച് ജന ശ്രദ്ധയാകർഷിക്കുമ്പോൾ അക്കൂട്ടത്തിൽ കുട്ടികളെയും കുടുംബത്തെതന്നെയും കൊത്തി വിഴുങ്ങുവാൻ കഴിവുള്ള കഴുകന്മാർ നമുക്ക് ചുറ്റും ഉണ്ടെന്ന് തിരിച്ചറിയുന്നത് നല്ലതാണ്.

കുട്ടികളുടെ സുരക്ഷിതത്വ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. പല നഗരങ്ങളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരുടെയും അത് വിൽക്കുന്നവരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. ലൈംഗീക വൈകൃതങ്ങളിലേക്കും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്കും കുട്ടികൾ കടന്നു ചെല്ലാതിരിക്കാനും മാതാപിതാക്കൾ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. അതോടൊപ്പം അസഹിഷ്ണുതയും, സാമുദായിക സ്പർദ്ധയും, വർഗീയവാദവും, തീവ്രവാദവും ഒക്കെ നമ്മുടെ നാട്ടിലും കൂടുതൽ ശക്തി പ്രാപിക്കുകയാണ്. പ്രണയം നടിച്ച് പ്രലോഭിപ്പിക്കുകയും മതം മാറ്റുകയും തീവ്രവാദങ്ങളിലേക്കും മറ്റ് അപകടമേഖലയിലേക്കും കുട്ടികളെയും യുവതി യുവാക്കളെയും കടത്തിക്കൊണ്ടു പോകുകയും ചെയ്യുന്ന സാഹചര്യങ്ങൾ കൂടുന്നു. കത്തോലിക്കാ വിശ്വാസവും കുടുംബഭദ്രതയും മുറുകെ പിടിക്കുവാനും ക്രിസ്തു ചൈതന്യത്തിൽ വളരുവാനും നാം കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട്.

ഓരോ കുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തെരഞ്ഞെടുക്കുവാൻ മാതാപിതാക്കന്മാരും അവരോട് ചേർന്ന്

അധ്യാപകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. സമാധാനപൂർണവും സർഗാത്മകവുമായ ഭാവിക്ക് ശരിയായ തെരഞ്ഞെടുപ്പുകൾ ആവശ്യമാണ്. ഇതിനു സഹായിക്കുവാൻ വൈദികരും, സന്യസ്തരും മറ്റ് ആധ്യാത്മിക ഗുരുക്കന്മാരും മുന്നോട്ടു വരണം. നമ്മുടെ കുട്ടികൾ സഭാ വിരോധികളും നിരീശ്വരവാദികളുമായി തീരാൻ ഇടയാക്കുന്ന സാഹചര്യങ്ങളും സ്വാധീനങ്ങളും നിസ്സാരമായി തള്ളിക്കളയാനാവില്ല. തിരുസഭയെയും കൂദാശകളെയും സഭാധികാരികളെയും സന്യാസ പൗരോഹിത്യങ്ങളെയും അവഹേളന പാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ ശക്തി കുറയ്ക്കാനുള്ള ആസൂത്രിത ശ്രമങ്ങളും നാം തിരിച്ചറിയണം. ഈ പശ്ചാത്തലത്തിൽ നമ്മുടെ കുട്ടികൾക്ക് ശരിയായ മൂല്യബോധവും വിശ്വാസ പരിശീലനവും നൽകാൻ സഹായിക്കുന്ന തിരുബാലസഖ്യത്തിന്റെ പ്രസക്തി വളരെയേറെയാണ്. കുട്ടികളെ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

'കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ, കുട്ടികൾ കുട്ടികൾക്ക് വേണ്ടി പ്രാർത്ഥിക്കട്ടെ ' എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽ മാലാഖമാരും ഉപമധ്യസ്ഥരുമാണ്. ഇവരുടെ ആധ്യാത്മിക സംരക്ഷണയിൽ കുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരുബാലസഖ്യത്തിനു സാധിക്കുന്നു. ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് ഈ ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു. അനുദിനം അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കും സന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. വർഗീയതയും നിരീശ്വരത്വവും വളരുന്ന ഈ കാലഘട്ടത്തിൽ വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കാനും സഹവർത്തിത്വത്തിന്റെ പാതയിലൂടെ വളരാനും വളർത്താനും നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്.

പ്രിയപ്പെട്ട കുട്ടികളെ, ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യ, മിഷൻ പ്രവർത്തനത്തിനായി തന്റെ ആശ്രമത്തിന്റെ പടിവാ

തിൽ പോലും കണ്ടിട്ടില്ല. സ്നേഹംകൊണ്ട് അവൾ മിഷനറിയായി. ആ വലിയ 'കുഞ്ഞു മിഷനറി'യുടെ ഓർമ്മയിൽ സ്നേഹമാണ് ആദ്യ പ്രേഷിതമാർഗ്ഗമെന്ന തിരിച്ചറിവിൽ നമുക്ക് വളരാം. 'സ്നേഹത്തിന്റെ ആനന്ദം' എന്ന പ്രബോധനത്തിൽ ഫ്രാൻസീസ് പാപ്പ ഊന്നി പറയുന്നതുപോലെ നല്ല ശീലങ്ങൾ വളർത്തിയെടുക്കാനും മനഃസാക്ഷിയുടെ ശരിയായ രൂപീകരണത്തിനും നല്ല ഒരു വളർച്ച സംസ്കാരം നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. ഇതിനായി ഓരോ കുടുംബവും ഓരോ ഇടവകയും ശ്രദ്ധിക്കണം. അതിനാൽ പ്രിയ സഹോദരങ്ങളെ നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്ര നന്മയ്ക്കായി ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഈ തിരുബാലസഖ്യദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം. പീഠത്തിന് മുകളിലെ പ്രകാശഗോപുരങ്ങളായി നമ്മുടെ കുട്ടികൾ വളരട്ടെ...

ഏറെ വാത്സല്യത്തോടും സ്നേഹത്തോടും കൂടെ

**ആർച്ച് ബിഷപ്പ് മാർ തോമസ് തറയിൽ**
ചെയർമാൻ കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് മാത്യൂസ് മാർ പോളികർപ്പോസ്**
വൈസ് ചെയർമാൻ കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് പീറ്റർ അബിർ ആന്റണി സ്വാമി**
വൈസ് ചെയർമാൻ കെ.സി. ബി. സി വൊക്കേഷൻ കമ്മീഷൻ

**NB:** 2025 ഫെബ്രുവരി 9 -ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ച് കൊടുക്കേണ്ടതാണ്.

# സർക്കുലർ

***Prot. No. 30055 / 2025***
*Circular No.1 /2025*

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയ ബഹുമാനപ്പെട്ട വൈദികരെ, സമർപ്പിതരെ, സഹോദരങ്ങളെ, കുട്ടികളെ,

മനുഷ്യൻ എത്ര പുരോഗമിച്ചാലും ഒരിക്കലും ഭക്ഷണമില്ലാതെ ജീവിക്കാൻ പറ്റുമെന്ന് തോന്നുന്നില്ല. കാരണം ഭക്ഷണമാണ് നമ്മുടെ ആരോഗ്യത്തിനാവശ്യമായ പോഷകങ്ങൾ നല്കുന്നത്. എന്നാൽ ഏതുതരം ഭക്ഷണവും നമുക്ക് ഗുണകരമാകുകയില്ല. നല്ല ഭക്ഷണത്തിനേ മനുഷ്യന് ആരോഗ്യം കൊടുക്കാൻ കഴിയുകയുള്ളു. നല്ല ഭക്ഷണം ഉണ്ടാകണമെങ്കിൽ അതിന്റെ ഉത്പാദന പ്രക്രിയയും അത് പാകപ്പെടുത്തുന്ന രീതിയും എല്ലാം ശുദ്ധവും വിഷരഹിതവും വൃത്തിയുള്ളതുമായിരിക്കണം. നിർഭാഗ്യവശാൽ നമുക്കിന്ന് മാർക്കറ്റിൽ ലഭ്യമാകുന്ന ഒരു ഭക്ഷണവും അപ്രകാരമുള്ളതല്ല എന്നതാണ് സത്യം. ഭക്ഷണത്തിന് പൊലിമ വർധിപ്പിക്കുന്നതിനും രുചി കൂട്ടുന്നതിനും നിറം കൊടുത്ത് ആകർഷകമാക്കുന്നതിനും കേടാകാതെ ദീർഘകാലം സൂക്ഷിച്ചുവയ്ക്കുന്നതിനും അപകടകരമായ വിഷവസ്തുക്കൾ ഭക്ഷണ പദാർത്ഥങ്ങളിൽ ചേർക്കാറുണ്ട്. അവ ഭക്ഷിക്കുന്നവർ നിത്യരോഗികളായി തീരാനുള്ള സാധ്യത ഏറെയാണ്. ഇന്ന് നമ്മെ ബാധിക്കുന്ന പലരോഗങ്ങളും വിഷലിപ്തമായ ഭക്ഷണത്തിലൂടെ കടന്നുവരുന്നതാണ്.

ചെറിയ തോതിലാണെങ്കിലും അതിനൊരു മാറ്റം ഉണ്ടാകണം എന്ന ചിന്തയിൽ നമ്മുടെ രൂപതയുടെ സാമൂഹ്യ പ്രവർത്തന വിഭാഗമായ ബയോവിൻ അഗ്രോ റിസർച്ച് (BIOWIN Agro Research) എന്ന സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള 'വനിതാ സംരംഭകരുടെ സുസ്ഥിര വരുമാനപദ്ധതിയാണ് Sustainable Income Generation of Women Entrepreneurs' എന്ന സംരംഭം. സിഗ്വി (SIGWE) എന്ന ചുരുക്കപ്പേരിൽ ഈ സംരംഭം അറിയപ്പെടുന്നു. പ്രധാനമായും വനിതകൾക്കായി ആരംഭിച്ചിട്ടുള്ള ഒന്നാണിത്. വിവിധ ആവശ്യങ്ങൾക്കുള്ള മസാല

ക്കൂട്ടുകളാണ് അവർ വൃത്തിയുള്ള ചുറ്റുപാടുകളിൽ മായ മൊന്നും ചേർക്കാതെ ഉല്പാദിപ്പിച്ച് വില്പനയ്ക്കെത്തിക്കുന്നത്. ജൈവകൃഷിവ്യാപനത്തിലൂടെ ശ്രദ്ധേയമായ മുന്നേറ്റം ഉണ്ടാക്കി മാതൃക സൃഷ്ടിക്കുകയും ധാരാളം പുരസ്കാരങ്ങൾ നേടുകയും ചെയ്തിട്ടുള്ള നമ്മുടെ രൂപതയുടെ സ്ഥാപനമാണ് ബയോവിൻ അഗ്രോ റിസേർച്ച്. ബയോവിന്നിന്റെ ഇടപെടലിലൂടെ ധാരാളം കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്.

വൻകിട കമ്പനികൾ ലാഭം മാത്രം നോക്കി ഭക്ഷ്യവസ്തുക്കൾ ഉണ്ടാകുന്നതിനാൽ നമുക്ക് അവയിൽ ഇടപെടാൻ സാധിക്കുകയില്ലന്നു മാത്രമല്ല മോശമായതാണ് എന്നറിഞ്ഞിട്ടും ലഭ്യമായത് വാങ്ങിക്കൊണ്ടുവന്ന് ഉപയോഗിക്കേണ്ടിവരുന്ന അവസ്ഥയിലാണ് നാമെല്ലാവരും. വിശ്വസിച്ചു കഴിക്കാൻ സാധിക്കുന്ന ഭക്ഷ്യവസ്തുക്കൾ നമുക്കരികിൽ ലഭിച്ചെങ്കിലേ ഇതിനൊരു പരിഹാരമാകൂ. ഈ ഉദ്ദേശത്തോടെയാണ് ബയോവിൻ നമ്മുടെ നിത്യോപയോഗസാധനങ്ങളായ പലവ്യഞ്ജനങ്ങളുടെ നിർമ്മാണത്തിലേക്ക് കടക്കുന്നത്.

സിഗ്വിയുടെ ഒന്നാംഘട്ടത്തിൽ നമുക്ക് നിത്യവും ആവശ്യമായിട്ടുള്ള കറിമസാലക്കൂട്ടുകൾ, മുളക്, മല്ലി, മഞ്ഞൾ, തുടങ്ങി പതിനാലോളം സാധനങ്ങളാണ് വില്പനയ്ക്കെത്തിക്കുന്നത്. പ്രഭാതഭക്ഷണത്തിനുള്ള വിഭവങ്ങൾ എളുപ്പത്തിൽ തയ്യാറാക്കാൻ പറ്റുന്ന ഉല്പന്നങ്ങൾ രണ്ടാം ഘട്ടത്തിൽ പുറത്തിറക്കുന്നതാണ്. കടല, പരിപ്പ്, റാഗി, ഗോതമ്പ്, അരി മുതലായവ അടിസ്ഥാനമാക്കിയുള്ള ഉല്പന്നങ്ങൾ മൂന്നാം ഘട്ടമായും ന്യായവിലയിൽ ആവശ്യക്കാരിലേക്ക് എത്തിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി മുകളിൽ പ്രതിപാദിച്ച രീതിയിൽ കർഷക വനിതകളുടെ ഒരു കൂട്ടായ്മ ഉണ്ടാക്കുകയും അവർക്ക് ആവശ്യമായ പരിശീലനം നൽകുകയും ചെയ്തതിനുശേഷം അവർ വഴിയായി കറിമസാലക്കൂട്ടുകൾ സിഗ്വി (SIGWE) എന്ന വ്യാപാര നാമത്തിൽ പുറത്തിറക്കിക്കഴിഞ്ഞു. അതിന്റെ ഔദ്യോഗിക വിപണനോദ്ഘാടനം 2024 ഡിസംബർ 19 ന് ബയോവിൻ ഉല്പാദന കേന്ദ്രത്തിൽ നടന്നു.

ഉല്പന്നങ്ങളുടെ പ്രാരംഭസംസ്കരണം ബയോവിന്നിൽ അംഗത്വമുള്ള വനിതാ കൂട്ടായ്മകളിലാണ് നടത്തുന്നത്.

അങ്ങനെ സംസ്കരിച്ച ഉത്പന്നങ്ങൾ ബയോവിന്നിന്റെ ഫാക്ടറിയിൽ എത്തിച്ച് കർശനമായ ഗുണപരിശോധനകൾക്ക് ശേഷം മസാലക്കൂട്ടുകളാക്കി പായ്ക്ക് ചെയ്ത് വിതരണത്തിന് തയ്യാറാക്കുന്നു. ഏതൊരു ഉല്പന്നത്തിന്റെയും വിജയം അത് വാങ്ങി ഉപയോഗിക്കുന്നവരുടെ എണ്ണത്തെയാണ് ആശ്രയിച്ചിരിക്കുന്നത്. ശുദ്ധവും വിഷരഹിതവുമായ ഉല്പന്നങ്ങൾ തയ്യാറാക്കാൻ കൂടുതൽ അധ്വാനവും സാമ്പത്തികച്ചെലവും വേണ്ടി വരും. അതോടൊപ്പം സാധാരണക്കാർക്ക് വഹിക്കാവുന്ന വിലയിൽ അവ ലഭ്യമാക്കുകയും വേണം. ഉല്പന്നങ്ങൾ എളുപ്പം കേടാകാതിരിക്കാനുള്ള രാസവസ്തുക്കൾ ചേർക്കാത്തതുകൊണ്ട് കൂടുതൽ ദിവസങ്ങൾ കടകളിൽ സൂക്ഷിക്കാൻ സാധ്യമല്ല. അതിനും പുറമെ കടക്കാർക്ക് വലിയ കമ്മീഷൻ കൊടുക്കാനും സാധിക്കുകയില്ല. ഈ സാഹചര്യത്തിൽ നമ്മുടെ ഇടവകകളിൽ ചെറിയ കൂട്ടായ്മകൾ രൂപീകരിച്ചു അവർ വഴിയായി വില്പന നടത്തുകയാണ് പ്രാരംഭഘട്ടത്തിൽ ചെയ്യാൻ പറ്റുന്നത്. അതിന് ബഹുമാനപ്പെട്ട വൈദികരും സമർപ്പിതരും ഇടവക ഭരണസമിതി അംഗങ്ങളും സംഘടനകളും എല്ലാം ഉത്സാഹിക്കണം എന്നഭ്യർത്ഥിക്കുന്നു. നിങ്ങളുടെ സഹകരണമാണ് ഈ സംരംഭത്തിന്റെ അടിസ്ഥാനം.

ശുദ്ധവും വിഷരഹിതവുമായ ഭക്ഷണസാധനങ്ങൾ ഉല്പാദിപ്പിച്ച് ന്യായമായ വിലയിൽ വില്പന നടത്തുക എന്നതു മാത്രമല്ല സിഗ്വിയുടെ ലക്ഷ്യം. നമ്മുടെ സമൂഹത്തിന്റെ സാമ്പത്തിക ശാക്തീകരണവും ഇതിലൂടെ ലക്ഷ്യമിടുന്നുണ്ട്. സുസ്ഥിരമായ സാമ്പത്തിക ശാക്തീകരണം ഒരു സമുഹത്തിന്റെ അടിത്തറയാണ്. പൊതുവെ കാർഷികവൃത്തി ചെയ്ത് കുടുംബകാര്യങ്ങൾ നോക്കിനടത്തിയിരുന്ന നമ്മൾക്ക് ഇന്ന് കൃഷികൊണ്ട് ദൈനംദിന കാര്യങ്ങൾപോലും നടത്താൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. വന്യമൃഗശല്യം മുതൽ കാലാവസ്ഥ വ്യതിയാനം വരെ പലവിധകാരണങ്ങൾ ഇതിനു പിന്നിലുണ്ട്. കാരണം എന്തുതന്നെ ആയിരുന്നാലും നമ്മുടെ സാമ്പത്തിക അടിത്തറക്ക് കൃഷിനാശം വലിയ ക്ഷതമേൽപ്പിച്ചു എന്നുള്ളതാണ് സത്യം. ഈ ദുരവസ്ഥയിൽ നിന്ന് കരകയറണമെങ്കിൽ നമ്മൾ മാറിച്ചി

ന്തിക്കുകതന്നെ വേണം. ചെറിയ സംരംഭങ്ങളിലൂടെയും ബിസിനസ്സുകളിലൂടെയും കുടുംബത്തിന് കൈത്താങ്ങാകാൻ നമുക്ക് സാധിക്കും. ഇതിനായി പിന്മാറാൻ തയ്യാറാകാത്തതും തളരാത്തതും ആയ ഒരു മനസ്സും ദൃഢനിശ്ചയവും ഉണ്ടായാൽ മാത്രം മതി.

നിലവിൽ ഇരുപത് വനിതകളാണ് ബയോവിന്നിന്റെ നേതൃത്വത്തിൽ ഒന്നുചേർന്ന് സിഗ്വിക്ക് രൂപം നൽകിയിരിക്കുന്നത്. അവരുടെ നിശ്ചയദാർഢ്യവും ബയോവിൻ ആഗ്രോ റിസർച്ചിന്റെ ഉറച്ച പിൻതുണയും വിട്ടു വീഴ്ചയില്ലാത്ത ഗുണമേന്മാ നിയന്ത്രണങ്ങളും സിഗ്വിയുടെ ഉൽപ്പന്നങ്ങളെ വേറിട്ടതും മേൽത്തരവുമാക്കുന്നു. നിങ്ങൾക്കും ഈ പ്രക്രിയയിൽ പങ്കുചേരാവുന്നതാണ്. നിങ്ങളുടെ കുടുംബകൂട്ടായ്മകളിലും മറ്റും സിഗ്വി ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിലൂടെ ചെറുതെങ്കിലും സ്ഥിരമായിട്ടുള്ള ഒരു വരുമാനം നേടുവാൻ നിങ്ങൾക്കാകും. കൂടുതൽ വിവരങ്ങൾ താഴെപ്പറയുന്ന മൊബൈൽ നമ്പറിലും ഈമെയിൽ വിലാസത്തിലും ബന്ധപ്പെട്ടാൽ ലഭ്യമാകുന്നതാണ്. ശ്രീ. ലൻസ് ഫിലിപ്പ്, മൊബൈൽ നമ്പർ: 8921595366; ഈമെയിൽ: info@sigwe.in. അതേ നമ്പറിൽ തന്നെ വാട്ട്സ് ആപ്പ് സന്ദേശത്തിലൂടെയും വിവരങ്ങൾ ലഭ്യമാണ്.

കർത്താവിന്റെ കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.
മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് രണ്ടായിരത്തി ഇരുപത്തിയഞ്ചാമാണ്ട് ജനുവരി മാസം 20 ന് നൽകപ്പെട്ടത്.

യേശുവിൽ,

**ബിഷപ്പ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**ശ്രദ്ധിക്കുക:** ഈ സർക്കുലർ 2025 ഫെബ്രുവരി 16-ാം തീയതി ഞായറാഴ്ച്ച വി കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്. അതുപോലെ ഇടവകകൾ, സംഘടനകൾ, സമർപ്പിത സമൂഹങ്ങൾ എന്നിവരുടെ വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിൽ ഷെയർ ചെയ്യാനും ശ്രദ്ധിക്കണം എന്നഭ്യർത്ഥിക്കുന്നു.

# കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി 19-ാം സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി നൽകുന്ന പ്രത്യേക സർക്കുലർ

വന്ദ്യ വൈദികരെ, സന്യസ്തരെ, മിശിഹായിൽ പ്രിയ വിശ്വാസികളെ,

കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ കോട്ടയം, ലൂർദ് ഫെറോന പള്ളി ഓഡിറ്റോറിയത്തിൽ വച്ച് മദ്യലഹരി വിരുദ്ധ സമ്മേളനവും യുവജന സെമിനാറും സംയുക്തമായി നടത്തുകയാണ്. കേരളത്തിൽ യുവതി യുവാക്കളുടെയും കുട്ടികളുടെയും ഇടയിൽ സമാനതകളില്ലാതെ വർദ്ധിച്ചുവരുന്ന രാസലഹരിയുടെ ഉപയോഗത്തിന്റെ പശ്ചാത്തലത്തിൽ നമ്മുടെ സഭയേയും സമൂഹത്തേയും നശിപ്പിക്കുന്ന ഈ വിപത്തിനെപ്പറ്റിയുള്ള ബോധവൽക്കരണമാണ് ഈ സമ്മേളനത്തിന്റെ പ്രധാന ലക്ഷ്യം.

മയക്കുമരുന്നിന്റെ വൻ വിപണിയായി കേരളം മാറിയിരിക്കുന്നു. സംസ്ഥാനത്ത് ലഹരി കേസുകൾ കുതിച്ചുയരുകയാണ്. നമ്മുടെ വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ, ബസ്റ്റാൻഡുകൾ, സ്കൂൾ പരിസരങ്ങൾ തുടങ്ങി ഗ്രാമാന്തരങ്ങൾവരെ ഇന്ന് ലഹരിയുടെ തുരുത്തായി തീർന്നിരിക്കുന്ന ഭയാനക കാഴ്ചയാണ് നാം കാണുന്നത്. കുടുംബങ്ങളുടെ അകത്തളങ്ങളും സുരക്ഷിതമല്ല. യുവതലമുറയെ ദോഷകരമായി ബാധിക്കുന്ന മദ്യമയക്കുമരുന്ന് ഉപയോഗത്തിനെതിരെ സമൂഹ മനഃസാക്ഷി ഉയരണം. ലഹരി വിദ്യാബോധവൽക്കരണത്തിനായി സർക്കാർ കോടികൾ ചെലവഴിച്ചിട്ടും വിമുക്തി പ്രാപിക്കാതെ കേരളം തേങ്ങുകയാണ്. ലഹരിക്കടിമപ്പെട്ട് കൊടും ക്രിമിനലുകൾ ആകുന്നവരുടെയും, ആത്മഹത്യ ചെയ്യുന്നവരുടെയും എണ്ണം ഓരോ ദിവസവും വർദ്ധിച്ചു വരുന്നു. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളും മറ്റ് സംവിധാനങ്ങളും ഇതിനെതിരെ കർമ്മപദ്ധതികൾ ആവിഷ്കരിക്കണം. സർക്കാർ സാമ്പത്തിക സ്രോതസ്സായി കരുതി കൂടുതൽ മദ്യശാലകൾ തുറന്നും, ബിവറേജ് ഔട്ട്ലെറ്റുകളുടെ എണ്ണം വർ

ധിപ്പിച്ചും ഐ.ടി പാർക്കുകളിൽ പമ്പുകൾ സ്ഥാപിച്ചും പുതിയ മദ്യോപാദന കേന്ദ്രങ്ങൾക്ക് അനുമതി നൽകിയും മുന്നേറുമ്പോൾ, സമൂഹം ഒറ്റക്കെട്ടായി ഈ സാമൂഹ്യവിപത്തിനെതിരെ പോരാടണം.

ഈ പശ്ചാത്തലത്തിൽ 2025 ഫെബ്രുവരി 24ന് (ബുധനാഴ്ച) കോട്ടയം ലൂർദ് ഫൊറോന പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്ന മദ്യവിരുദ്ധ സമ്മേളനത്തിന്റെ പ്രസക്തി വളരെ വലുതാണ്. കേരളത്തിലെ 32 രൂപതകളിൽ നിന്നുള്ള മദ്യവിരുദ്ധപ്രവർത്തകരും യുവതി യുവാക്കളും ഈ സമ്മേളനത്തിൽ പങ്കുചേരണം കോട്ടയം പട്ടണത്തോടുത്തുള്ള അതിരൂപത-രൂപതകളിൽ നിന്നും സാധിക്കുന്ന എല്ലാവരും പ്രസ്തുത സെമിനാറിലും സമ്മേളനത്തിലും വന്നു സംബന്ധിക്കണമെന്ന അഭ്യർത്ഥിക്കുന്നു. 16-ാം തീയതി രാവിലെ 9 ന് ആരംഭിക്കുന്ന സമ്മേളനം വൈകുന്നേരം 4ന് സമാപിക്കുന്നതാണ്. ശ്രീ. മേജർ രവി, ആർച്ച് ബിഷപ്പ് മാർ തോമസ് തറയിൽ, അഭിവന്ദ്യ മാർ ജോസഫ് പുളിക്കൽ, പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ, വന്ദ്യ പിതാക്കന്മാർ, സാമൂഹ്യരാഷ്ട്രീയ നേതാക്കന്മാർ തുടങ്ങിയവർ സമ്മേളനത്തിന്റെ മുഖ്യ അതിഥികൾ ആയിരിക്കും. സഭയും സമൂഹവും അഭിമുഖീകരിക്കുന്ന ഈ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഇടവകകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പരമാവധി ആളുകളെ ഈ സമ്മേളനത്തിൽ പങ്കെടുപ്പിക്കണമെന്ന് താല്പര്യപ്പെടുന്നു.

എന്ന് മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് യൂഹാനോൻ മാർ തെയഡോഷ്യസ്**
ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ

**ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ

**ബിഷപ്പ് ക്രിസ്തുദാസ്**
വൈസ് ചെയർമാൻ, കെ.സി.ബി.സി മദ്യവിരുദ്ധ കമ്മീഷൻ,

---

***N B:-** അന്വേഷണങ്ങൾക്ക് ബന്ധപ്പെടാനുള്ള നമ്പർ*
റവ. ഫാദർ ജോൺ അരിക്കൽ - 9447022347
ശ്രീ. പ്രസാദ് കുരുവിള - 9446084461

# രൂപതാകച്ചേരി വാർത്തകൾ

**1. സ്നേഹസ്മരണ**

ഫെബ്രുവരി 1-ാം തീയതി ബഹു. ജോസഫ് മഞ്ചുവള്ളിൽ അച്ചന്റെയും, 7-ാം തീയതി ബഹു. പീറ്റർ ചെറുകരമുട്ടം അച്ചന്റെയും 15-ാം തീയതി ബഹു. ജെയിംസ് കരോട്ടച്ചന്റെയും മാർച്ച് 3-ാം തീയതി ബഹു. ജോർജ്ജ് മൂലയിൽ അച്ചന്റെയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിലും വി. ബലികളിലും ഓർമ്മിക്കാം.

**2. തിരുബാലസഖ്യദിനം - ഫെബ്രുവരി 9**

ഫെബ്രുവരി 9-ാം തിയതി തിരുബാലസഖ്യദിനമായി ആചരിക്കുന്നു. അന്നേ ദിവസത്തെ സ്തോത്രക്കാഴ്ച തിരുബാലസഖ്യ പ്രവർത്തനങ്ങൾക്കായി അയച്ചുകൊടുക്കാൻ രൂപതാ കേന്ദ്രത്തിലേയ്ക്ക് എത്തിക്കുമല്ലോ.

**3. യുവവൈദികരുടെ ഓൺഗോയിംങ് ഫോർമേഷൻ കോഴ്സ്**

മാനന്തവാടി രൂപതയിലെ യുവ വൈദികർക്കുവേണ്ടിയുള്ള ഓൺ ഗോയിംങ് ഫോർമേഷൻ കോഴ്സ് 2025 ഫെബ്രുവരി 13 മുതൽ 15 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നതായിരിക്കും. ഫെബ്രുവരി 13 ന് വൈകിട്ട് 6 മണിക്ക് ആരംഭിച്ച് 15 നു ഉച്ചയ്ക്ക് അവസാനിക്കുന്നതായിരിക്കും. കോഴ്സ് നയിക്കുന്നത് ചങ്ങനാശ്ശേരി അതിരൂപതാംഗവും ധ്യാന ഗുരുവുമായ ബഹു. ജിസൻപോൾ വേങ്ങാശ്ശേരി അച്ചനാണ്.

കോഴ്സിൽ പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് കഴിഞ്ഞ മാസത്തെബുള്ളറ്റിനിൽ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ. കോഴ്സിൽ പങ്കെടുക്കുന്നതിൽ നിന്നും ആർക്കും ഒഴികഴിവ് അനുവദിക്കുന്നതല്ല. അതിനാൽ വ്യക്തിപരമായ കാര്യങ്ങളും, ഇടവക

യിലെയോ, സ്ഥാപനങ്ങളിലെയോ, സംഘടനകളിലെയോ കാര്യങ്ങളൊക്കെ മുൻകൂട്ടി ക്രമീകരിച്ച് കോഴ്സിൽ സംബന്ധിക്കേണ്ടതാണ്.

**4. പ്രസ്ബിറ്ററൽ കൗൺസിൽ**

വൈദിക സമിതിയുടെ ഒരു യോഗം 2025 മാർച്ച് 11 ചൊവ്വാഴ്ച്ച രാവിലെ 10:30 മുതൽ 1:00 മണിവരെ ബിഷപ്പ്സ് ഹൗസിൽ വെച്ചു ചേരുന്നതാണ്. അംഗങ്ങൾക്ക് ക്ഷണക്കത്തുകൾ അയക്കുന്നതാണ്.

**5. വൈദിക സമ്മേളനം (Priests' Conference)**

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും ഒരു സമ്മേളനം (Priests' Conference) 2025 മാർച്ച് 20 വ്യാഴാഴ്ച്ച രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 1.00 വരെ ദ്വാരക കോർപ്പറേറ്റ് ഓഡിറ്റോറിയത്തിൽ ചേരുന്നതാണ്. എല്ലാ വൈദികരും അന്നത്തെ സമ്മേളനത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**6. അഭിനന്ദനങ്ങൾ**

റോമിലെ റെജീന അപ്പസ്തോലോരും യൂണിവേഴ്സിറ്റിയിൽനിന്ന് ഉയർന്നമാർക്കോടെ ലിറ്റർജിയിൽ ഡോക്റ്ററേറ്റ് നേടി രൂപതയിലേക്ക് തിരിച്ചെത്തിയ ബഹു. രജീഷ് കറുത്തേടത്ത് അച്ചനും, റോമിലെ പൊന്തിഫിക്കൽ സലേഷ്യൻ യൂണിവേഴ്സിറ്റിയിൽ നിന്ന് കാറ്റക്കിസത്തിൽ പ്രശംസനീയമായ വിധം ലൈസൻഷ്യേറ്റ് പൂർത്തിയാക്കി രൂപതയിലേക്ക് തിരിച്ചെത്തിയ ബഹു. ഷിജോ വേനക്കുഴി അച്ചനും രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ! പുതിയ സേവന മേഖലകളിൽ എല്ലാ വിജയങ്ങളും നേരുന്നു.

**7. പ്രാർത്ഥനാശംസകൾ**

മാനന്തവാടി: വിൻസെഷ്യൻ സന്യാസിനീ സമൂഹത്തിന്റെ പുതിയ മദർ ജനറൽ ആയി വീണ്ടും തെരഞ്ഞെടുക്കപ്പെട്ട ബഹു. സി. ഫിലോ SCV ക്കും പുതിയ ടീം അംഗങ്ങൾക്കും രൂപതാ കുടും

ബത്തിന്റെ അഭിനന്ദങ്ങളും പ്രാർത്ഥനകളും ഹൃദയപൂർവ്വം നേരുന്നു.

**8. ഓഡിറ്റിങ്ങ്**

പ്രിയമുള്ളവരേ, നമ്മുടെ രൂപതയിലെ 2024-2025 വർഷത്തെ എല്ലാ ഇടവകകളുടെയും, സ്ഥാപനങ്ങളുടെയും ഓഡിറ്റിംഗ് ഏപ്രിൽ 22-ാം തിയ്യതി മുതൽ മെയ് 3-ാം തിയ്യതി വരെ നടത്തപ്പെടുന്നതാണ്. ഇടവകകളുടെ ഓഡിറ്റിംഗ് ഏപ്രിൽ 22-ാം തിയ്യതി മുതൽ മെയ് 3 വരെയും, സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും ഓഡിറ്റിംഗ് (FC& General) മെയ് 1, 2 തിയ്യതികളിലുമാണ് ക്രമീകരിച്ചിരിക്കുന്നത്. മറ്റു വിവരങ്ങൾ അടുത്ത മാസത്തെ ബുള്ളറ്റനിൽ അറിയിക്കുന്നതാണ്. ഓഡിറ്റിങ്ങിനു വേണ്ട ക്രമീകരണങ്ങൾ ചെയ്യാൻ ശ്രദ്ധിക്കുമല്ലോ.

**മാർ അലക്സ് താരാമംഗലം**
(സഹായമെത്രാൻ)

## പടിസാധനം

Prot. No. 29966/2024 27 th December 2024

### അറിയിപ്പ്

കേരള കത്തോലിക്കാ മെത്രാൻ സമിതി (കെ. സി. ബി. സി) യും തലശ്ശേരി മെത്രാപ്പോലിത്തൻ അതിരൂപതയുടെ സാമന്ത രൂപതകളുടെ ബഹുമാനപ്പെട്ട പ്രോട്ടോ സിൻചെല്ലൂസ്മാർ, സിൻചെല്ലൂസ്മാർ എന്നിവരുടെയും ചർച്ചകളിൽ ഉരുത്തിരിഞ്ഞു വന്നതിൻ പ്രകാരം തിരുക്കർമ്മങ്ങളുടെ (പടിസാധനം) പുതുക്കിയ ധർമ്മം ചുവടെ ചേർക്കുന്നു. വി. കുർബ്ബാനയുടേത് ഒഴികെ യുള്ള മറ്റ് തിരുക്കർമ്മങ്ങളുടേത് 2025 ജനുവരി ഒന്നു മുതലും കുർബ്ബാന ധർമ്മത്തിന്റെത് 2025 ഏപ്രിൽ ഒന്നു മുതലുമാണ് നിലവിൽ വരുന്നത്.

### പുതുക്കിയ നിരക്ക്

| ഇനങ്ങൾ | നിരക്ക് | കാർമ്മികന് | കപ്യാർക്ക് | പള്ളിക്ക് |
|---|---|---|---|---|
| സാധാരണ കുർബ്ബാന | 150 | 150 | ---- | ---- |
| ആഘോഷമായ കുർബ്ബാന | 250 | 210 | 40 | ---- |
| റാസ കുർബ്ബാന | 1500 | 700 സഹകാർമ്മി കർക്ക് 350X2 | 100 | --- |
| ഗ്രിഗോറിയൻ കുർബ്ബാന | 7500 | 7500 | ---- | ----- |
| നിത്യകുർബ്ബാന | 10000 | നിലവിലുള്ള കുർബ്ബാന ധർമ്മത്തിന്റെ ഇരട്ടി | ---- | 10000 F D ആയി നിക്ഷേ പിക്കണം |
| കഴുന്ന്, മുടി, അടിമ | 50 | ---- | ---- | 50 |
| ഒപ്പീസ് (പള്ളിയിൽ) | 30 | 20 | 10 | ---- |
| ഒപ്പീസ് (സിമിത്തേരിയിൽ) | 50 | 30 | 20 | --- |
| നൊവേന | 150 | --- | --- | 150 |
| ലദീഞ്ഞ് | 100 | --- | --- | 100 |

**മാർ അലക്സ് താരാമംഗലം** (സഹായമെത്രാൻ)

## പ്രത്യേക ശ്രദ്ധയ്ക്ക്

രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ട പൊതുപിരിവുകളും വിവിധ സംഘടനകൾക്ക് കൊടുക്കേണ്ട പിരിവുകളും താഴെ കൊടുത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിലൂടെ ട്രാൻസ്ഫർ ചെയ്യാവുന്നതാണ്. പണം അടച്ചുകഴിയുമ്പോൾ വിശദവിവരങ്ങൾ ബിഷപ്സ് ഹൗസ് ഓഫീസിൽ അറിയിക്കേണ്ടതാണ്.

### BANK ACCOUNT DETAILS OF DIOCESE OF MANANTHAVADY

| No | Item | Account Details |
|---|---|---|
| 1.<br>2.<br>3.<br>4.<br>5.<br>6.<br>7.<br>8.<br>9.<br><br>10.<br>11. | JESUS FRATERNITY<br>BIBLE SUNDAY<br>GOOD FRIDAY<br>HOLY CHILDHOOD<br>JUSTICE SUNDAY<br>MISSION SUNDAY<br>PESAHA PRIEST<br>SYRO MALABARDAY<br>SYRO MALABAR - MISSION SUNDAY<br>PETERS PENCE<br>SOFTWARE | **Account Name:** THE ROMAN CATHOLIC, DIOCESE OF MANANTHAVADY<br>**Account Number:** 0605053000000001<br>**IFSC:** SIBL0000605<br>**Bank Name:** SOUTH INDIAN BANK<br>**Branch:** MANANTHAVADY |
| 12. | EDUCATION AID | **A/C Name:** Secretary<br>**A/C No:** 0063 02154100 190001<br>**Bank:** CSB Bank<br>**Branch:** Mananthavady<br>**IFSC code:** CSBK0000063 |
| 13. | SEMINARY FORMATION | **A/C Name:** The Roman Catholic Diocese of Mananthavady<br>**A/C No.:** 0605053000008384<br>**Name of the Bank:** South Indian<br>**Bank Branch:** Mananthavady<br>**IFS Code:** SIBL0000605 |

| | | |
|---|---|---|
| 14. | CATECHETICAL SUNDAY | **A/C Name:** Catechetical Centre<br>**A/C No.:** 0063-03680975-190002<br>**Bank:** CSB Bank<br>**Branch:** Mananthavady<br>**IFS Code:** CSBK0000063 |
| 15. | COMMUNICATION MEDIA | **A/C Name:** Director Media Commission<br>**A/C No:** 47512200041588<br>**Bank:** Canarabank<br>**Branch:** Nalloornad<br>**IFS Code:** CNRB0014751 |
| 16. | ANTI ALCHOHOLIC | **A/C Name:** KCBC Madyavirudhasamithi<br>**A/C No:** 0063 02155302 190001<br>**Bank:** CSB Bank<br>**Branch:** Mananthavady<br>**IFS Code:** CSBK0000063 |
| 17. | YOUTH DAY | **A/C Name:** Director KCYM<br>**A/C No:** 0063 02152928 190001<br>**Bank:** CSB Bank<br>**Branch:** Mananthavady<br>**IFS Code:** CSBK0000063 |
| 18. | SNEHANIDHI | **A/C Name:** Social service centre Snehanidhi<br>**A/C No:** 0605073000000546<br>**Bank:** South Indian Bank<br>**Branch:** Mananthavady<br>**IFS Code:** SIBL0000605 |
| 19. | MUTUAL AID FUND (10% CONTRIBUTION) | **A/C Name:** The Roman Catholic Diocese of Mananthavady<br>**A/C No:** 0605053000010177<br>**Bank:** South Indian Bank<br>**Branch:** Mananthavady<br>**IFS Code:** SIBL0000605 |
| 20. | | PPF A/C Name : Priest Provident Fund |

| | | |
|---|---|---|
| | | **A/C No:** 0063 02151971 190001<br>**Bank:** CSB Bank<br>**Branch:** Mananthavady<br>**IFS Code:** CSBK0000063 |
| 21. | MASS INTENTION | **A/C:Name:** Vicar General<br>**A/C No:** 0063 02151838 190001<br>**Bank:** CSB Bank<br>**Branch:** Mananthavady<br>**IFS Code:** CSBK0000063 |

**ഫാ. ജോസ് കൊച്ചറയ്ക്കൽ**

പ്രൊക്കുറേറ്റർ മാനന്തവാടി രൂപത

## ജനുവരിമാസത്തിലെ കുടുംബകൂട്ടായ്മകളിലെ പഠന വിഷയം
## വിശുദ്ധവത്സരവും ദണ്ഡവിമോചനങ്ങളും

ജനുവരി മാസത്തെ രൂപതാ ബുള്ളറ്റിനിലൂടെ അറിയിച്ചതുപോലെ ഈശോയുടെ ജനനത്തിന്റെ 2025-ാം വർഷം ജൂബിലി വർഷമായി ആഗോള സഭ ആചരിക്കുകയാണ്. റോമിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കയിൽ 2024 ഡിസംബർ 24-ാം തീയതി വൈകുന്നേരം ക്രിസ്തുമസ് കുർബാന അർപ്പിച്ചതിനുശേഷം ആ ദൈവാലയത്തിന്റെ പ്രധാന കവാടത്തിന് സമീപമുള്ള വിശുദ്ധ വാതിൽ തുറന്നുകൊണ്ട് പരിശുദ്ധപിതാവ് ജൂബിലി വർഷം ഉദ്ഘാടനം ചെയ്തു. റോമിൽ ഇത് സമാപിക്കുന്നത് 2026 ജനുവരി 6 ന് ദനഹാതിരുനാൾ ദിനത്തിൽ ഈ വിശുദ്ധ വാതിൽ അടയ്ക്കുമ്പോഴാണ്. എന്നാൽ ലോകം മുഴുവനിലുമുള്ള രൂപതകളിൽ വിശുദ്ധ വത്സരത്തിന്റെ ഉദ്ഘാടനം 2024 ഡിസംബർ 29 -ാം തിയ്യതി രൂപതാമെത്രാൻ കത്തീഡ്രൽ പള്ളിയിൽ വി. കുർബാനയർപ്പിച്ച് ആ ദൈവാലയത്തിന്റെ പ്രധാനകവാടം തുറക്കുന്നത് വഴിയാണ്. രൂപതകളിൽ ജൂബിലിവർഷം സമാപിക്കുന്നത് 2025 ഡിസംബർ 28-ാം തീയതിയായിരിക്കും. ഓരോ 25-ാം വർഷവും ഈശോയുടെ ജനനത്തിന്റെ ജൂബിലിവർഷമായി ആചരിക്കണമെന്ന് പ്രഖ്യാപിച്ചത് 1470ൽ പോൾ രണ്ടാമൻ മാർപാപ്പയാണ്. തുടർന്ന് 1475 മുതൽ ഓരോ 25 വർഷം കൂടുമ്പോഴും കത്തോലിക്കാ സഭയിൽ ഈ ജൂബിലി ആചരിച്ചു വരുന്നു.

സഭാമക്കളുടെ മേൽ സമൃദ്ധമായ ദൈവകൃപ വർഷിക്കപ്പെടുന്ന വിശുദ്ധവത്സരമാണ് ജൂബിലി വർഷം. നമ്മുടെ ജീവിത നവീകരണത്തിനും വിശുദ്ധീകരണത്തിനും ജൂബിലി വർഷാചരണം പ്രത്യേകമായി സഹായിക്കുന്നതിനാലാണ് കത്തോലിക്കാ സഭാ ഈ പതിവ് ആരംഭിച്ചത്. ലോകരക്ഷകനായ ഈശോയുടെ മനുഷ്യാവതാരം, സുവിശേഷ പ്രഘോഷണം, പീഡാനുഭവം, കുരിശുമരണം എന്നിവയുടെയും വിശുദ്ധരുടെ ത്യാഗങ്ങൾ, സഹനങ്ങൾ, സത്പ്രവർത്തികൾ, പ്രാർത്ഥന ഇവയുടെയും ഫലങ്ങൾ ഓരോ തലമുറയിലുമുള്ള സഭാ മക്കൾക്ക് ലഭ്യമാകുന്ന അമൂല്യമായ അവസരമാണ് ജൂബിലി വർഷം. ഇതിനാലാണ് പൂർണ്ണ ദണ്ഡവിമോചനം പ്രാപിക്കാൻ ഈ വിശുദ്ധവത്സരം മുഴുവൻ നമുക്ക് സാധിക്കുന്നത്. അത് നമുക്കുവേണ്ടിയും ശുദ്ധീകരണ സ്ഥലത്തുള്ള ആത്മാക്കൾക്കു വേണ്ടിയും പ്രയോജനപ്പെടുത്താവുന്നതാണ്.

ദണ്ഡവിമോചനത്തിന്റെ അർത്ഥം, അതിന്റെ പ്രയോജനം ഇവയെപ്പറ്റി കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിലും വി. പോൾ ആറാമൻ മാർപാപ്പയുടെ ദണ്ഡവിമോചനത്തെപ്പറ്റിയുള്ള പ്രത്യേക പ്രബോധനത്തിലും വിവരിച്ചിട്ടുണ്ട്. ഇവയെ ആധാരമാക്കി 1999 ൽ ദണ്ഡവിമോചനത്തെപ്പറ്റി വളരെ വിശദമായി വത്തിക്കാൻ ഒരു മാനുവൽ പ്രസിദ്ധീകരിച്ചിരുന്നു. കൂടാതെ 2025 ലെ ജൂബിലി വർഷത്തിൽ കത്തോലിക്കാ സഭാംഗങ്ങൾക്ക് ദണ്ഡവിമോചനം പ്രാപിക്കാനുള്ള മാർഗ്ഗങ്ങളെപ്പറ്റി പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ 2024 മെയ് മാസം 13-ാം തീയതി ഒരു ഡിക്രിയിലൂടെയും വിശദീകരിച്ചിട്ടുണ്ട്.

പാപം ദൈവകല്പന ലംഘിക്കുന്നതാണ്. മനുഷ്യന്റെ നന്മക്കും നിത്യജീവൻ പ്രാപിക്കുന്നതിനും വേണ്ടി നല്കപ്പെട്ട ദൈവകല്പനകൾ ലംഘിക്കുന്നതുവഴി മനുഷ്യനും ദൈവവുമായും മനുഷ്യർ പരസ്പരവുമുള്ള സൗഹൃദം നഷ്ടപ്പെടുന്നു. വി. പോൾ ആറാമൻ മാർപാപ്പയുടെ പ്രബോധനമനുസരിച്ച് ദൈവത്തിന്റെ നീതിയും പരിശുദ്ധിയും പാപത്തിന് തക്ക ശിക്ഷ ആവശ്യപ്പെടുന്നുണ്ട്. ആദിമാതാപിതാക്കൾ പാപം ചെയ്തപ്പോൾ അവർ ശിക്ഷിക്കപ്പെട്ടു (ഉൽപ.13:14-19). ഇസ്രായേലിന്റെ നേതാക്കളായിരുന്ന മോശയും അഹറോനും ദൈവഹിതത്തിന് വിരുദ്ധമായി പ്രവർത്തിച്ചതിനാൽ, ''ഈ ജനത്തിനു കൊടുക്കുന്ന ദേശത്ത് അവരെ എത്തിക്കുന്നത് നിങ്ങളായിരിക്കുകയില്ല'' (സംഖ്യ 12:20) എന്ന് ദൈവം അവരോട് അരുളിച്ചെയ്തു. പാപത്തിന് രണ്ടുവിധത്തിലുള്ള ശിക്ഷകളുണ്ട്. ഗൗരവമായ പാപത്തിൽ തുടർന്നുകൊണ്ട് മരിക്കുന്നവർ നിത്യശിക്ഷക്ക് (eternal punishment) വിധേയരാകും. അന്തിമവിധിയും (മത്താ. 25:41-46) ധനവാന്റെയും ലാസറിന്റെയും ഉപമയും (ലൂക്ക 16:19-26) ഇതു വ്യക്തമാക്കുന്നു. എന്നാൽ ഗൗരവപാപമുണ്ടായിരുന്നെങ്കിലും അനുരഞ്ജന കൂദാശയിലൂടെ പാപമോചനം ലഭിച്ചവർക്ക് നിത്യമായശിക്ഷ നേരിടേണ്ടിവരുന്നില്ലെങ്കിലും കാലികമായ (temporal) ശിക്ഷ അനുഭവിക്കണമെന്നത് ദൈവനീതി ആവശ്യപ്പെടുന്നു. ഇങ്ങനെ ദൈവം നിശ്ചയിക്കുന്ന സമയം വരെയുള്ള ശിക്ഷയാണ് ശുദ്ധീകരണസ്ഥലമെന്ന അവസ്ഥയിൽ മരിച്ച വ്യക്തിയുടെ ആത്മാവ് അനുഭവിക്കേണ്ടിവരുന്നത്. ഇതിൽ നിന്നും പൂർണ്ണമായ ഇളവുകിട്ടുന്നതിനെയാണ് പൂർണ്ണദണ്ഡവിമോചനമെന്നു സഭ പഠിപ്പിക്കുന്നത്. ഇതിനെപ്പറ്റി കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്

ഇങ്ങനെയാണ്: ''(അനുരഞ്ജന കൂദാശയിലൂടെ മോചിക്കപ്പെട്ട) പാപങ്ങളുടെ കാലിക ശിക്ഷയിൽ നിന്നും (Temporal punishment) ദൈവതിരുമുമ്പാകെയുള്ള ഇളവുചെയ്യലാണ് ദണ്ഡവിമോചനം; നിർദ്ദിഷ്ടമായ ചില വ്യവസ്ഥകൾ പാലിച്ചുകൊണ്ട് തക്ക മനോഭാവമുള്ള ക്രിസ്തീയ വിശ്വാസി അത് നേടിയെടുക്കുന്നു. വീണ്ടെടുപ്പിന്റെ ശുശ്രൂഷിക എന്ന നിലയിൽ ക്രിസ്തുവിന്റേയും വിശുദ്ധരുടെയും പരിഹാരകർമ്മങ്ങളുടെ നിക്ഷേപത്തെ അധികാരത്തോടെ വിതരണം ചെയ്യുകയും വിനിയോഗിക്കുകയും ചെയ്യുന്ന സഭയുടെ പ്രവൃത്തിയിലൂടെയാണ് വിശ്വാസി ദണ്ഡവിമോചനം പ്രാപിക്കുന്നത് (CCC 1471). അനുരഞ്ജനകൂദാശയിലൂടെ പാപമോചനം ലഭിച്ചാലും വ്യക്തിയുടെ വിശുദ്ധീകരണം പൂർണ്ണമാകുന്നില്ല. ജീവിതകാലത്ത് ''എല്ലാത്തരത്തിലുമുള്ള കഷ്ടതകളും പരീക്ഷകളും ക്ഷമാപൂർവ്വം സഹിക്കുന്നതും മരണത്തിന്റെ ക്ലേശങ്ങളെ ശാന്തതയോടെ നേരിടുന്നതും പാപങ്ങൾക്ക് പരിഹാരമെന്നനിലയിൽ ദൈവം പരിഗണിക്കും. കൂടാതെ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പ്രവൃത്തികൾ, പ്രാർത്ഥന, പരിഹാരകർമ്മങ്ങൾ ഇവയും വ്യക്തിയുടെ വിശുദ്ധീകരണത്തിന് സഹായിക്കുന്നു. ഇങ്ങനെ ജീവിതകാലത്തുതന്നെ വലിയ പാപികൾക്കുപോലും ആഴമായ മാനസാന്തരത്തിലൂടെയും പരിഹാരപ്രവൃത്തികളും പുണ്യങ്ങൾ സ്ഥിരമായി അഭ്യസിച്ചും ഉന്നതമായ വിശുദ്ധിപ്രാപിക്കാൻ സാധിക്കും'' (CCC 1473). ദൈവതിരുമുമ്പിൽ ഇക്കാര്യങ്ങളിലെ കുറവുകളാണ് മരണശേഷം ശുദ്ധീകരണ സ്ഥലത്തെ സഹനങ്ങളിലൂടെ പരിഹരിക്കപ്പെടുന്നതും വ്യക്തിയുടെ വിശുദ്ധീകരണം പൂർണ്ണമാകുന്നതും.

പാപഫലമായി ഒരു വ്യക്തി തനിക്കും, പൊതു സമൂഹത്തിനും വരുത്തിയ പ്രത്യാഘാതങ്ങൾ ആ വ്യക്തിയുടെ കഴിവുകൊണ്ടു മാത്രം പരിഹരിക്കാൻ സാധിക്കാറില്ല. ദണ്ഡവിമോചനം വഴി ക്രിസ്തുവിന്റെ മൗതിക ശരീരമാകുന്ന സഭാംഗങ്ങൾ എല്ലാവരുടേയും നന്മയിലും വിശുദ്ധിയിലും ഭാഗഭാഗിത്വം ലഭിക്കുന്നതു വഴി ഒരു വ്യക്തിയുടെ കുറവ് മറ്റുള്ളവരുടെ നന്മയിലൂടെ നികത്തപ്പെടുന്നു. സകല മനുഷ്യരുടെയും പാപങ്ങൾക്ക് പരിഹാരം ചെയ്ത ക്രിസ്തുവിന്റേയും പരിശുദ്ധ ദൈവമാതാവിന്റെയും സകലവിശുദ്ധരുടെയും പുണ്യപ്രവൃത്തികളുടെ പങ്ക് ഓരോ വിശ്വാസിക്കും ദണ്ഡവിമോചനത്തിലൂടെ തിരുസഭ ലഭ്യമാക്കുന്നു.

**ദണ്ഡവിമോചനം പ്രാപിക്കുന്നതിനുള്ള വ്യവസ്ഥകൾ താഴെ പറയുന്നവയാണ്:**

1. മാമ്മോദീസാ സ്വീകരിച്ചവരും സഭയുടെ കൂട്ടായ്മയിൽ തുടരുന്നവരുമായിരിക്കണം.

2. കുമ്പസാരത്തിലൂടെ പാപമോചനം ലഭിച്ചവരും ദണ്ഡവിമോചനത്തിനുവേണ്ട നന്മപ്രവർത്തി ചെയ്യുന്ന സമയത്ത് ഗൗരവമായ പാപാവസ്ഥയിൽ അല്ലാത്തവരും (പ്രസാദവരാവസ്ഥയിലായിരിക്കണം) വിശുദ്ധ കുർബ്ബാനയിൽ പങ്കെടുത്ത് വിശുദ്ധ കുർബ്ബാന സ്വീകരിക്കണം.

3. ദണ്ഡ വിമോചനത്തിനാവശ്യമായ നന്മപ്രവർത്തി ചെയ്യുമ്പോൾ തനിക്കുവേണ്ടിയോ മരിച്ചവർക്ക് വേണ്ടിയോ ദണ്ഡവിമോചനം നേടണമെന്ന നിയോഗത്തോടെയായിരിക്കണം (ഉദാ: ഒരു തീർത്ഥാടന ദേവാലയത്തിൽ പോയി പ്രാർത്ഥിക്കുമ്പോൾ ഈ നിയോഗം വേണം).

4. മാർപ്പാപ്പയുടെ നിയോഗത്തിന് വേണ്ടി ഒരു സ്വർഗ്ഗസ്ഥനായ... ഒരു നന്മ നിറഞ്ഞ മറിയം... ഒരു ത്രിത്വസ്തുതി ഇവ ചൊല്ലി കാഴ്ച വയ്ക്കണം.

5. മനസിൽ ആരോടും വെറുപ്പും വിദ്വേഷവും ഉണ്ടായിരിക്കരുത്.

6. തഴക്കദോഷങ്ങളും പാപസാഹചര്യങ്ങളും ഉപേക്ഷിക്കാനുള്ള ഉറച്ച തീരുമാനം അത്യാവശ്യമാണ്.

**ജൂബിലി വർഷത്തിൽ പൂർണ്ണ ദണ്ഡവിമോചനം പ്രാപിക്കാനുള്ള മാർഗ്ഗങ്ങൾ**

ഒരാൾക്ക് ദിവസത്തിൽ തനിക്കുവേണ്ടി ഒരു പൂർണ്ണ ദണ്ഡവിമോചനം മാത്രമാണ് സാധാരണയായി പ്രാപിക്കാൻ സാധിക്കുന്നത്. എന്നാൽ ഒരു പൂർണ്ണ ദണ്ഡവിമോചനം പ്രാപിച്ച വ്യക്തി ആ ദിവസം തന്നെ രോഗീലേപനം സ്വീകരിച്ച് മരിക്കാനിടവന്നാൽ രണ്ടാമതും പൂർണ്ണ ദണ്ഡവിമോചനം ലഭിക്കുന്നതാണ്. മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള പൊതുവായ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് താഴെപ്പറയുന്ന നന്മ പ്രവർത്തികൾ വഴിയും പൂർണ്ണദണ്ഡവിമോചനം പ്രാപിക്കാവുന്നതാണ്.

1. ജൂബിലി വർഷത്തിൽ പ്രത്യേകമായി നിർദ്ദേശിച്ചിട്ടുള്ള തീർത്ഥാടന സ്ഥലത്തെത്തി വി. കുർബ്ബാനയിലോ, കുരിശിന്റെ വഴി പ്രാർത്ഥനയിലോ, യാമപ്രാർത്ഥനയിലോ, അര മണിക്കൂറെങ്കിലും വിശുദ്ധ കുർബ്ബാനയുടെ ആരാധനയിലോ, ജപമാല പ്രാർത്ഥ

നയിലോ പങ്കെടുത്ത് പരിശുദ്ധ പിതാവിന്റെ നിയോഗത്തിനായി പ്രാർത്ഥിക്കുകയും വിശ്വാസ പ്രമാണം ചൊല്ലുകയും ചെയ്യുക.

2. മൂന്ന് ദിവസമെങ്കിലും പൊതുവായ ധ്യാനത്തിൽ പങ്കെടുക്കുക.

3. വത്തിക്കാൻ പ്രമാണ രേഖകൾ, കത്തോലിക്കാ സഭയുടെ മത ബോധന ഗ്രന്ഥം ഇവയെപ്പറ്റിയുള്ള സെമിനാറിൽ പങ്കെടുക്കുന്നത്.

4. ശുദ്ധീകരണസ്ഥലത്തെ ആത്മാക്കൾക്ക് വേണ്ടി എന്തെങ്കിലും ഉപവി പ്രവർത്തി ചെയ്ത് ആ ദിവസം രണ്ടാം പ്രാവശ്യം വിശുദ്ധ കുർബ്ബാന സ്വീകരിച്ചാൽ ആ വ്യക്തിക്കു ലഭിക്കുന്ന രണ്ടാമത്തെ പൂർണ്ണ ദണ്ഡവിമോചനം മരിച്ചുപോയ ഒരാൾക്കുവേണ്ടി സമർപ്പിക്കാൻ സാധിക്കും.

5. ഉപവി പ്രവർത്തികളും കാരുണ്യ പ്രവർത്തികളും: തടവറയിലുള്ളവരെ സന്ദർശിച്ച് ആശ്വസിപ്പിക്കുന്നത്. അഗതി മന്ദിരങ്ങൾ സന്ദർശിച്ച് ശുശ്രൂഷ ചെയ്യുന്നത്. അവർക്ക് വേണ്ട വസ്തുക്കളോ സാമ്പത്തിക സഹായമോ നൽകുന്നത്. കിടപ്പാടമില്ലാത്തവർക്ക് അത് നൽകുന്നത് ദ്രോഹിച്ചവരോട് പൂർണ്ണമായും ക്ഷമിച്ച് രമ്യപ്പെടുന്നത്. വിശക്കുന്നവർക്ക് ഭക്ഷണം ദാനമായി കൊടുക്കുന്നത്. അർഹിക്കുന്നവർക്ക് വസ്ത്ര ദാനം ചെയ്യുന്നത്. രോഗികളെ സന്ദർശിച്ച് പ്രാർത്ഥിക്കുന്നതും ആശ്വസിപ്പിക്കുന്നതും. പാപാവസ്ഥയിൽ കഴിയുന്നവരെ പ്രാർത്ഥനയിലൂടെയും ഉപദേശത്തിലൂടെയും മാനസാന്തരത്തിലേക്ക് നയിക്കുന്നത്. ഇവയിലേതെങ്കിലും ഒന്നുകൊണ്ട് തന്നെ പൂർണ്ണ ദണ്ഡവിമോചനം പ്രാപിക്കാവുന്നതാണ്.

6. പരിഹാരപ്രവർത്തികൾ:

- വെള്ളിയാഴ്ച ദിവസം ഉപവസിക്കുന്നതും, ഭക്ഷണത്തിന്റെ തുക ദരിദ്രർക്ക് നൽകുന്നതും, മാധ്യമങ്ങളുടെ ദുരുപയോഗം ഒഴിവാക്കുന്നതും.
- പരസ്നേഹപ്രവർത്തികൾക്കായി ഏതാനും മണിക്കൂറുകളോ ഒരു ദിവസമോ ചെലവഴിക്കുന്നത്.
- അനാഥരായ കുട്ടികളേയും യുവജനങ്ങളേയും സഹായിക്കുന്നത്.

പൂർണ്ണ ദണ്ഡവിമോചനം പ്രാപിക്കുന്ന വ്യക്തിയോട് ദൈവവും സഭയും ആവശ്യപ്പെടുന്ന അതിപ്രധാനമായ കാര്യം പാപത്തിന്റെ പഴയമനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് മനസ്സിന്റെ നവീകരണം വഴി ക്രിസ്തുവിന്റെ സാദൃശ്യത്തിലുള്ള പുതിയ മനുഷ്യനെ ധരിക്കുക (എഫേ. 4:22-24) എന്നാണ്.

**റവ. ഫാ. പോൾ മുണ്ടോളിക്കൽ** (വികാരി ജനറാൾ)

### 2025 ഫെബ്രുവരി മാസത്തിലെ കുടുംബ കൂട്ടായ്മകളിലെ പഠന വിഷയം

# ഈശോയുടെ അനന്യത

(The Uniqueness of Christ)

---

**ആമുഖം**

ഈശോയെപ്പറ്റി ഒരു സാധാരണക്കാരൻ മനസിലാക്കുന്നത് എപ്രകാരമാണ്?
(കൂട്ടായ്മയിലുള്ളവരെക്കൊണ്ട് പറയിപ്പിക്കുക - മുപ്പത് വയസ്സുള്ള ചെറുപ്പക്കാരൻ - പാവപ്പെട്ട കുടുംബത്തിൽ ജനിച്ചവൻ - സാധാരണക്കാരൻ - വെറും തച്ചന്റെ മകൻ etc.)
ഈ സാധാരണക്കാരൻ പ്രഖ്യാപിക്കുകയാണ് അവൻ ദൈവമാണെന്ന് - ദൈവത്തിന്റെ പുത്രനാണെന്ന്.
**ഈശോയെ നമ്മൾ സൂക്ഷിച്ചു പരിശോധിക്കുമ്പോൾ ചില കാര്യങ്ങൾ മനസിലാകുന്നു:**
**ഈശോ ദൈവമാണ്:**
1. അത്ഭുതങ്ങൾ ചെയ്യുന്നവൻ: രോഗശാന്തി, ജലത്തിന് മുകളിലൂടെ നടക്കുക (അത്ഭുതങ്ങൾ കൊണ്ട് മാത്രമല്ല ഇശോയോട് ബഹുമാനം തോന്നുന്നത്; തോന്നേണ്ടത്)
2. അദ്ധ്യാപകൻ: മനോഹരമായി സംസാരിക്കുന്നവൻ - ദൈവരാജ്യത്തിന്റെ സത്യങ്ങളെ വിശദീകരിച്ചവൻ - നല്ല ഗുരു.
3. ഉയർന്ന ജീവിത നിലവാരം പഠിപ്പിച്ച ആൾ: പഠിപ്പിച്ചത് ജീവിച്ചു- നിങ്ങളിൽ ആർക്ക് എന്നിൽ കുറ്റം ആരോപിക്കാൻ കഴിയും.

ഈശോയെ അനേകം മനുഷ്യർക്കു ഇഷ്ടമാണ്, ലോകമതങ്ങൾക്ക് ഈശോയെ ഇഷ്ടമാണ്: റബ്ബി - ഗുരുവാണ് ഈശോ (യഹൂദർക്ക്), ഏറ്റവും വലിയ പ്രവാചകന്മാരിൽ രണ്ടാമത്തവനായി ഈശോയെ കാണുന്നു (മുസ്‌ലിം). അധ്യാപകനാണ് യേശു (ബുദ്ധമതക്കാർ)
**മുകളിൽപ്പറഞ്ഞവകൊണ്ട് ഈശോയുടെ അനന്യത പറയാൻ പറ്റില്ല.**

**എന്താണ് ഈശോയുടെ അനന്യത?**

(ഈശോയെപ്പോലെ അവിടുന്നു മാത്രം)

മനുഷ്യവംശത്തിൽ ഈശോയെപ്പോലെ മറ്റൊരാൾ ഉണ്ടായിട്ടില്ല; ഉണ്ടാകുകയുമില്ല. അവിടുത്തെ ജീവിതവും വാക്കുകളും

വ്യക്തിത്വവും സ്വാധീനവും ഈശോയുടെ അനന്യതയ്ക്ക് സാക്ഷ്യം വഹിക്കുന്നു. ഈശോയുടെ അനന്യത (Uniqueness) തിരിച്ചറിയുമ്പോൾ അവിടുന്നുമായുള്ള നമ്മുടെ വ്യക്തിപരമായ ബന്ധം വളരും. **നാലു തലങ്ങളിൽ** ഈശോയുടെ അനന്യത നമുക്കു തിരിച്ചറിയാം.

A. ഈശോയുടെ മനുഷ്യാവതാരം, B. ഈശോയുടെ പ്രബോധനങ്ങൾ, C. ഈശോയുടെ മാത്രം സവിശേഷതകൾ, D. ഈശോ ലോകത്ത് ചെലുത്തിയ സ്വാധീനം.

**A. ഈശോയുടെ മനുഷ്യാവതാരം**

**1. ഈശോയുടെ വരവിനുള്ള ഒരുക്കം:** അവിടുത്തെ അനന്യത നമുക്ക് വെളിവാക്കുന്നു. ദൈവം നൂറ്റാണ്ടുകളായി പ്രവാചകരിലൂടെ നടത്തിയ വെളിപാടുകളുടെ പൂർത്തികരണമായാണ് ഈശോ ജനിച്ചത്. അനേക നൂറ്റാണ്ടുകൾക്ക് മുൻപു മുതൽക്കേ ഒരു ജനനത്തെക്കുറിച്ച് ഒട്ടേറെ പ്രവചനങ്ങൾ... കൃത്യമായി അവ യാഥാർത്ഥ്യമാക്കി ആ ജനനം... മറ്റൊരു ജനനത്തിനും ഇങ്ങനൊരു ഒരുക്കമുണ്ടായിട്ടില്ല. നമ്മോടുള്ള സ്നേഹം മൂലമായിരുന്നു അത്.

**2. ഈശോയുടെ ജനനം:** ഇങ്ങനെ മറ്റൊരു ജനനമില്ല; നമ്മോടുള്ള സ്നേഹം മൂലമായിരുന്നു.

**3. ഈശോയുടെ രഹസ്യജീവിതം, പരസ്യജീവിതം:** വെളിപ്പെടുത്തപ്പെട്ടിരിക്കുന്നത് ഇത്രമാത്രമാണ്: രഹസ്യജീവിതകാലത്തേക്കുറിച്ച് നമുക്ക് ഈശോ തന്റെ മാതാപിതാക്കൾക്ക് വിധേയനായിരുന്നു (ലൂക്ക 2:51). ഈശോയുടെ പരസ്യജീവിതവും ഏതൊരു വ്യക്തിക്കും സ്വീകാര്യമായ മാതൃകയുമായിരുന്നു.

**4. ഈശോയുടെ പീഡാനുഭവം:** പാപികളായ മനുഷ്യർക്ക് വേണ്ടി ദൈവപുത്രൻ പീഡകൾ സഹിച്ചു എന്നത് അനന്യസംഭവമാണ്; നമ്മോടുള്ള സ്നേഹം മൂലമായിരുന്നു അത്.

**5. ഈശോയുടെ കുരിശുമരണം:** സകല മനുഷ്യർക്കും വേണ്ടി ഈശോ കുരിശിൽ മരണംവരിച്ചു. ജനനം പോലെ തന്നെ ഈശോയുടെ പീഡാനുഭവവും മരണവും പ്രവചനാനുസൃതമായിരുന്നു. അവിടുത്തെ കുരിശ് അവസാനമല്ല. ആരംഭമാണ്; അവിടുത്തെ മരണം തോൽവിയല്ല. വിജയമാണ്. ''ക്രിസ്തുവിന്റെ സഹനം ആവശ്യമില്ലാത്ത ഒരു മനുഷ്യനും ഉണ്ടായിരുന്നില്ല, ഇപ്പോഴില്ല.

ഇനി ഉണ്ടായിരിക്കുകയുമില്ല'' (CCC 605). എല്ലാം മുൻകൂട്ടി അറിഞ്ഞ ഈശോ സ്വതന്ത്രമനസോടെ വരിച്ച മരണമാണത്; നമ്മോടുള്ള സ്നേഹം മൂലമായിരുന്നു അത്.

**6. ഈശോയുടെ ഉത്ഥാനം:** മാനവചരിത്രത്തിൽ ഇന്നോളം മരിച്ച് അടക്കപ്പെട്ട്, സ്വയം ഉയിർത്തെഴുന്നേറ്റ ഏകവ്യക്തി ഈശോയാണ് (മത്താ. 28:1-10). ഉത്ഥിതനായ ഈശോ നല്കുന്നത് നിത്യജീവന്റെ ഉറപ്പാണ്. ഇത് ക്രിസ്തീയ പ്രത്യാശയുടെ ആധാരമാണ്. നമുക്കായി മരിച്ച ഈശോ നമുക്കായി ഉയിർത്തു. ഉത്ഥാനം ദൈവത്തിന്റെ പ്രവൃത്തിയാണ്; മറ്റൊരാൾക്കുമത് സാധ്യമല്ല; നമ്മോടുള്ള സ്നേഹം മൂലമായിരുന്നു അത്.

**7. ഈശോയുടെ സ്വർഗ്ഗാരോഹണവും രണ്ടാം വരവും:** സ്വർഗ്ഗാരോഹിതനും രണ്ടാമതും വരുന്നവനും അന്ത്യവിധി നടത്തുന്നവനുമായി ഈശോ മാത്രമാണുള്ളത്. നമ്മോടുള്ള സ്നേഹം മൂലമാണത്.

**B. ഈശോയുടെ പ്രബോധനങ്ങൾ (Teachings)**

ഒരു മഹാഗുരുവായിരുന്നു. ദൈവത്തെക്കുറിച്ചും മനുഷ്യരെക്കുറിച്ചും ജീവിതത്തെക്കുറിച്ചും അവിടുന്ന് പഠിപ്പിച്ചു. അധികാരത്തോടെയാണ് പഠിപ്പിച്ചത്. മറ്റെല്ലാവരും തങ്ങൾക്ക് വെളിപ്പെടുത്തപ്പെട്ടത് മാത്രം പഠിപ്പിച്ചപ്പോൾ ഈശോ തന്നെക്കുറിച്ച് തന്നെയാണ് പഠിപ്പിച്ചത്. താനുമായി ഒന്നായിരിക്കുന്ന പിതാവിനെക്കുറിച്ചാണ് പഠിപ്പിച്ചത്. താൻ നാഥനായിരിക്കുന്ന മനുഷ്യജീവിതത്തെക്കുറിച്ചാണ് പഠിപ്പിച്ചത്. (യോഹ. 3:13) അങ്ങനെ പഠിപ്പിക്കാൻ മറ്റാർക്കും കഴിയില്ല.

- അവിടുന്ന് നിയമത്തെയും പ്രവാചകന്മാരെയും നിഷേധിച്ചില്ല: പകരം, പൂർത്തികരിച്ചു. പത്തു കൽപ്പനകൾ ഓരോന്നും അവിടുന്ന് സ്നേഹത്തിന്റെ ഭാഷയിൽ വ്യാഖ്യാനിച്ചു പൂർത്തീകരിച്ചു. ഉപമകളിലൂടെയും കഥകളിലൂടെയും ലളിതമായാണ് അവിടുന്ന് പഠിപ്പിച്ചത്. എല്ലാവർക്കും മനസ്സിലാകുന്നതും സ്വീകാര്യവും ആയിരുന്നു അവിടുത്തെ പ്രബോധനങ്ങൾ. ഏതെങ്കിലും ഒരു മനുഷ്യസ്നേഹിക്കോ രാഷ്ട്രതന്ത്രജ്ഞനോ തത്വജ്ഞാനിക്കോ ശാസ്ത്രജ്ഞനോ തള്ളിക്കളയാൻ കഴിയുന്നതല്ല ഈശോയുടെ ഒരു വാക്കും. അങ്ങനെ ഈശോ മാത്രം.

- ശത്രുസ്നേഹം, ശുശ്രൂഷ, ചെറുതാകൽ, സുവിശേഷ ഭാഗ്യങ്ങൾ മുതലായവയുടെ ഒരു പുത്തൻ മൂല്യശ്രേണി (value system) ഈശോ അവതരിപ്പിച്ചു.

- ശക്തവും പ്രായോഗികവുമായ ധാർമികത (morality) ഈശോയുടെ പ്രബോധനങ്ങളുടെ സവിശേഷതയായിരുന്നു. മറ്റെല്ലാവരുടെയും ധാർമിക പ്രബോധനങ്ങൾ കാലികമായിരുന്നു. എന്നാൽ, ഈശോ പഠിപ്പിച്ചതൊക്കെ എക്കാലത്തും പ്രസക്തമാണ്. **ഈശോ അറിയിച്ച സുവിശേഷം പരിമിതികളില്ലാത്തതാണ്: എന്നേക്കും നിലനിൽക്കുന്നു: ഇത് അവിടുന്ന് ദൈവമായതു കൊണ്ട് മാത്രം സാധ്യമായതാണ്.**

**C. ഈശോയുടെ അനന്യസവിശേഷതകൾ**

ഈശോ പൂർണ്ണമനുഷ്യനും പൂർണ്ണദൈവവുമാണ്. ഏക രക്ഷകനാണ്.

**1. ഈശോ ദൈവമാണ്:** ഉത്ഥിതനായ കർത്താവിനെ കണ്ടപ്പോൾ മാർത്തോമ്മാശ്ലീഹാ നടത്തിയ ''എന്റെ കർത്താവേ, എന്റെ ദൈവമേ'' (യോഹ. 20:28) എന്ന വിശ്വാസപ്രഖ്യാപനം ഈശോയുടെ ദൈവത്വം ഏറ്റവും ശ്രേഷ്ഠമായ രീതിയിൽ വെളിപ്പെടുത്തുന്നു. ദൈവത്തിന്റെ നിത്യവചനവും മനുഷ്യാവതാരവുമായ മിശിഹാ ത്രിയേകദൈവത്തിലെ രണ്ടാം ആളായ ദൈവമാണ്. സുവിശേഷങ്ങളിലും ആദിമസഭയിലും സഭാചരിത്രത്തിലും നടന്നതും ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നതുമായ അത്ഭുതങ്ങൾ അവിടുത്തെ ദൈവത്വത്തിന് തെളിവാണ്. അന്ത്യവിധി നടത്തുന്നത് ഈശോ മിശിഹാ തന്നെയാണ് എന്നത് അവിടുത്തെ ദൈവത്വത്തിന്റെ വെളിപ്പെടുത്തലാണ് (മത്താ. 25:31 -46; യോഹ 5:22-23). ഈശോ മിശിഹാ ദൈവമാണെന്ന സത്യം മറ്റെല്ലാവരിൽനിന്നും അവിടുത്തെ വ്യത്യസ്തനാക്കുന്നു. ഈശോ പഠിപ്പിച്ചതും ഭൂമിയിൽ ജീവിച്ചുകാണിച്ചതും 'ദൈവം സ്നേഹമാണ് (1 യോഹ. 4:8) എന്നതാണ്. എല്ലാമനുഷ്യരെയും സ്നേഹിക്കുമ്പോഴാണ് നമ്മൾ ദൈവമക്കളാകുന്നത്.

**2. ഈശോ ദൈവപുത്രനാണ്:** ഈശോയുടെ ജ്ഞാനസ്നാന വേളയിൽ അവിടുന്ന് ദൈവപുത്രനാണെന്ന് സ്വർഗ്ഗസ്ഥനായ പിതാവ് വെളിപ്പെടുത്തി. ''ശിമയോൻ പത്രോസ് പറഞ്ഞു: നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആണ്. ഈശോ അവനോട് അരുളിച്ചെയ്തു: യോനായുടെ പുത്രനായ ശിമയോനേ, നീ ഭാഗ്യവാൻ മാംസരക്തങ്ങളല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവാണ് നിനക്ക് ഇത് വെളിപ്പെടുത്തിത്തന്നത്.'' (മത്താ.16:16-17).

**3. ഈശോ ലോകരക്ഷകൻ:** ഈശോയുടെ രക്ഷ മാനവകുലത്തിന് മുഴുവനുമുള്ളതാണ്. അതുകൊണ്ടാണ് ഈശോയെ ലോകരക്ഷകൻ എന്നു വിളിക്കുന്നത്. ''ഇതാ, സകലജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ...'' (ലൂക്കാ 2:10-11). മുമ്പും ഈശോയുടെ കാലത്തും അതിനുശേഷവുമുള്ള സകലമനുഷ്യർക്കും വേണ്ടി ലോകത്തിൽ വന്ന രക്ഷകനാണ് ഈശോമിശിഹാ. **ലോകത്തിലെ സകല തിന്മകളുടെയും ഭാരം ഏറ്റെടുത്ത് കുരിശിൽ പരിഹാര ബലിയായി സ്വജീവൻ അർപ്പിച്ചുകൊണ്ടാണ് അവിടുന്ന് ലോക രക്ഷകനായത്.**

**4. ഈശോ ഏകരക്ഷകൻ:** ലോകരക്ഷകൻ എന്നപോലെ ഈശോ ഏകരക്ഷകനുമാണ്. ഈശോ ശിഷ്യൻമാരോടു പറഞ്ഞു: ''വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേയ്ക്കു വരുന്നില്ല''(യോഹ. 14:6). വി. പത്രോസ് നമ്മെ പഠിപ്പിക്കുന്നു: ''മറ്റാരിലും രക്ഷയില്ല. ആകാശത്തിനു കീഴെ മനുഷ്യരുടെയിടയിൽ നമുക്ക് രക്ഷക്കുവേണ്ടി മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ല'' (ശ്ലീഹ.4:12).

**പ്രശ്നം ഉണ്ടാകുന്നത് ഇവിടെയാണ്:** I am the way (ഞാനാണ് വഴി) I am the truth (ഞാനാണ് സത്യം-പൂർണ്ണമായ സത്യം) - I am the life (ഞാനാണ് ജീവൻ-നിത്യമായ ജീവൻ)-ഈശോ ഏക രക്ഷകൻ-മറ്റൊരുവനിലും രക്ഷയില്ല. പൂർണ്ണമായ വഴി-പൂർണ്ണമായ സത്യം. പൂർണ്ണമായ സൗന്ദര്യം - അതാണ് ഈശോ. ഈ പൂർണ്ണതയെ സ്വീകരിക്കാൻ ഭാഗ്യം ലഭിച്ചവരാണ് നമ്മൾ.

- സ്നേഹസ്വരൂപനായ ഏക സത്യ ദൈവത്തെ സ്വജീവിതത്തിലൂടെ ഈശോ ലോകത്തിന് വെളിപ്പെടുത്തി. ശത്രുവിനോട് നിരുപാധികം ക്ഷമിക്കുവാനും നന്മ ചെയ്തുകൊണ്ട് തിന്മയെ കീഴടക്കാനും പഠിപ്പിച്ചത് ഈശോ മാത്രമാണ്.

- എല്ലാ മതങ്ങളിലും സത്യമുണ്ട് - ആ സത്യങ്ങൾ ഒന്നാണെന്ന് പറയുമ്പോഴാണ് തെറ്റുന്നത്.

- എല്ലാ മതങ്ങളിലും രക്ഷയുണ്ടെന്നും പറയുമ്പോഴാണ് തെറ്റുന്നത്.

**5. ഈശോ പാപവിമോചകൻ:** പാപമോചനം സാധ്യമാകുന്നിടത്തു മാത്രമേ രക്ഷയുടെ അനുഭവം ഉണ്ടാകൂ. ലോകത്തിന്റെ

പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായാണ് ഈശോ ഈ ലോകത്തിലേയ്ക്ക് വന്നത് (യോഹ. 1:29). ഈശോയിൽ വിശ്വസിക്കുകയും ദൈവകല്പനകൾ പാലിക്കുകയും ചെയ്യുന്നവർക്ക് പാപത്തിൽനിന്നു മോചനവും ദൈവികജീവനിലുള്ള അവകാശവും ലഭിക്കുന്നു. സമഗ്രവിമോചനം നൽകുവാനും മനുഷ്യരെ പാപബന്ധനത്തിൽനിന്നു മോചിപ്പിക്കാനും ഈശോയ്ക്കു മാത്രമേ സാധിക്കൂ.

**6. ഈശോ പിതാവിന്റെ കരുണയുടെ മുഖം:** പിതാവായ ദൈവത്തിനു മനുഷ്യനോടുള്ള കരുണയുടെ ചിത്രം പ്രപഞ്ചസൃഷ്ടി മുതൽ തന്നെ പ്രകടമാണ്. ആ കാരുണ്യത്തിന്റെ ആൾരൂപമായിരുന്നു ദൈവപുത്രനായ ഈശോ. അവിടുന്നു രോഗികളെ സുഖപ്പെടുത്തി. പാപികൾക്ക് മോചനം നൽകി. മരിച്ചവരെ ഉയിർപ്പിച്ചു. ദുഖിതരെ ആശ്വസിപ്പിച്ചു. എല്ലാ പ്രായത്തിലുള്ളവർക്കും ഏത് ജീവിതാവസ്ഥയിലുള്ളവർക്കും എപ്പോഴും സമീപസ്ഥനായി ഈശോ ഇന്നും വി. കർബ്ബാനയിൽ നമ്മുടെ മധ്യേ ജീവിക്കുന്നു.

**D. ഈശോ ലോകത്ത് ചെലുത്തിയ സ്വാധീനം**

അവൻ ഒന്നും എഴുതിവച്ചില്ല; എന്നാൽ അവനെക്കുറിച്ച് എഴുതപ്പെട്ട ഗ്രന്ഥങ്ങൾ എണ്ണമറ്റവ. ഒരു സ്ഥാപനവും അവൻ പടുത്തുയർത്തിയില്ല. ഒരു നിർമ്മിതിയും രൂപകൽപ്പന ചെയ്തിട്ടുമില്ല; എന്നാൽ അവന്റെ പേരിൽ പടുത്തുയർത്തപ്പെട്ടിട്ടുള്ള നിർമ്മിതികളും സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും അനവധി... ഈശോ ചെലുത്തിയ സ്വാധീനം താരതമ്യമില്ലാത്തതാണ്.

- മനുഷ്യൻ എങ്ങനെ ജീവിതത്തിന്റെ അർത്ഥം കണ്ടെത്തി. ദൈവത്തിന്റെ പദ്ധതിയോടു സഹകരിച്ച്, വിശുദ്ധമായ ജീവിതം നയിക്കണം എന്നതിന് ഈശോ പൂർണ്ണതയുള്ള മാതൃക നല്കി. നമ്മുടെ ഹൃദയം അവിടുത്തേതു പോലെ ആകുമ്പോഴാണ് വിശുദ്ധമായി സ്നേഹിച്ച് ജീവിക്കാൻ നമുക്ക് കഴിയുന്നത്.
- ഈശോ സഭയിലൂടെ ഇന്നും ലോകത്ത് ജീവിക്കുന്നു. അവിടുത്തെ സാന്നിധ്യവും കൃപയും കൂദാശകളിലൂടെയും പ്രവർത്തനങ്ങളിലൂടെയും ലോകത്തിന് ലഭ്യമാകുന്നു.
- ആധുനിക മാനവികമൂല്യങ്ങളുടെ അടിത്തറ ഈശോയുടെ ജീവിതവും സുവിശേഷവുമാണ്. സാഹിത്യകൃതികൾക്കും കലകൾക്കും തത്വശാസ്ത്രങ്ങൾക്കും വിഷയമായിട്ടുള്ളത് ഈശോ സദ്വാർത്തയാണ്.

– ഈശോയ്ക്ക് വേണ്ടി മരണം വരിച്ചവർ, ഈശോയ്ക്ക് വേണ്ടി കുടുംബം ഉപേക്ഷിച്ച് ലോകത്തിന്റെ നാനാ ഭാഗങ്ങളിലും സേവനം ചെയ്യുന്ന വൈദികർ, സമർപ്പിതർ എന്നിവരെല്ലാം ഈശോയുടെ അനന്യതയ്ക്ക് സാക്ഷ്യം നൽകുന്നവരാണ്.

– അങ്ങനെ, ജീവിതത്തിന്റെ നാനാ തുറകളിലുള്ളവർ ഈശോയിൽ ആശ്വാസവും പ്രത്യാശയും കണ്ടെത്തുന്നു. എത്രയോ മാനസാന്തരങ്ങൾക്ക് ആ തിരുമൊഴികൾ കാരണമായി... ഈശോയെ പോലെ ആഴത്തിലും വ്യാപ്തിയിലും സമഗ്രതയിലും മനുഷ്യ വംശത്തെ സ്വാധീനിച്ച മറ്റാരുമില്ല; ഇനി ഉണ്ടാവുകയുമില്ല.

**ഈശോ അനന്തമായ സ്നേഹമാണ്**

തിന്മയുടെ അന്ധകാരത്തിലും ആത്മീയമായ അന്ധതയിലും കഴിഞ്ഞിരുന്ന മനുഷ്യവർഗത്തെ രക്ഷിക്കാൻ ദൈവമഹത്വവും അധികാരവും ഉപേക്ഷിച്ച് 2000 വർഷം മുൻപ് ഈശോ ഇസ്രായേലിലെ ബെത്‌ലഹേമിൽ മനുഷ്യനായി അവതരിച്ചു. സർവ്വജ്ഞാനിയും സത്യസന്ധനും അദ്ധ്വാനിക്കുന്നവരുടെയും ഭാരം ചുമക്കുന്നവരുടെയും ആലംബവുമാണ്. കാൽ കഴുകുന്ന വിനയവും, കുരിശ് ചുമക്കുന്ന സഹനവും, ശത്രുവിനോട് പോലും ക്ഷമിക്കുന്ന സ്നേഹവും, സത്യവും നീതിയും നടപ്പിലാക്കാൻ ധീരമായി മരണം വരിച്ചവനും, ഉയിർക്കുന്ന വിജയവുമാണ്. അവിടുന്നു ദിവ്യകാരുണ്യമാണ്. തെറ്റാത്ത വഴിവിളക്കാണ്, കോടാനുകോടി ജനങ്ങൾക്ക് പ്രചോദനമാണ്. ഇന്നും എന്നും കൂടെയുള്ള നാഥനാണ്. അവിടുത്തെ ഞാൻ എത്ര അറിയുന്നു, എത്ര സ്നേഹിക്കുന്നു. എത്ര ആശ്രയിക്കുന്നു; അത്രമാത്രം അവിടുന്നെന്റെ സ്വന്തമാകും, നാഥനാകും.

**സമാപനം**

ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ..... ''ഈശോ ഏക രക്ഷകനായ ദൈവമാണ്'' – എന്നാണ് ഇതിലൂടെ നാം ഏറ്റു പറയുന്നത്. ദൈവത്തെ ദൈവമായി ഏറ്റു പറയുന്നതാണ് സ്തുതി. അപ്പോൾ ''ഈശോ ഏക രക്ഷകനായ ദൈവമാണന്നതാണ് ലോകത്ത് മനുഷ്യനായി ജീവിച്ച ഈശോയുടെ അനന്യത. നമുക്ക് ശങ്കിക്കാതെ പറയാം – ഈശോ മിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ.

**Prepared by -Family Renewal Year Committee 2025**

The diocese of Mananthavady

**HCC (XI,XII) യൂണിവേഴ്സിറ്റി പരീക്ഷ 2025 ഫെബ്രുവരി 2**

HCC (Plus One, Plus Two) പരീക്ഷകൾ ഫെബ്രുവരി 2-ന് ഞായറാഴ്ച രാവിലെ 11 മണി മുതൽ 1.00 മണി വരെ വിവിധ സെന്ററുകളിൽ വച്ച് നടത്തപ്പെടുന്നതാണ്. രൂപതാ നിർദ്ദേശങ്ങൾക്കനുസരിച്ച് പരീക്ഷകൾ ഏറ്റവും ഭംഗിയായി നടത്തുവാൻ ബഹുമാനപ്പെട്ട മേഖലാ ഡയറക്ടേഴ്സിന്റെ നേതൃത്വത്തിൽ മേഖലാ ടീം അംഗങ്ങളും, പരീക്ഷാ സെന്ററുകളിലെ ബഹു. വികാരിയച്ചൻമാരും, എല്ലാ ഹെഡ്മാസ്റ്റേഴ്സും, അധ്യാപകരും സഹകരിക്കുമല്ലോ..

**Say Exam**

12 -ാം ക്ലാസിലെ കുട്ടികൾക്ക് സേ എക്സാം ഉണ്ടായിരിക്കുന്നതല്ല. പരീക്ഷകൾക്ക് തോറ്റ കുട്ടികൾക്ക് രൂപതയിൽ നിന്ന് കോഴ്സ് സർട്ടിഫിക്കറ്റ് നല്കുന്നതായിരിക്കുംഅവർക്ക് യൂണിവേഴ്സിറ്റി സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കുന്നതല്ല. 11-ാം ക്ലാസിലെ കുട്ടികൾക്ക് ഏപ്രിൽ 6 ഞായറാഴ്ച സേ പരീക്ഷ ഉണ്ടായിരിക്കുന്നതാണ്. പഠനവൈകല്യമുള്ള കുട്ടികൾക്ക് സ്ക്രൈബിനെ വച്ച് പരീക്ഷ എഴുതിക്കുന്നത് അനുവദനീയമല്ല. അവർക്ക് ഇടവകകളിൽ പരീക്ഷ നടത്തി മാർക്ക് രൂപതയ്ക്ക് നല്കുക. കോഴ്സ് സർട്ടിഫിക്കറ്റ് നല്കുന്നതായിരിക്കും.

**Course Certificate Students:** യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ നടത്താത്ത കുട്ടികളുടെ ആൻസർ പേപ്പർ രൂപതയ്ക്ക് തരേണ്ടതില്ല. അവ ക്ലാസ് ടീച്ചർതന്നെ മൂല്യനിർണയം നടത്തി, Course Certificate Students എന്ന് പ്രത്യേകം രേഖപ്പെടുത്തി അവരുടെ പേര്, വീട്ടുപേര്, ഇടവക, മാർക്ക് എന്നിവ രൂപതാ കേന്ദ്രത്തിൽ നല്കുക.

**HCC 1 & 2 മൂല്യനിർണയം**

2025 ഫെബ്രുവരി 8 ശനിയാഴ്ച രാവിലെ 9.00 മുതൽ HCC 1 ന്റെയും ഫെബ്രുവരി 9 ഞായറാഴ്ച രാവിലെ 9.00 മണിക്ക് വി. കുർബാനയെതുടർന്ന് HCC 2 ന്റെയും മൂല്യനിർണയം നടത്തുന്നതാണ്. അദ്ധ്യാപകരെ പറഞ്ഞയക്കാൻ പ്രധാനാദ്ധ്യാപകർ ശ്രദ്ധിക്കുമല്ലോ. HCC പരീക്ഷയുടെ മൂല്യനിർണ്ണയത്തിന് സഹായിക്കാൻ ഇടവകകളിൽനിന്ന് വരുന്ന അദ്ധ്യാപകരുടെ പേര് വിവരങ്ങൾ ഹെഡ്മാസ്റ്റേഴ്സിനു നല്കുന്ന ഗൂഗിൾ ഫോമിൽ ചേർത്ത് ജനുവരി 28 നുള്ളിൽ രൂപതാ മതബോധന ഓഫീസിലേക്ക് അയക്കേ

ണ്ടതാണ്. അദ്ധ്യാപകർ വരുമ്പോൾ പഠിപ്പിക്കുന്ന പാഠപുസ്തകവും, ഉപപാഠപുസ്തകവും കൊണ്ടുവരേണ്ടതാണ്.

**ഡിപ്ലോമ പരീക്ഷ, വാർഷിക പരീക്ഷ 2023-2024**

രണ്ട് പരീക്ഷകളും ഏപ്രിൽ 6 ഞായറാഴ്ച നടത്തപ്പെടുന്നതാണ്. സമയക്രമം പിന്നീട് അറിയിക്കുന്നതാണ്.

**സംസ്ഥാന പ്രതിഭാസംഗമം**

2024 ഡിസംബർ 28 മുതൽ 31 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന സംസ്ഥാന പ്രതിഭാ സംഗമത്തിൽ പങ്കെടുത്ത മാനന്തവാടി രൂപത പ്രതിഭകൾ.

1. ഐവിൻ ബിനു തോട്ടുങ്കൽ - കൊമ്മയാട്
2. ആൽബിൻ ബിൽജി മുണ്ടോക്കുഴി - സീതാമൗണ്ട്
3. ജിസ്ന മരിയ ഷാജി - മീനങ്ങാടി
4. ജിനിറ്റ ജെയ്മോൻ - പാലാങ്കര

പങ്കെടുത്ത കുട്ടികൾക്ക് അഭിനന്ദനങ്ങൾ.

സംഗമത്തിനായി കുട്ടികളെ ഒരുക്കിയ ശ്രീ. ജോൺസൻ വടക്കേക്കര സാറിനും, സാറിനൊപ്പം രൂപത പ്രതിഭാ സംഗമത്തിന് നേതൃത്വം നൽകിയ സി. അനിത CMC, സി. ജെസി പോൾ SKD ക്കും ഫൊറോന നേതൃത്വത്തിനും ബഹു വികാരിയച്ചന്മാർക്കും കുട്ടികളുടെ ക്ലാസ് അധ്യാപകർക്കും മാതാപിതാക്കൾക്കും രൂപതാ മതബോധന കേന്ദ്രത്തിന്റെ നന്ദി.

**രൂപതാവിസിറ്റ്**

2024 - 25 വർഷം സൺഡേ സ്കൂളുകളിൽ സന്ദർശനത്തിന് നേതൃത്വം നൽകിയ രൂപതാ ടീം അംഗങ്ങൾക്കും എല്ലാ പിന്തുണയും തന്ന ബഹു. വികാരിയച്ചന്മാർക്കും, പ്രധാനാധ്യാപകർക്കും, സഹകരിച്ച മറ്റ് അധ്യാപർക്കും കുട്ടികൾക്കും മതബോധന കേന്ദ്രത്തിന്റെ നന്ദി. ഈ വർഷത്തെ രൂപതാസന്ദർശനം അവസാനിച്ചു. നടക്കാത്ത ഇടവകകളിൽ അടുത്ത വർഷമേ വരികയുള്ളൂ എന്ന വിവരവും അറിയിക്കുന്നു.

**ജൂബിലേറിയൻസ്**

ഈ വർഷം മതാദ്ധ്യാപന രംഗത്ത് 25, 35, 50 വർഷങ്ങൾ സേവനം പൂർത്തിയാക്കുന്ന അധ്യാപകരെ 2025 മെയ് മാസത്തിൽ നടക്കുന്ന HM കോൺഫ്രറൻസിൽ വച്ച് ആദരിക്കുന്നതായിരിക്കും. ഓരോ ഇടവകയിലും 25, 35, 50 വർഷങ്ങൾ സേവനം ചെയ്ത അധ്യാപകരുടെ ഫോട്ടോയും വികാരിയച്ചന്റെ സാക്ഷ്യപത്രവും ഓഫീസിൽ എത്തിക്കേണ്ടതാണ്. അതോടൊപ്പം ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ ഒരു ദിവസം പോലും മുടങ്ങാതെ ക്ലാസ്സിൽ എത്തിയിട്ടുള്ള കുട്ടികളുടെ പേരും ഫെബ്രുവരി 23 നുള്ളിൽ രൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്.

**ഫാ. തോമസ് കച്ചിറയിൽ** (ഡയറക്ടർ മതബോധനകേന്ദ്രം)

# ചെറുപുഷ്പ മിഷൻലീഗ്

ഫെബ്രുവരിയിലെ രണ്ടാമത്തെ ഞായറാഴ്ച്ച തിരുബാല സഖ്യ ദിനമായി ആഗോള കത്തോലിക്ക സഭ ആചരിക്കുകയാണ്. ഈശോ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ചുവെന്ന കാര്യം ഓർമ്മിപ്പിച്ചുകൊണ്ട്, കുഞ്ഞുങ്ങളെ ഈശോയ്ക്കിഷ്ടപ്പെട്ടവരും, സഭയോട് ചേർന്ന് പ്രവർത്തിക്കുന്നവരുമായി കുട്ടിക്കാലത്തുതന്നെ വളർത്തിക്കൊണ്ടുവരിക എന്ന ലക്ഷ്യത്തോടുകൂടി തന്നെയാണ് ഈ ദിനം ആചരിക്കുക. ''കുഞ്ഞുങ്ങൾ കുഞ്ഞുങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കട്ടെ, കുഞ്ഞുങ്ങൾ കുഞ്ഞുങ്ങളെ സഹായിക്കട്ടെ'' എന്ന ആപ്ത വാക്യവുമായി തിരുബാലസഖ്യം നമ്മുടെ രൂപതയിൽ, വളരെ നന്നായി പ്രവർത്തിക്കുന്നു. അതിന് നേതൃത്വം കൊടുക്കുന്ന എല്ലാവരെയും, ഈ അവസരത്തിൽ  പ്രത്യേകം നന്ദിയോടെ ഓർക്കുകയാണ്. രൂപത, മേഖല, ശാഖതലങ്ങളിൽ വിവിധ തരം പ്രോഗ്രാമുകൾ ഈ വർഷം ചെയ്യാൻ സാധിച്ചു. ഉണ്ണിക്കൂട്ടം എന്ന പേരിലാണ് ഈ വർഷത്തെ നമ്മുടെ പ്രവർത്തനങ്ങൾ നമ്മൾ മുന്നോട്ടുകൊണ്ടുപോവുക. അതിന് ഇടവകാതലത്തിൽ എല്ലാ വൈദീകരുടെയും, സന്ന്യസ്തരുടേയും, അധ്യാപകരുടേയും, പ്രത്യേകിച്ച് ഇതിന് നേതൃത്വം കൊടുക്കുന്ന മിഷൻലീഗ് അംഗ ങ്ങളുടെയും വലിയ സഹകരണം ഉള്ളതുകൊണ്ട് ഈ വർഷം നന്നായി പ്രവർത്തിക്കാൻ കഴിഞ്ഞു. അതിന്റെ രൂപതാ വാർഷികം ഫെബ്രുവരി 26-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുകയാണ്. എല്ലാ കുഞ്ഞുമക്കൾക്കും തിരുബാല സഖ്യദിനത്തിന്റെ (ഫെബ്രുവരി 9) മംഗളങ്ങൾ ആശംസിക്കുന്നു. നല്ല കുഞ്ഞുങ്ങളായി ഈശോയ്ക്കിഷ്ടപ്പെട്ട കുഞ്ഞുങ്ങളായി വളർന്നുവരുവാൻ നിങ്ങൾക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

**ഫാ. മനോജ് അമ്പലത്തിങ്കൽ**

**നക്ഷത്ര വഴിയെ**

ഡിസംബർ 1 മുതൽ 25 വരെ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത നടത്തിയ *നക്ഷത്രവഴിയെ* എന്ന സ്റ്റാറ്റസ് വീഡിയോ പ്രോഗ്രാമിൽ വിവിധ ഇടവകളിൽ നിന്നായി 25 കുട്ടി കൾ പങ്കെടുത്തു. മനോഹരമായ സന്ദേശങ്ങൾ നൽകിയ എല്ലാ കുട്ടികൾക്കും, അവരെ ഒരുക്കിയ ശാഖാ, മേഖലാ ജോ. ഡയറ ക്റ്റേഴ്സ്, മാതാപിതാക്കൾ, മതാദ്ധ്യാപകർ എന്നിവരെ നന്ദിയോടെ ഓർക്കുന്നു. ഉണ്ണിശോ ഏവരെയും അനുഗ്രഹിക്കട്ടെ.

**ബിബ്ലിയ 2024**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത എല്ലാ മാസത്തിന്റെയും അവസാന ദിനം നടത്തുന്ന ഓൺലൈൻ ബൈബിൾ ക്വിസ് മൽസരം നടന്നുകൊണ്ടിരിക്കുന്നു. ഇതിൽ അനേകം പേർ പങ്കെടുക്കുന്നു.

**ഗ്ലോറിയ സീസൺ 6 കരോൾഗാന മൽസരം**

2024 ഡിസംബർ 21 ന് മാനന്തവാടി ടൗൺപള്ളി ഓഡിറ്റോറിയത്തിൽ വച്ച് കരോൾഗാന മൽസരം സംഘടിപ്പിക്കുകയുണ്ടായി. മൽസരത്തിൽ ഒന്നാം സ്ഥാനം കൊട്ടയൂർ ശാഖ, രണ്ടാം സ്ഥാനം ചുണ്ടക്കര ശാഖ, മൂന്നാം സ്ഥാനം കല്ലോടി ശാഖ. പങ്കെടുത്ത എല്ലാ ശാഖകൾക്കും രൂപതയുടെ അഭിനന്ദനങ്ങൾ. കരോൾ ഗാന മൽസരത്തിനായി പറഞ്ഞുവിട്ട വികാരിയച്ചൻമാരേയും ജോ. ഡയറക്ടേഴ്സിനേയും നന്ദിയോടെ ഓർക്കുന്നു. നിങ്ങൾ നൽകിക്കൊണ്ടിരിക്കുന്ന എല്ലാ സഹകരണത്തിനും നന്ദി.

**പുതുവൽസരാശംസകൾ**

കൊഴിഞ്ഞുപോയ നഷ്ട സ്വപ്നങ്ങളെയും, 2024 സമ്മാനിച്ച എല്ലാ വേദനിപ്പിക്കുന്ന ഓർമ്മകളെയും ദൈവകരങ്ങളിൽ നൽകാം. ദൈവാശ്രയത്തോടെ, നല്ല പ്രതീക്ഷകളോടെ പുതുവർഷത്തിൽ നമുക്ക് മുന്നേറാം. ദൈവാനുഗ്രഹം നിറഞ്ഞ ഒരു പുതുവർഷം ചെറുപുഷ്പ മിഷൻലീഗ് രൂപത ഡയറക്ടർ ഏവർക്കും ആശംസിച്ചു.

**ആശംസകൾ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ ആത്മീയനേതാവ്, മനോജ് അമ്പലത്തിങ്കൽ അച്ചന്റെ പൗരോഹിത്യ സ്വീകരണ വാർഷികദിനത്തിൽ രൂപതാ കുടുംബത്തിന്റെ സ്നേഹനിരഭരമായ പ്രാർത്ഥനാശംസകൾ നേർന്നു. രൂപതാതലത്തിൽ സംഘടനയ്ക്ക് ദിശാബോധവും, നേതൃത്വവും നൽകുന്ന രൂപതാ സെക്രട്ടറി തങ്കച്ചൻ മാപ്പിളക്കുന്നേലിനും, സംസ്ഥാന പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കലിനും രൂപത കുടുംബം ജന്മദിനാശംസകൾ നേർന്നു.

**ചുങ്കക്കുന്ന് മേഖല**

പത്ത് ശാഖകളുടെ പങ്കാളിത്വത്തോടെ ഏയ്ഞ്ചൽ മീറ്റ് സംഘടിപ്പിച്ചു. ക്രിസ് ബെൽസ് കരോൾ ഗാനമൽസരം സംഘടിപ്പിച്ചു. കൊട്ടിയൂർ, ഒറ്റപ്ലാവ്, അടയ്ക്കാത്തോട് ശാഖകൾ 1, 2, 3, സ്ഥാനങ്ങൾ കരസ്ഥമാക്കി. അർദ്ധവാർഷിക മാനേജിംഗ് കമ്മറ്റി നടത്തി. ക്രിസ്തുമസ് ആഘോഷം വിപുലമായ രീതിയിൽ സംഘടിപ്പിച്ചു.

**ശാഖ വാർത്തകൾ**

**തോമാട്ടുചാൽ**

ഡിസംബർ മാസത്തിൽ എല്ലാ ദിവസവും കുർബ്ബാനയ്ക്ക് വന്ന കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി. ഇടവകയിലെ രോഗികൾക്ക്

കുമ്പസാരം, വി.കുർബ്ബാന എന്നിവ നൽകുന്നതിന് സഹായിച്ചു. കുർബ്ബാനയ്ക്ക് ശേഷം കേക്ക് മുറിക്കുകയും കാപ്പികൊടുത്ത് അവരെ തിരിച്ചയ്ക്കുകയും ചെയ്തു. മിഷൻലീഗിന്റെ നേതൃത്വത്തിൽ ക്രിസ്മസ് ട്രീ നിർമ്മിച്ചു.

**കയ്യൂന്നി**

ക്രിസ്തുമസിന് 25 ദിവസവും പള്ളിയിൽ വന്ന കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി. പരി.മാതാവിന്റെ അമലോത്ഭവ തിരുനാൾ ദിനത്തിൽ അമ്മയുടെ നാമം സ്വീകരിച്ച എല്ലാവർക്കും ആശംസകൾ നേരുകയും ചെയ്തു.

**കൊട്ടിയൂർ**

ജിംഗിൾ ബെൽസ് താരകത്തിൻ വഴിയെ എന്ന വീഡിയോ പ്രോഗ്രാം സംഘടിപ്പിച്ചു. ക്രിസ്തുമസ് കാർഡ് നിർമ്മാണം, ക്രിസ്തുമസ് ട്രീ, കരോൾ ഗാനമൽസരം എന്നിവ ക്രിസ്തുമസ് ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി. രൂപതനടത്തിയ കരോൾ ഗാനമൽസരത്തിൽ ഒന്നാം സ്ഥാനവും തിരുബാലസഖ്യത്തിന് മൂന്നാം സ്ഥാനവും ലഭിക്കുകയുണ്ടായി.

**പുതുശ്ശേരിക്കടവ്**

25 ദിവസവും സുകൃതജപങ്ങൾ ചൊല്ലിയും, കാരുണ്യപ്രവർത്തികൾ ചെയ്തും, വി.ബലിയിൽ പങ്കെടുത്തും സി.എം.എൽ അംഗങ്ങൾ ക്രിസ്തുമസിനായി ഒരുങ്ങി. ദൈം തോറിസ് മുന്തിസ്; ഡിസംബർ 1 മുതൽ ദനഹാ തിരുനാൾ വരെ സി.എം.എൽ അംഗങ്ങൾ ഓരോരുത്തരായി വി.ബലിക്ക് മുൻപ് 3 മിനിറ്റ് നേരം ക്രിസ്തുമസ് സന്ദേശം നൽകുകയും തുടർന്ന്, വാട്സ്ആപ്പ് വഴി ഇടവക കുടുംബം മുഴുവൻ എത്തിക്കുകയും ചെയ്തു. കരോൾ ഗാനമത്സരം നടത്തി മേഖല കരോൾ ഗാനമത്സരത്തിൽ പങ്കെടുത്തു. ഇടവകയിലെ വൃദ്ധമാതാപിതാക്കളെ സന്ദർശിക്കുകയും, പ്രാർത്ഥിക്കുകയും, കേക്ക് നൽകുകയും ചെയ്തു. കുഞ്ഞിപൈതങ്ങളുടെ തിരുനാൾ ദിനം അവരെ സന്ദർശിക്കുകയും അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

**വഞ്ഞോട്**

ക്രിസ്തുമസിന് ഒരുക്കമായി മിഷൻലീഗ് കുട്ടികൾ 25 ദിവസം വി.ബലിയിലും ജപമാലയിലും പങ്കെടുത്തു. ഒന്നാം തീയതി മുതൽ ക്രിസ്മസ് സന്ദേശം വീഡിയോ ആയി ഇടവകാഗ്രൂപ്പിലിടുകയും സ്റ്റാറ്റസിടുകയും ചെയ്തു. 25 ദിവസവും പള്ളിയിൽ വന്ന കുട്ടികൾക്കും, യുവജനങ്ങൾക്കും, ദമ്പതികൾക്കും സമ്മാനങ്ങൾ നൽകി. മിഷൻലീഗിന്റെ നേതൃത്വത്തിൽ പുൽക്കൂടും ക്രിസ്തുമസ് ട്രീയും ഒരുക്കുകയും നറുക്കെടുപ്പിലൂടെ വിജയിക്ക് ബംബർ സമ്മാനം നൽകുകയും ചെയ്തു. വാർഡുകളിൽ നടന്ന ക്രിസ്മസ് പ്രോഗ്രാമിൽ കുട്ടികൾ കലാപരിപാടികൾ അവതരിപ്പിച്ചു.

**അരിഞ്ചേർമല**

വി.കുർബ്ബാനയെക്കുറിച്ച് കുട്ടികൾക്ക് ക്ലാസ് നൽകി. സി.എം. എൽ കുട്ടികൾ നട്ട് പരിചരിച്ച പച്ചക്കറിയുടെ വിളവെടുപ്പ് നടത്തി. ഇടവകത്തിരുന്നാളിൽ സ്റ്റാളിലേക്കാവശ്യമായ കൊന്തകൾ കുട്ടികൾ നിർമ്മിച്ചു. കുട്ടികൾക്കായ് 3 ദിവസത്തെ ധ്യാനം നടത്തി.

**കരിമ്പിൽ**

ക്രിസ്തുമസിന് ഒരുക്കമായി കുട്ടികൾ വചന വീഡിയോ തയ്യാറാക്കുകയും, 25 ദിവസം ചൊല്ലുവാനുള്ള സുകൃതജപങ്ങൾ, വീഡിയോ ആയി സ്റ്റാറ്റസ് ഇടുകയും ചെയ്തു. വി.ജോൺ ബർക്കുമാൻസിന്റെ തിരുനാളിനോടനുബന്ധിച്ച്, അൾത്താര ബാലിക-ബാലൻമാരെ ആദരിക്കുകയും, മധുരപലഹാരങ്ങൾ നൽകുകയും ചെയ്തു. വി. ഫ്രാൻസീസ് സേവ്യറുടെ തിരുനാളിൽ എല്ലാവർക്കും വിശുദ്ധനെ പരിചയപ്പെടുത്തുകയും, പൊതുദിവ്യ കാരുണ്യസ്വീകരണം, അസാധാരണ സമ്മേളനം, കലാപരിപാടികൾ എന്നിവ നടത്തി. മേഖലാ കരോൾ ഗാനമൽസരത്തിൽ കുട്ടികൾ പങ്കെടുത്തു. ദൈവവിളി പ്രോൽസാഹനത്തിന്റെ ഭാഗമായി കുട്ടികൾക്ക് സെമിനാർ നടത്തി. ബൈബിൾ ഞായറിനോടനുബന്ധിച്ച് ബൈബിൾ റാലി, ബൈബിൾ പ്രതിഷ്ഠ, വചന വായന എന്നിവ നടത്തി. പാവപ്പെട്ട 6 കുടുംബങ്ങൾക്ക് ക്രിസ്മസ് കിറ്റ് നൽകി. കുഞ്ഞിപൈതങ്ങളുടെ തിരുനാളിൽ അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ആദരിക്കുകയും, സമ്മാനങ്ങൾ നൽകുകയും ചെയ്തു.

**പുതിയിടംകുന്ന്**

വി. ഫ്രാൻസീസ് സേവ്യറുടെ തിരുന്നാളിനോടനുബന്ധിച്ച്, പൊതുദിവ്യകാരുണ്യസ്വീകരണം, അസാധാരണ സമ്മേളനം, എന്നിവ നടത്തി. മേഖലാ കരോൾ ഗാനമൽസരത്തിൽ കുട്ടികൾ പങ്കെടുത്തു. ഒരു നിർധന കുടുംബത്തിന് ഭക്ഷണ കിറ്റ് നൽകുകയും ക്രിസ്തുമസിനോടനുബന്ധിച്ച് പാവപ്പെട്ട ഒരു കുടുംബത്തിന് കേക്കും സമ്മാനവും നൽകുകയും ചെയ്തു. രോഗീസന്ദർശനം, ഭവനസന്ദർനം എന്നിവ നടത്തി. 25 ദിവസം പള്ളിയിൽ വന്ന കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി.

**ചുള്ളിയോട്**

മിഷൻലീഗിന്റെ നേതൃത്വത്തിൽ അസ്സീസി പുണ്യവാളന്റെ തിരുനാൾ ആഘോഷമായി കൊണ്ടാടി. ഇടവക തിരുനാളിൽ മിഷൻ ലീഗ് അംഗങ്ങൾ കലാപരിപാടികൾ അവതരിപ്പിച്ചു.

**പുഴമുടി**

ബൈബിൾ ഞായറാഴ്ച ബൈബിൾ പ്രതിഷ്ഠ, ബൈബിൾ റാലി, അസാധാരണ സമ്മേളനം. പൊതുദിവ്യകാരുണ്യ സ്വീകരണം എന്നിവ നടത്തി. ഡിസംബർ 7 ന് കാലിത്തൊഴുത്ത് എന്ന

ആശയം പങ്കുവെച്ചുകൊണ്ട് നവന ചിറ്റിലപ്പള്ളി ക്രിസ്തുമസ് സന്ദേശം നൽകി. വി. ഫ്രാൻസീസ് സേവ്യറുടെ തിരുനാൾ ആഘോഷിച്ചു. 25 ദിവസം പള്ളിയിൽ വന്ന കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി. രോഗിസഹായം നൽകി. ഭവനസന്ദർശനം നടത്തി ഒരു കുടുംബത്തിന് ഭക്ഷണ കിറ്റ് നൽകി. കയ്യെഴുത്ത് മാസിക തയ്യാറാക്കി രൂപതയിൽ എത്തിക്കുകയും ഇതിന്റെ പിന്നിൽ പ്രവർത്തിച്ചവർക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു.

**ശിശുമല**

ക്രിസ്തുമസിന് ഒരുക്കമായി മംഗളവാർത്തക്കാലത്തെ ഞായറാഴ്ചത്തെ വായനകളെ ആസ്പദമാക്കി നാല് ഞായറാഴ്ചകളിലും ബൈബിൾ സ്കിറ്റ് അവതരിപ്പിച്ചു. ഫൊറോനാതലത്തിൽ നടന്ന ക്രിസ്തുമസ് പ്രോഗ്രാമിൽ കുട്ടികൾ ക്രിസ്മസ് പാപ്പാമാരുടെ വേഷങ്ങൾ അണിഞ്ഞ് റാലിയിൽ പങ്കെടുത്തു. കുഞ്ഞിപൈതങ്ങളുടെ തിരുനാളിൽ കുട്ടികളുടെ ദിനമായി ആചരിക്കുകയും ഉണ്ണിശോയുടെ തിരുസ്വരൂപം വഹിച്ചുകൊണ്ട് കുട്ടികൾ പ്രദക്ഷിണം നടത്തുകയും ചെയ്തു.

**ശാന്തിഗിരി**

തിരുപ്പിറവിയ്ക്ക് ഒരുക്കമായി സുകൃതമഞ്ജരി നിർമ്മാണം നടത്തി. ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി ഫണ്ട് സ്വരൂപിക്കാൻ, സമ്മാനക്കൂപ്പൺ ഇറക്കുകയും നറുക്കെടുപ്പ് നടത്തുകയും ചെയ്തു. ക്രിസ്തുമസിനൊരുക്കമായി അഗതിമന്ദിരത്തിൽ സംഭാവന നൽകി. ക്രിസ്തുമസ് ട്രീ നടത്തി. ബൈബിൾ ദിനത്തോടനുബന്ധിച്ച്, ബൈബിൾ പ്രതിഷ്ഠ, ബൈബിൾ റാലി, ചെയിൻ ബൈബിൾ പാരായണം എന്നിവ നടത്തി. വി. ഫ്രാൻസീസ് സേവ്യറിന്റെ തിരുനാൾ ആഘോഷിച്ചു.

**ചുണ്ടക്കര**

ക്രിസ്തുമസ് ട്രീ യിൽ നിന്ന് ലഭിച്ച 5000 രൂപ പഞ്ചാബ് മിഷന് നൽകി. ലഹരി വിരുദ്ധ ഫ്ളാഷ് മോബ്, എക്സിബിഷൻ, കൊളാഷ് മൽസരം എന്നിവ നടത്തി. പ്രായമായ മാതാപിതാക്കളോടൊപ്പം ക്രിസ്തുമസ് കേക്ക് മുറിച്ച് ആഘോഷിച്ചു. 25 ദിവസവും പള്ളിയിൽ വന്ന കുട്ടികൾക്ക് സമ്മാനം നൽകി. ക്രിസ്തുമസ് ട്രീ മൽസരം നടത്തി. രൂപതാ തല കരോൾഗാനത്തിൽ പങ്കെടുത്ത് രണ്ടാം സ്ഥാനം കരസ്ഥമാക്കി.

**കുറുമ്പാല**

ഉണ്ണിശോയുടെ തിരുപ്പിറവിക്ക് ഒരുക്കമായി 25 ദിവസവും സുകൃതങ്ങൾ അനുഷ്ഠിക്കുകയും 110 ഓളം കുട്ടികൾ വി. ബലിയിൽ പങ്കെടുത്ത് പ്രാർത്ഥിക്കുകയും ചെയ്തു. കുട്ടികളുടെ നേതൃത്വത്തിൽ ഇടവകയിലെ വേദപാഠം പഠിക്കുന്ന നിർധനരായ 11 കുട്ടികളുടെ വീടുകളിൽ ക്രിസ്തുമസ് കിറ്റ് നൽകി. പുൽക്കൂട്

ഒരുക്കാൻ അധ്യാപകരോടൊപ്പം കുട്ടികളും പങ്കെടുത്തു. ക്രിസ്തുമസ് ട്രീ ഒരുക്കി.

**എടയൂർക്കുന്ന്**

പ്രവർത്തന ഫണ്ട് ശേഖരണാർത്ഥം ശാഖാംഗങ്ങൾ കൂപ്പൺ വിറ്റു. ഇടവക തിരുനാളിൽ ഐസ്ക്രിം സ്റ്റാൾ നടത്തി ഫണ്ട് ശേഖരിച്ചു. ക്രിസ്തുമസ് ട്രീ പുൽക്കൂട് എന്നിവ മിഷൻലീഗ് അംഗങ്ങൾ നിർമ്മിച്ചു.

കർമ്മവീഥികളിൽ നന്മയുടെയും കാരുണ്യത്തിന്റെയും ചിന്തകൾ നിറച്ച്, മിഷൻ മുദ്രാവാക്യങ്ങൾ ജീവിതബന്ധിയാക്കി ചെമ്മഞ്ഞക്കൊടിക്കീഴിൽ അണിനിരക്കാം.

**തങ്കച്ചൻ മാപ്പിളക്കുന്നേൽ**
രൂപതാ സെക്രട്ടറി

## തിരുബാലസഖ്യം

**വിശുദ്ധൻ: വി. ജോൺ ബ്രിട്ടോ**
**തിരുനാൾ: ലൂർദ് മാതാവിന്റെ തിരുനാൾ**
**നിയോഗം:**
തിരുബാലസഖ്യം കുഞ്ഞുങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നു.
**സുകൃതജപം:** എന്റെ ഈശോയെ എന്റെ രക്ഷകനെ.

ഫെബ്രുവരിയിലെ രണ്ടാമത്തെ ഞായറാഴ്ചയാണ് എല്ലാ വർഷവും തിരുബാലസഖ്യദിനമായി ആചരിക്കുന്നത്. ബാല്യം മുതലേ ഈശോ മാതാപിതാക്കൻമാർക്ക് വിധേയനായി ജീവിച്ചുവെന്ന കാര്യം ഈ സുദിനത്തിൽ നമ്മുടെയെല്ലാം പരിചിന്തനത്തിനു വിധേയമാകണം. അന്നേദിനം കുട്ടികൾക്കായി ക്രിയാത്മകമായ പ്രവർത്തനങ്ങൾ ശാഖകളിൽ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. അതിന്റെ മുന്നോടിയായി 26-ാം തീയതി തിരുബാലസഖ്യ വാർഷികം ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെടുന്നതാണ്.

**കരോൾ ഗാനമൽസരം**

തിരുബാലസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ ക്രിസ്തുമസിനോടനുബന്ധിച്ച് നടത്തിയ രൂപതാതല കരോൾഗാനമൽസരം - ഗ്ലോറിയ 2024 മാനന്തവാടി ടൗൺ പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. മൽസരത്തിൽ - കുറുമ്പാല, തവിഞ്ഞാൽ, കൊട്ടിയൂർ എന്നി ശാഖകൾ യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. വിജയികൾക്ക് അഭിനന്ദനങ്ങൾ.

**അജീറ്റ കന്നുകെട്ടിയിൽ** (സെക്രട്ടറി)

## Department of Youth Ministry

**ക്രിസ്തുമസ് അവധികാല ലൈഫ് ട്രെയിനിങ്ങ്:**

2024 ഡിസംബർ 22 -ാം തീയതി ഞായറാഴ്ച വൈകുന്നേരം 5 മണി മുതൽ 2024 ഡിസംബർ 23 തീയതി തിങ്കളാഴ്ച നാലു മണിവരെ ദ്വാരക പാസ്റ്ററൽ സെന്ററിലെ യൂത്ത്മിനിസ്ട്രി ഓഫീസിൽ വച്ച് ലൈഫ് 2021, 22, 23 ബാച്ചുകൾക്ക് പരിശീലനം നടത്തി. കൂടാതെ 2024 ഡിസംബർ 27 വെള്ളിയാഴ്ച വൈകുന്നേരം 4 മണി മുതൽ 28 ശനിയാഴ്ച വൈകുന്നേരം 4 മണി വരെ ലൈഫ് 2024 ബാച്ചിനുള്ള പരിശീലനവും സംഘടിപ്പിക്കപ്പെട്ടു. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങൾ ഇതിന് നേതൃത്വം നൽകി. ക്രിസ്തുമസിന് ഒരുക്കമായി സംഘടിപ്പിക്കപ്പെട്ട നാലു തരത്തിലുള്ള ഓൺലൈൻ മത്സര പരിപാടികളുടെ വിജയികളെ പ്രഖ്യാപിച്ചു. വിജയികൾക്ക് അഭിനന്ദനങ്ങൾ.

**സബ്ജൂനിയർ പുൽക്കൂട്:**

1. ജോർജ് വി ബിനീഷ്, 2. ഡിയോൺ മെജോ ജോസഫ് ആൻ ഹെലേന, 3. ജെറോം ജോസ് ആൻട്രിയ എൽസ ഷിന്റോ

**സബ്ജൂനിയർ ക്രിസ്തുമസ് കാർഡ്:**

1. അലീന ജോസ്, 2. ആൻ എലിസബത്ത് ക്രിസ് പോൾ
3. അജിസ് ജോസഫ് ഗ്ലോറിയ മരിയ

**സബ്ജൂനിയർ റീത്ത്:**

1. ഒലീവിയ അഗസ്ററിൻ, 2. അലീന ജോസ്, 3. റോസ്നിയ ബാബു

**സബ്ജൂനിയർ ക്രിസ്തുമസ് ട്രീ:**

1. ഡിയോൺ മെജോ ജോസഫ്, 2. ക്രിസ് പോൾ ആൻ എലിസബത്ത്, 3. ജോവന്ന റിജോയി എഫി ബ്രിജിത്ത്

**ജൂനിയർ പുൽക്കൂട്:**

1. ജെസ്ന മരിയ ജോസഫ്, 2. ആഗ്നസ് റോസ് ബിജു
3. അന്ന മരിയ സന്തോഷ്.

**ജൂനിയർ ക്രിസ്തുമസ് കാർഡ്:**

1. അന്നാ മരിയ സന്തോഷ്, 2. ആഗ്നസ് റോസ് ബിജു
3. ബെഞ്ചമിൻ റോയ്

**ജൂനിയർ റീത്ത്:**

1. എയ്ബൽ ജോസഫ്., 2. ഇവനാ മനോജ്, 3. അന്ന മരിയ സന്തോഷ്.

**ജൂനിയർ ക്രിസ്തുമസ് ട്രീ:**

1. ആഗ്നസ് റോസ് ബിജു, 2. അന്ന മരിയ സന്തോഷ്
3. അലക്സ് ഗ്ലീസൺ

**സീനിയർ പുൽക്കൂട്:**

1. ഹന്ന മരിയ ജോസ്, 2. നിഹാ മരിയ ബിജു

3. എസ്തേർ മരിയ മാത്യു
**സീനിയർ റീത്ത്:**
1. എസ്തേർ മാത്യു, 2. ജോയൽ ബിനോയ്
3. എയ്ന തെരേസ ജോർജ്ജ്
**സീനിയർ ക്രിസ്തുമസ് ട്രീ:**
1. എയ്ന തെരേസ ജോർജ്ജ്, 2. ബ്ലസ്വിൻ വിൽസൺ
3. ജോയൽ ബിനോയ്
**ലൈഫ് ബാച്ച് സംഗമങ്ങൾ:**

2025 ജനുവരി എട്ടാം തീയതി ബുധനാഴ്ച രാത്രി 9 30 നും, ജനുവരി ഒമ്പതാം തീയതി വ്യാഴാഴ്ച രാത്രി 9 മണിക്കും ഗൂഗിൾ പ്ലാറ്റ്ഫോമിൽ 2019, 2020 ബാച്ചുകളുടെ ഓൺലൈൻ സംഗമങ്ങൾ യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. ഇത് കൂട്ടായ്മ വർദ്ധിപ്പിക്കാനും, പഠനത്തിൽ മികവ് പുലർത്താനും കൂടുതൽ ക്രമീകൃതമായ പഠനരീതി അവലംബിക്കാനും സഹായകരമായി.

**ലൈഫ് ട്രെയിനിങ്ങ്:**

2025 ജനുവരി പത്താം തീയതി വെള്ളിയാഴ്ച വൈകുന്നേരം 6 മണി മുതൽ 2025 ജനുവരി 11 ശനിയാഴ്ച നാലുമണിവരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ഏഴാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള ലൈഫ് ട്രെയിനിങ്ങ് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി. മുപ്പത്തിയൊന്ന് വിദ്യാർത്ഥികൾ ഇതിൽ പങ്കുചേർന്നു. യൂത്ത് മിനിസ്ട്രി ടീമിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട പരിശീലനത്തിന് സെബിൻ സെബാസ്റ്റ്യൻ പോരൂർ സാർ ക്ലാസ് നൽകി.

**പരീക്ഷ ഒരുക്ക സംഗമം**

2025 ജനുവരി പന്ത്രണ്ടാം തീയതി ഞായറാഴ്ച ഉച്ച കഴിഞ്ഞ് 2.30 മുതൽ അഞ്ചു മണിവരെ ലൈഫിലെ പ്ലസ് ടു വിദ്യാർത്ഥികൾക്ക് വേണ്ടി പരീക്ഷ ഒരുക്ക സംഗമം സംഘടിപ്പിച്ചു. ബഹുമാനപ്പെട്ട ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ക്ലാസുകൾക്ക് നേതൃത്വം നൽകി. കൂടുതൽ തീക്ഷ്ണതയോടെ പരീക്ഷകളിലേക്ക് പ്രവേശിക്കാൻ വിദ്യാർത്ഥികൾക്ക് ഇത് സഹായകരമായി.

**അനുദിന സംഗമം:**

ഞായറാഴ്ച ഒഴികെ എല്ലാദിനങ്ങളിലും രാവിലെ 5.15ന് ഗൂഗിൾ പ്ലാറ്റ്ഫോമിൽ നടക്കുന്ന ലൈഫ് കൂട്ടായ്മ വിദ്യാർത്ഥികൾക്ക് ഏറെ കരുത്ത് പകരുന്നു. നിയതമായ ടൈംടേബിളിലൂടെ അനുദിനവും മുന്നേറാൻ രാവിലെ ലഭിക്കുന്ന സന്ദേശവും പ്രാർത്ഥനയും കൂടുതൽ സഹായമാകുന്നു.

**സി. ആൻസി തോമസ് സി.എം.സി**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം

**കാർലോസ് വൈബ്**

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ വാഴ്ത്തപ്പെട്ട കാർലോ അക്വീറ്റസിന്റെ പാതയിൽ യുവമനസുകളെ പ്രചോദിപ്പിക്കുന്നതിനും കൂട്ടായ്മയിൽ ഒന്നുചേർക്കുന്ന കാർലോസ് വൈബ് യൂത്ത് ആനിമേഷൻ പ്രോഗ്രാം ഡിസംബർ 28, 31 തീയതികളിൽ പയ്യമ്പള്ളി, ഒണ്ടയങ്ങാടി യൂണിറ്റുകളിൽ നടത്തപ്പെട്ടു.

**ആശംസകൾ**

കെ.സി.വൈ.എം. രൂപതാ ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറക്ക് പൗരോഹിത്യ സ്വീകരണ ദിനത്തിന്റെ പ്രാർത്ഥനാശംസകൾ. സിൻഡിക്കേറ്റംഗങ്ങളായ ശ്രീ. അബിനന്ദ് കൊച്ചുമലയിൽ, ശ്രീ. ജിഷിൻ മുണ്ടയ്ക്കതടത്തിൽ, രൂപത ജനറൽ സെക്രട്ടറി ശ്രീ. വിമൽ കൊച്ചുപുരയ്ക്കൽ, ഇവർക്ക് രൂപതാകുടുംബത്തിന്റെ ജന്മദിനാശംസകൾ.

**ആദരാഞ്ജലികൾ**

കെ.സി.വൈ.എം. മാനന്തവാടി രൂപതാ അനിമേറ്റർ സി. ബെൻസി ജോസ് എസ്. എച്ച്. ന്റെ അമ്മ (ഗ്രേസി ജോസ്) യുടെ നിര്യാണത്തിൽ ആദരാഞ്ജലികളർപ്പിച്ചു പ്രാർത്ഥിച്ചു.

**വാർഷിക സെനറ്റ്**

കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ മുപ്പതാമത് വാർഷിക സെനറ്റും, പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും 2025 ജനുവരി 2ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. കെ.സി.വൈ.എം മാനന്തവാടി രൂപതാ പ്രസിഡന്റ് ശ്രീ. ജിഷിൻ മുണ്ടയ്ക്കതടത്തിൽ അധ്യക്ഷത വഹിച്ച സെനറ്റ് സമ്മേളനം മുൻ രൂപതാ പ്രസിഡന്റും മുൻ സംസ്ഥാന വൈസ് പ്രസിഡന്റുമായ ബിബിൻ ചെമ്പക്കര ഉദ്ഘാടനം ചെയ്തു. മേഖലാ, രൂപതാ പ്രവർത്തന റിപ്പോർട്ടുകൾ അവതരിപ്പിച്ചു. സംഘടനാ പ്രവർത്തനങ്ങളെക്കുറിച്ചും ചർച്ച നടത്തി. 2024 പ്രവർത്തനവർഷത്തിലെ മികച്ച മേഖല, യൂണിറ്റുകൾ മേഖല പ്രവർത്തകൻ, യൂണിറ്റ് പ്രവർത്തകൻ, പ്രവർത്തക എന്നിവർക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു.

**2024 പ്രവർത്തനവർഷത്തിലെ മികച്ച മേഖല, യൂണിറ്റ്, മികച്ച മേഖല യൂണിറ്റ് പ്രവർത്തകൻ, പ്രവർത്തക**

1. മികച്ച മേഖല: ദ്വാരക മേഖല
2. മികച്ച യൂണിറ്റ്: കൽപ്ര യൂണിറ്റ് (നീലഗിരി മേഖല)
3. മികച്ച മേഖല പ്രവർത്തകൻ: ശ്രീ. ആൽബിൻ കുഴിഞ്ഞാക്കരോട്ടിൽ (മാനന്തവാടി മേഖല)
4. മികച്ച യൂണിറ്റ് പ്രവർത്തകൻ: ശ്രീ. ജിബിൻ മഠത്തിപറമ്പിൽ (കൽപ്ര യൂണിറ്റ്, നീലഗിരി മേഖല)
5. മികച്ച യൂണിറ്റ് പ്രവർത്തക: കുമാരി സിൻസി പുത്തൻപുരയ്ക്കൽ (കൽപ്ര യൂണിറ്റ്, നീലഗിരി മേഖല)

**നന്ദിയോടെ**

"പ്രത്യാശ ഭരിത യുവത്വം വിമോചനദൗത്യത്തിന്"എന്ന പ്രവർത്തന വർഷ മുദ്രാവാക്യത്തിലൂന്നി കഴിഞ്ഞ ഒരു വർഷക്കാലം കെ.സി.വൈ.എം. മാനന്തവാടി രൂപതാ പ്രസ്ഥാനത്തെ നയിച്ച പ്രസിഡന്റ് ശ്രീ. ജിഷിൻ മുണ്ടയ്ക്കതടത്തിൽ, വൈസ് പ്രസിഡന്റ് കുമാരി ബെറ്റി അന്ന പുതുപ്പറമ്പിൽ ജനറൽ സെക്രട്ടറി ശ്രീ. ജസ്റ്റിൻവർഗീസ് തെക്കേമുറിയിൽ, സെക്രട്ടറിമാരായ കുമാരി അലീഷ  തെക്കിനാലിൽ, ശ്രീ. ഡെലിസ് സൈമൺ വയലുങ്കൽ, കോർഡിനേറ്റർ ശ്രീ. ജോബിൻ തടത്തിൽ, ട്രഷറർ ശ്രീ. ജോബിൻ ജോയ് തുരുത്തേൽ, ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ, ആനിമേറ്റർ സി. ബെൻസി എസ് എച്ച് എന്നിവർക്ക് കെ.സി.വൈ. എം രൂപതാ കുടുംബത്തിന്റെ നന്ദി.

**2025 കെ.സി.വൈ.എം. രൂപത സമിതി (സെക്രട്ടറിയേറ്റ് അംഗങ്ങൾ)**

പ്രസിഡന്റ്: ശ്രീ. ബിബിൻ പിലാപ്പിള്ളി
വൈസ് പ്രസിഡന്റ്: കുമാരി ആഷ്ന വിൽസൺ പാലാരികുന്നേൽ
ജനറൽ സെക്രട്ടറി: ശ്രീ. വിമൽ കൊച്ചുപുരയ്ക്കൽ
സെക്രട്ടറിമാർ: കുമാരി ഡ്യൂണ മരിയ കിഴക്കേമണ്ണൂർ, ശ്രീ. ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ
കോർഡിനേറ്റർ: ശ്രീ. ജോബിൻ തടത്തിൽ
ട്രഷറർ: ശ്രീ. നവീൻ പുലകുടിയിൽ
ഡയറക്ടർ: ഫാ. സാന്റോ അമ്പലത്തറ
ആനിമേറ്റർ: സി. ബെൻസി എസ്.എച്ച്.

**സിൻഡിക്കേറ്റ് അംഗങ്ങൾ**

**ബത്തേരി:** ശ്രീ. അൻസിബിൾ സെബാസ്റ്റ്യൻ വാഴപ്പള്ളിതടത്തിൽ (അമ്പലവയൽ), കുമാരി അലീന പൗലോസ് വട്ടക്കുന്നേൽ (കരണി).

**ചുങ്കക്കുന്ന്:** ശ്രീ. വിമൽ കൊച്ചുപുരക്കൽ (വെള്ളൂന്നി), കുമാരി മരിയ ജോമോൻ വലിയ വീട്ടിൽ (ചുങ്കക്കുന്ന്)
**ദ്വാരക:** ശ്രീ. ബിബിൻ പിലാപ്പിള്ളി (ദ്വാരക), കുമാരി ദിവ്യ പീറ്റർ പാട്ടശ്ശേരിൽ (കൊമ്മയാട്)
**കൽപ്പറ്റ:** ശ്രീ. ഷാരോൺ നീലംകാവിൽ (കൽപ്പറ്റ), കുമാരി ജോസ് ലിൻ കദളിമറ്റം (തെനേരി)
**മാനന്തവാടി:** ശ്രീ. എബിൻ ഷാജി മൂഴിയാങ്കൽ (വാളാട്), കുമാരി ഡ്യൂണ മരിയ കിഴക്കേമണ്ണൂർ (ടൗൺ ചർച്ച്. മാനന്തവാടി)
**മണിമൂളി:** ശ്രീ. അഖിൽ കൊല്ലംപറമ്പിൽ (പാതിരിപ്പാടം), കുമാരി അൽന ജിജി പാലമലയിൽ (പാതിരിപ്പാടം)
**മുള്ളൻകൊല്ലി:** ശ്രീ. ക്രിസ്റ്റി കാരുവള്ളിത്തറ (കബിനിഗിരി), ശലഭ അജിത് മഠത്തിൽ (മുള്ളൻകൊല്ലി)
**നടവയൽ:** ശ്രീ. നിഖിൽ ചൂടിയാങ്കൽ (പറളികുന്ന്), കുമാരി എയ്ഞ്ചൽ മരിയ പയ്യനാട്ട് (ചുണ്ടക്കര)
**നീലഗിരി:** ശ്രീ. ബ്രിട്ടോ ജോസ് വാഴയിൽ (കൽപ്ര), കുമാരി ലിജിഷ ഷാജി പാലാട്ടുകുഴിയിൽ (കൽപ്ര)
**നിലമ്പൂർ:** ശ്രീ. ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ (വള്ളിക്കെട്ട്), കുമാരി അമിത ജേക്കബ് പുത്തൻപുരക്കൽ (വള്ളിക്കെട്ട് )
**പയ്യമ്പള്ളി:** ശ്രീ. ജോബിൻ തടത്തിൽ (ഒണ്ടയങ്ങാടി), കുമാരി അമൽഡ റ്റി റെജി തൂപ്പുംകര (കമ്മന)
**തരിയോട്:** ശ്രീ. അബിനന്ദ് കൊച്ചുമലയിൽ (കാവുംമന്ദം), കുമാരി ജെസ്നി പുത്തൻ വീട്ടിൽ (തരിയോട്)
**ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ് പ്രതിനിധികൾ:**
ഫാ. നിധിൻ പാലക്കാട്ട്, സി. നാൻസി എസ്.എ.ബി.എസ്.
**Ex-officio members**

ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ, സി. സാലി ആൻസ് സി.എം.സി ശ്രീ. ജിഷിൻ മുണ്ടയ്ക്കാതടത്തിൽ, കുമാരി ബെറ്റി അന്ന പുതുപ്പറമ്പിൽ, ശ്രീ. ജസ്റ്റിൻ വർഗീസ് തെക്കേമുറിയിൽ, കുമാരി ഗ്രാലിയ അന്ന അലക്സ് വെട്ടുകാട്ടിൽ.

**2025 പ്രവർത്തനവർഷത്തെ സംസ്ഥാന പ്രതിനിധികൾ**

ശ്രീ. ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ (സിൻഡിക്കേറ്റ്), കുമാരി റ്റെസ്സിൻ തോമസ് വയലിൽ (സിൻഡിക്കേറ്റ്), ശ്രീ. ഡെലിസ് സൈമൺ വയലുങ്കൽ, (സെനറ്റ്, SMYM കൗൺസിലർ), ശ്രീ. റ്റിജിൻ വെള്ളപ്ലാക്കിൽ (സെനറ്റ്), ശ്രീ. ആശിഷ് ജോബ് കാവുങ്കൽ (സെനറ്റ്), കുമാരി അമൽഡ റ്റി റെജി തൂപ്പുംകര (സെനറ്റ്, SMYM കൗൺസിലർ)

**യൂണിറ്റ് വാർത്തകൾ**

**തോണിച്ചാൽ**

ക്രിസ്തുമസ് ആഘോഷമാക്കുന്നതിനോടൊപ്പം പാവപ്പെട്ട കുട്ടികളെ കൂടി നമ്മോടൊപ്പം ചേർത്ത് നിർത്താം എന്ന ആശയം മുൻനിർത്തി, 'ഉണ്ണിക്കൊരു സമ്മാനം' എന്ന പേരിൽ ഇടവകാംഗ ങ്ങളിൽ നിന്നും സമ്മാനങ്ങൾ ശേഖരിക്കുകയും, തോണിച്ചാൽ എമ്മാവൂസ് വില്ലയിലെ കുട്ടികൾക്ക് നൽകുകയും ചെയ്തു കൊണ്ട് ക്രിസ്തുമസ് പുതുവത്സരം ആഘോഷിച്ചു. പുതുവർ ഷത്തെ വരവേൽക്കാനായി, കഴിഞ്ഞ ഒരു വർഷം ഈശോ നമുക്ക് നൽകിയിരിക്കുന്ന എല്ലാ അനുഗ്രഹങ്ങൾക്കും, കൃപകൾക്കും നന്ദി പറഞ്ഞുകൊണ്ട് യുവജനങ്ങൾ ദേവാലയത്തിൽ ആരാധന യിലും, പ്രാർത്ഥനയിലും പങ്കുചേർന്നു.

**പാതിരിപ്പാടം യൂണിറ്റ്**

യുവജനങ്ങളുടെ നേതൃത്വത്തിൽ നക്ഷത്രമുണ്ടാക്കി പള്ളി യിൽ സ്ഥാപിച്ചു. വികാരിയച്ചന്റെ നേതൃത്വത്തിൽ പുതിയ ഭാര വാഹികളെ തിരഞ്ഞെടുത്തു അവർക്ക് ആശംസകൾ നേരുകയും മുൻ ഭാരവാഹികൾക്ക് നന്ദി അറിയിക്കുകയും ചെയ്തു. മേഖലാ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട പാണേങ്ങാട്ടു ജോയലിനു അഭിനന്ദങ്ങൾ. കെ.സി.വൈ.എം ന്റെയും മിഷൻ ലീഗിന്റെയും നേതൃത്വത്തിൽ എടക്കരയിൽ ഗ്ലോറിയ മീറ്റിൽ യുവജനങ്ങൾ പരിപാടികൾ അവതരിപ്പിച്ചു. യുവജനങ്ങളുടെ നേതൃത്വത്തിൽ പുൽക്കൂട് നിർമ്മിച്ചു. ബഹു. വികാരിയച്ചന്റെ പൗരോഹിത്യ സ്വീകരണ ദിനത്തിന്റെ ആശംസകൾ അറിയിച്ചു പ്രാർത്ഥിച്ചു.

**കയ്യൂന്നി**

ചെറുപുഷ്പമിഷൻലീഗ് കേരള സംസ്ഥാന സമിതി സംഘ ടിപ്പിച്ച ഹൃദയതാളം 2024 മഹാസംഗമത്തിൽ കെ.സി.വൈ.എം. അംഗങ്ങൾ ക്രിസ്മസ് ഡാൻസ് അവതരിപ്പിച്ചു. 14 പേർ പങ്കെ ടുത്തു. ചെറുകാട്ടൂർ പള്ളിയിലുള്ള വിശുദ്ധരുടെ തിരുശേഷിപ്പു കൾ കെ.സി.വൈ.എം. അംഗങ്ങൾ സന്ദർശിക്കുകയും നിയോ ഗങ്ങൾ സമർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. ഇടവകയിലെ 5 മേഖലകളിലും ക്രിസ്തുമസ് സന്ദേശം എത്തിക്കുക എന്ന ലക്ഷ്യ ത്തോടെ നക്ഷത്രരാവ് 2024 നടത്തി. ഇടവകാതിർത്തിയിലുള്ള 5 ടൗണുകളിലും ഇടവകയിലെ എല്ലാ യുവജനങ്ങളുടെയും പങ്കാളിത്തത്തോടെ നാനാജാതി മതസ്ഥരായ നൂറു കണക്കിന് ആളുകളെ സാക്ഷി നിർത്തിയാണ് പ്രോഗ്രാം അവതരിപ്പിച്ചത്.

ക്രിസ്തുമസ് ദിനത്തിൽ പള്ളി അങ്കണത്തിൽ ക്രിസ്തുമസ് ആഘോഷം യുവജനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു.

**വിമൽ കൊച്ചുപുരയ്ക്കൽ** (ജനറൽ സെക്രട്ടറി)

## കെ.സി.ബി.സി മദ്യവിരുദ്ധസമിതി

**1. സംസ്ഥാന സമ്മേളനം:** 7-12-2014 ന് എറണാകുളത്ത് POC യിൽ വച്ച് നടന്ന കെ.സി.ബി.സി മദ്യവിരുദ്ധ സമിതി സംസ്ഥാന അർദ്ധവാർഷിക സമ്മേളനത്തിൽ രൂപതയിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തു. രൂപതാ സെക്രട്ടറി ശ്രീ. മാത്യു ആര്യപ്പിള്ളി പ്രവർത്തന റിപ്പോർട്ട് സമർപ്പിച്ചു. രൂപതാ പ്രസിഡണ്ട് വി. ഡി. രാജു സമ്മേളനത്തിൽ സന്നിഹിതനായിരുന്നു.

**2. ലഹരി വിരുദ്ധ സെമിനാർ:** 17-12-2024 ദ്വാരക പാസ്റ്റർ സെന്ററിൽ വച്ചുനടന്ന വിവാഹഒരുക്ക കോഴ്സിൽ സമിതി ഡയറക്ടർ ലഹരിവസ്തുക്കൾക്കെതിരെയുള്ള ക്ലാസുകൾ നയിച്ചു.

**3. 'A A' വാർഷിക യോഗത്തിൽ പങ്കെടുത്തു:** 2025 ജനുവരി 12 ന് പടമല മോചന 'AA' കൂട്ടായ്മയുടെ പതിനഞ്ചാമത് വാർഷിക യോഗത്തിൽ സമിതി ഡയറക്ടർ പങ്കെടുത്തു. ലഹരിയിൽ നിന്നും മോചനം നേടിയ കുടുംബങ്ങൾക്കും വ്യക്തികൾക്കും അവാർഡുകൾ സമ്മാനിച്ചു. സമ്മേളനത്തിൽ ഇടവക വികാരി ഫാ. ജിമ്മി ഓലിക്കൽ അധ്യക്ഷത വഹിച്ചു. മുക്തി ഡി അഡിക്ഷൻ സെന്റർ ഡയറക്ടർ ഫാ. സുജിൻ സന്ദേശം നൽകി.

**4. 'AA' കൂട്ടായ്മ ആരംഭിച്ചു:** ഗൂഡല്ലൂർ റീജണിൽ ധർമ്മഗിരി ഇടവകയിൽ മദ്യംഉപേക്ഷിച്ചവർക്കായി 'A A' കൂട്ടായ്മ ആരംഭിച്ചു. ഇടവക വികാരി ഫാ. ബിജു തുരുത്തേൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു. സമിതി ഡയറക്ടർ കൂട്ടായ്മ ഉദ്ഘാടനം ചെയ്ത് ക്ലാസുകൾ നയിച്ചു.

**5. രൂപതാ എക്സിക്യൂട്ടീവ് യോഗം:** രൂപതാ സമിതിയുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് 2025 ജനുവരി 23 ന് ദ്വാരക പാസ്റ്റൽ സെന്ററിൽ ചേർന്നു. ഇരുപതാം പ്രവർത്തനങ്ങൾ വിലയിരുത്തി. സംസ്ഥാനത്തിന്റെ പുതിയ മദ്യനയത്തിനെതിരെ പ്രമേയം പാസാക്കി.

**രാജു വരിയാറയിൽ**
രൂപതാ പ്രസിഡണ്ട്

### വിവാഹ ഒരുക്ക കോഴ്സ്

ജനുവരി മാസത്തെ വിവാഹ ഒരുക്ക കോഴ്സിൽ 72 പേർ പങ്കെടുത്തു. ഫെബ്രുവരി മാസത്തിൽ വിവാഹ ഒരുക്ക കോഴ്സ് 7,8,9 തീയതികളിലും, മാർച്ച് മാസത്തിൽ വിവാഹ ഒരുക്ക കോഴ്സ് 7,8,9 തീയതികളിലും മണിമൂളിയിൽ വച്ച് മാർച്ച് മാസത്തിൽ വിവാഹ ഒരുക്ക കോഴ്സ് 28,29,30 എന്നീ തിയതികളിലും നടത്തപ്പെടുന്നു.

### രൂപതാ വാർത്തകൾ

### മാതൃവേദി

2025 - 27 വർഷത്തേക്ക് പുതുതായി തെരഞ്ഞെടുക്കപ്പെട്ട രൂപതാ ഭാരവാഹികൾ അഭിവന്ദ്യ മാർ ജോസ് പോരുന്നേടം പിതാവിനെ സന്ദർശിക്കുകയും മാർഗനിർദ്ദേശം സ്വീകരിക്കുകയും ഭാവി പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. സമൂഹത്തിൽ അമ്മമാരുടെ ശ്രദ്ധയും ഇടപെടലും ആവശ്യമായ മേഖലകൾ പിതാവ് ചൂണ്ടി കാണിക്കുകയും സാമൂഹിക പരിവർത്തനത്തിന് ഉതകുന്ന വ്യത്യസ്തവും നൂതനവുമായ പ്രവർത്തനങ്ങളിലൂടെ അമ്മമാർ സമൂഹത്തിൽ സ്വാധീനം ചെലുത്താൻ തക്കവിധം ഉണർന്നു പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത പിതാവ് എടുത്തു പറയുകയുണ്ടായി. പിതാവിന് മധുരം നൽകി ക്രിസ്മസ് ആശംസകൾ നേരുകയും അനുഗ്രഹം നേടുകയും ചെയ്തു. തിരുപ്പിറവിക്ക് ഒരുക്കമായി ഡിസംബർ മാസം മുഴുവൻ അമ്മമാർ വിശുദ്ധബലയിൽ സംബന്ധിക്കുകയും നിയോഗങ്ങൾ സമർപ്പിച്ച് പ്രാർത്ഥിക്കുകയും സുകൃതങ്ങൾ കൊണ്ടും കാരുണ്യ പ്രവർത്തികൾ കൊണ്ടും ഹൃദയങ്ങളിലും കുടുംബങ്ങളിലും പുൽക്കൂട് ഒരുക്കുകയും തിരുപ്പിറവി ആഘോഷിക്കുകയും ചെയ്തു. ക്രിസ്മസ് ഒരുക്കത്തിന് ആവശ്യമായ സുകൃതങ്ങളും നിയോഗങ്ങളും തയ്യാറാക്കി രൂപതയിൽ നിന്നും എല്ലാ മേഖലകളിലേക്കും അയച്ചു നൽകി. മേഖലകൾ അത് എല്ലാ ഇടവകകളിലേക്കും കൈമാറി നൽകുകയും ചെയ്തു. ഡിസംബർ 19-ാം തീയതി രൂപത ഓഫീസിൽ വച്ച് കോർകമ്മിറ്റി ചേരുകയും ഭാവിപ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. 03-01-2025 ന് സംയുക്ത എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി പഴയ ഭാരവാഹികൾ പുതിയ ഭാരവാഹികൾക്ക് ഉത്തരവാദിത്വം കൈമാറി.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 17 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ഫെബ്രുവരി 18.

**മേഖല വാർത്തകൾ**

**കൽപ്പറ്റ**

ബത്‌ലഹേം ബീറ്റ്സ് 2024 കരോൾ ഗാനം മത്സരം നടത്തി. കൽപ്പറ്റ, തേനേരി, ഒലിവുമല എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

**മുള്ളൻകൊല്ലി**

25 നോമ്പ് ആചരിച്ചു. ലഹരിക്ക് അടിമപ്പെട്ടുപോയ കുടുംബങ്ങളെ സമർപ്പിച്ച് പ്രാർത്ഥിച്ചു. 12 യൂണിറ്റിലേയ്ക്ക് ദിവസവും പ്രാർത്ഥനകൾ ഗ്രൂപ്പിലൂടെ നൽകി. സാധു കുടുംബങ്ങൾക്ക് ക്രിസ്മസ് കിറ്റ് നൽകി. രൂപതാ വാർഷികത്തിന് 12 യൂണിറ്റും പങ്കെടുത്തു.

**തരിയോട്**

മേഖല വാർഷികം സംഘടിപ്പിച്ചു. കഴിഞ്ഞ ഒരു വർഷം നടത്തിയ മത്സര വിജയികൾക്ക് സമ്മാനങ്ങൾ നൽകി. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. 2024 ലെ മാതൃവേദി പ്രവർത്തനങ്ങളിൽ രൂപതയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. 2025 ലെ മേഖലാ പ്രവർത്തന മാർഗ്ഗരേഖ ആനിമേറ്റർ റിൻസി സിസ്റ്റർ പ്രകാശനം ചെയ്തു. പുൽക്കൂട്ടിലെ ഉണ്ണി എന്ന വിഷയത്തെ അടിസ്ഥാനമാക്കി ചിത്ര രചന മത്സരം നടത്തി. തിരുപ്പിറവിയുമായി ബന്ധപ്പെട്ട് ഷോർട് വീഡിയോ മത്സരം സംഘടിപ്പിച്ചു. 2024ൽ മികച്ച പ്രവർത്തനങ്ങൾ നടത്തിയ ഇടവകകൾക്ക് മൊമെൻറ്റോ നൽകി.

**ശാഖാ വാർത്തകൾ**

**പാതിരിപ്പാടം**

മേഖലാ കരോൾഗാന മത്സരത്തിൽ പങ്കെടുത്ത് ഒന്നാം സ്ഥാനം കരസ്ഥമാക്കി. അമലോത്ഭവ മാതാവിന്റെ തിരുനാൾ ആഘോഷിച്ചു. 5 ഭവനങ്ങൾ സന്ദർശിച്ച് കേക്ക് നൽകി. ദേവാലയവും, പരിസരവും വൃത്തിയാക്കി.

**പോരൂർ**

ദേവാലയവും, പരിസരവും വൃത്തിയാക്കി. രൂപതാ വാർഷികത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. ക്രിസ്തുമസ് ദിനത്തിൽ ഇടവകയിലെ 17 അമ്മമാർ ചേർന്ന് കരോൾ ഗാനം പാടി.

**സീതാമൗണ്ട്**

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. ഗർഭിണികളെ സന്ദർശിച്ചു. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. എക്സിക്യൂട്ടീവ്

അംഗങ്ങൾ പുൽപള്ളി തിരുഹൃദയ ദേവാലയം സന്ദർശിച്ചു. ഭിന്നശേഷിക്കാരായ കുട്ടികളെ സന്ദർശിച്ചു സാമ്പത്തിക സഹായവും മധുരപലഹാരവും നൽകി. മേഖലാതല കരോൾഗാന മത്സരത്തിൽ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി. ഫണ്ട് ശേഖരണാർത്ഥം ചായപ്പൊടി വില്പന നടത്തി.

**കയ്യൂന്നി**

25 നോമ്പാരംഭംകുറിച്ച് ഭവനങ്ങളിൽ ഉണ്ണിക്കൊന്ത, സുകൃതജപങ്ങൾ, സംത്കൃത്യങ്ങൾ എന്നിവ അനുഷ്ഠിക്കുവാൻ അമ്മമാരുടെ ഗ്രൂപ്പിൽ മെസ്സേജുകൾ നൽകി. യൂണിറ്റ് തലത്തിൽ ക്രിസ്തുമസ് ഫ്രണ്ടിനെ എടുത്ത് പ്രാർത്ഥനാശംസകൾ, സമ്മാനങ്ങൾ എന്നിവ കൈമാറി. 15000/- രൂപയ്ക്ക് 10 കുടുംബങ്ങൾക്കായി ഭക്ഷണകിറ്റ് നൽകി.

**വാളവയൽ**

എക്സിക്യൂട്ടീവ് കൂടി. ക്രിസ്തുമസിനോടനുബന്ധിച്ച് അക്രൈസ്തവ കുടുംബങ്ങളിൽ കേക്ക് വിതരണം ചെയ്തു. എല്ലാ വീടുകളിലും പുൽകൂട് നിർമ്മാണ മത്സരം നടത്തി. എല്ലാ വീടുകളിലും വിഷരഹിത പച്ചക്കറി ഉണ്ടാക്കുവാൻ അടുക്കളത്തോട്ടം നിർമ്മിക്കുകയും മികച്ച അടുക്കളത്തോട്ടത്തിന് സമ്മാനം നൽകുകയും ചെയ്തു. മേഖല കരോൾഗാന മത്സരത്തിൽ പങ്കെടുത്തു.

**മരക്കടവ്**

സമ്പൂർണ ബൈബിൾ പാരായണം നടത്തി. വിയാനി ഭവൻ സന്ദർശിച്ചു. 10 നിർദ്ദന കുടുംബങ്ങൾക്ക് കിറ്റ് വിതരണം നടത്തി. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. ഓൾഡേജ് ഹോമിലെ അമ്മമാർക്ക് കേക്ക് നൽകി. വൃദ്ധമാതാപിതാക്കൾ, രോഗികൾ എന്നിവരെ സന്ദർശിച്ചു. മേഖലാതലത്തിൽ നടത്തിയ കരോൾഗാന മത്സരത്തിൽ പങ്കെടുത്തു.

**പാലാങ്കര**

നോമ്പ് ആചരിച്ചു. കരോൾഗാന മത്സരത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. മേഖലയിൽ ബെസ്റ്റ് ശാഖയായി തിരഞ്ഞെടുത്തു. എക്സിക്യൂട്ടീവ് കൂടി. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി. ഇടവകയിലെ ഏറ്റവും പ്രായമായ അമ്മയ്ക്ക് കേക്ക് നൽകി ആദരിച്ചു.

**താളിപ്പാടം**

കരോൾഗാന മത്സരത്തിൽ പങ്കെടുത്തു. എക്സിക്യൂട്ടിവ് കൂടി. രോഗീസന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. ദേവാലയവും, പരിസരവും വൃത്തിയാക്കി. 25 വർഷം പൂർത്തിയാക്കി മുൻ എച്ച്.എംന് സ്ഹോപഹാരം നൽകി ആദരിച്ചു. എക്സി

ക്യൂട്ടിവ് അംഗങ്ങൾ ക്രിസ്മസ് ഫ്രണ്ടിനെ തിരഞ്ഞെടുത്തു ഗിഫ്റ്റുകൾ കൈമാറി.

**പുതുശ്ശേരിക്കടവ്**

ചുള്ളിയോട് മേഴ്സിഹോം സന്ദർശിച്ച് 16000/- രൂപ ധന സഹായം നൽകി. മാതൃവേദിയുടെ ആഭിമുഖ്യത്തിൽ ഇടവകയുടെ 10 യൂണിറ്റുകളിൽ നിന്നായി 70-ഓളം അമ്മമാർ കരോൾ ഗാനമത്സരത്തിൽ പങ്കെടുത്തു. വിജയികൾക്ക് സമ്മാനം നൽകി. മേഖലയിൽ വെച്ചു നടത്തിയ പെൻസിൽ ഡ്രോയിംഗ് മത്സരത്തിൽ ഒന്നാം സമ്മാനം കരസ്ഥമാക്കി.

**തോമാട്ടുചാൽ**

രോഗീസന്ദർശനം, ഭവനസന്ദർശനം എന്നിവ നടത്തി. ഒരു വർഷത്തിനിടെ ഇടവകയിൽ നിന്നും മരിച്ചുപോയവരുടെ ഭവനം സന്ദർശിച്ചു പ്രാർത്ഥിച്ച് ക്രിസ്തുമസ് കേക്ക് നൽകി. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. എക്സിക്യൂട്ടീവ് കൂടി. സാമ്പത്തികമായി പിന്നോട്ട് നിൽക്കുന്നവർക്ക് ഭക്ഷ്യകിറ്റ് നൽകി. ദേവാലയവും പരിസരവും വൃത്തിയാക്കി.

**പ്രശാന്തഗിരി**

എക്സിക്യൂട്ടീവ് യോഗം കൂടി. ഭവനസന്ദർശനം രോഗീസന്ദർശനവും നടത്തി. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. കുറി നടത്താനും തീരുമാനിച്ചു. ക്രിസ്മസ് കരോളിൽ പങ്കെടുത്തു. പണിയ കോളനികൾ, ഇടവകയിൽ ക്യാൻസർ രോഗികളുള്ള ഭവനങ്ങൾ സന്ദർശിച്ച് കേക്ക് വിതരണം നടത്തി. പുൽക്കൂട് മത്സരത്തിൽ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി.

**മക്കിയാട്**

വൃദ്ധമാതാപിതാക്കളെയും രോഗികളെയും സന്ദർശിച്ച് ക്രിസ്തുമസ് കേക്ക് നൽകി. ക്രിസ്തുമസ് കരോൾ മത്സരത്തിൽ പങ്കെടുത്തു. മേഖല നടത്തിയ പച്ചക്കറിത്തോട്ടം നിർമ്മാണ മത്സരത്തിൽ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി. റേഡിയോ മറ്റൊലിയിൽ ക്രിസ്മസ് ദിനത്തിൽ കരോൾ ഗാനമാലപിച്ചു.

**കോട്ടത്തറ**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. ഏലീശ്വ സന്ദർശനം നടത്തി. മേഖലാ വാർഷികത്തിൽ 12 അമ്മമാർ പങ്കെടുത്തു.രോഗീ സഹായം, പഠനസഹായം എന്നിവ നൽകി. കോളനിയിൽ കേക്കുകൾ വിതരണം ചെയ്തു. പള്ളിയും പരിസരവും വൃത്തിയാക്കി. കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ ദിനത്തിൽ ഇടവകയിലെ കൊച്ചുകുട്ടികളെ സന്ദർശിച്ച് സമ്മാനങ്ങൾ നൽകി.

**പൂളപ്പാടം**

ഡിസംബർ 1 മുതൽ 25 വരെ ഉണ്ണീശോയ്ക്ക് ഒരു പുൽക്കൂട് ഒരുക്കാം എന്ന പേരിൽ വാട്സാപ്പ് സ്റ്റാറ്റസ് വീഡിയോസ് നിർമ്മിച്ച് മാതൃവേദി അംഗങ്ങൾ സ്റ്റാറ്റസ് പങ്കുവെച്ചു. മാതാവിന്റെ തിരുനാളിൽ ജപമാല റാലി നടത്തി. കെ.സി.വൈ.എം സംഘടനയുമായി സഹകരിച്ച് മേഖല ാമാതൃവേദി നടത്തിയ ഉണ്ണീശോയ്ക്ക് എന്ന പദ്ധതിയിലേക്ക് 16 പുത്തനുടുപ്പുകൾ നൽകി.

**റൂബിനഗർ**

രോഗീസന്ദർശനം നടത്തി. രണ്ട് രോഗികൾക്കായി 6000/- രൂപ നൽകി. പാലിയേറ്റീവ് ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുത്തു. സെമിനാർ നടത്തി.

**പനവല്ലി**

മേഖലാ, രൂപതാ വാർഷികങ്ങളിൽ പങ്കെടുത്തു. 25 നോമ്പ് ആചരിച്ചു. രോഗീ സന്ദർശനം നടത്തി.

**വടപുറം**

രൂപതാ വാർഷികത്തിൽ മൂന്ന് എക്സിക്യൂട്ടിവ് അംഗങ്ങൾ പങ്കെടുത്തു. ക്രിസ്തുമസിന് ഒരുക്കമായി രോഗികളെയും വൃദ്ധമാതാപിതാക്കളെയും സന്ദർശിച്ചു. ജനുവരി മാസത്തെ പ്രവർത്തനമാർഗരേഖ മേഖലയ്ക്കു വേണ്ടി തയ്യാറാക്കി. മേഖലാതല കരോൾ ഗാനമത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഐക്യ ക്രിസ്മസ് റാലിയിൽ അമ്മമാർ പങ്കെടുത്തു.

**കബനിഗിരി**

വിധവയായ വൃദ്ധമാതാവിന്റെ വീട് വൃത്തിയാക്കി, ഭക്ഷണം ഉണ്ടാക്കി നൽകി. അമലോൽഭവ മാതാവിന്റെ തിരുനാൾ സമർപ്പണ ദിനമായി ആചരിച്ചു. രൂപതാ വാർഷികത്തിൽ 8 പേർ പങ്കെടുത്തു. മേഖലാ കരോൾഗാന മത്സരത്തിൽ പങ്കെടുത്തു. മുള്ളൻകൊല്ലി മേഖലാ ഐക്യക്രിസ്തുമസ്സ് റാലിയിൽ പങ്കെടുത്തു. പള്ളിയും പരിസരങ്ങളും, സിമിത്തേരിയും സ്മൃതി മണ്ഡപവും വൃത്തിയാക്കി.

**മഞ്ഞൂറ**

പള്ളിയും പരിസരവും, സിമിത്തേരിയും വൃത്തിയാക്കി. മാർഗ്ഗരേഖ തയ്യാറാക്കി തിരുനാളിനോടനുബന്ധിച്ച് നടത്തിയ പ്രോഗ്രാമിൽ അമ്മമാരുടെ കലാപരിപാടികൾ ഉണ്ടായിരുന്നു. രോഗീ സന്ദർശനം നടത്തി.

**പട്ടാണിക്കൂപ്പ്**

25 നോമ്പ്, അമലോൽഭവ മാതാവിന്റെ തിരുനാൾ എന്നിവ ആചരിച്ചു. മേഖലാ കരോൾഗാന മത്സരത്തിൽ അമ്മമാർ പങ്കെടുത്തു. മുള്ളൻകൊല്ലി മേഖല പുൽപ്പള്ളിയിൽ വച്ച് നടത്തിയ

ഗ്ലോറിയ 2024 ക്രിസ്മസ് പരിപാടിയിലും റാലിയിലും അമ്മമാർ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി.

**കാരയ്ക്കാമല**

അമ്മമാർ സ്വന്തമായി നിർമ്മിച്ച കേക്കുമായി ഇടവകയിലെ 18 കിടപ്പുരോഗികളുടെ വീടുകൾ സന്ദർശിച്ചു. രൂപതാ വാർഷികത്തിൽ ഭാരവാഹികൾ പങ്കെടുത്തു. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് ശേഖരണാർത്ഥം ഞായറാഴ്ച സൺഡേ സ്റ്റാളും ക്രിസ്മസ് ദിനത്തിൽ കോഫീ സ്റ്റാളും നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി.

**ദീപ്തിഗിരി**

രോഗീസന്ദർശനം നടത്തി പ്രാർത്ഥിച്ചു. മേഖലാതലത്തിൽ നടന്ന കരോൾഗാന മത്സരത്തിൽ പങ്കെടുത്ത് ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഇടവകയിലെ അമ്മമാർക്ക് പച്ചക്കറിതൈ വിതരണം ചെയ്തു. പള്ളിയും പരിസരവും വൃത്തിയാക്കി.

**മാർട്ടിൻ നഗർ**

മേഖലാ വാർഷികം ഒണ്ടയങ്ങാടി മാർട്ടിൻ നഗറിൽ വച്ച് നടത്തി. രൂപതാ വാർഷികത്തിൽ ആനിമേറ്ററും എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുത്തു. മെഡിക്കൽ കോളേജിൽ ഭക്ഷണം പാകം ചെയ്യാൻ സഹായിച്ചു. രോഗീസന്ദർശനം നടത്തി. 25 നോമ്പിന്റെ ഓഹരിയായി സമാഹരിച്ച തുക കൊണ്ട് അഞ്ച് കുടുംബങ്ങൾക്ക് ക്രിസ്മസ് കിറ്റ് നൽകി.

**പുൽപ്പള്ളി**

പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി. ചികിത്സാസഹായം നൽകി. സിമിത്തേരി വൃത്തിയാക്കി. ക്രിസ്തുമസ് കിറ്റ് നൽകി. മാതൃവേദിയുടെ നേതൃത്വത്തിൽ ക്രിസ്മസ് ട്രീ ഒരുക്കി. ഭിന്നശേഷി കുട്ടിയുടെ ഭവനം സന്ദർശിച്ച് സമ്മാനം നൽകി.

**പാടിച്ചിറ**

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. രൂപത വാർഷികത്തിന് 6 അംഗങ്ങൾ പങ്കെടുത്തു. ഇടവകയിൽ നടന്ന കരോൾഗാന മത്സരത്തിൽ അമ്മമാർ സജീവമായി പങ്കെടുത്തു . മുള്ളൻകൊല്ലി മേഖലയിലെ 12 യൂണിറ്റുകൾ പങ്കെടുത്ത ഗ്ലോറിയ 2024 കരോൾ ഗാനമസരത്തിൽ പാടിച്ചിറ യൂണിറ്റിന് രണ്ടാം സ്ഥാനം ലഭിച്ചു. ഐക്യ ക്രിസ്മസ് റാലിയിൽ അമ്മമാർ പങ്കെടുത്തു. ഏലീശ്വാ സന്ദർശനം നടത്തി. രോഗീസന്ദർശനം, ഭവനസന്ദർശനം എന്നിവ നടത്തി.

**ചെന്നലോട്**

കരോൾഗാന മത്സരം നടത്തി, വിജയികൾക്ക് സമ്മാനം നൽകി. കലാപഭൂമിയായ മണിപ്പൂരിൽ നിന്നും പഠനത്തിനെത്തിയ

വിദ്യാർത്ഥികളുടെ ചെലവിന് വേണ്ടിയുള്ള സാമ്പത്തിക സമാഹരണത്തിൽ പങ്കു ചേർന്നു. 2025 ആനിമേറ്റർ സിസ്റ്റർ റോസ് മരിയ പ്രകാശനം ചെയ്തു. രൂപതാ വാർഷികം, മേഖല വാർഷികം എന്നിവയിൽ പങ്കെടുത്തു. ക്രിസ്മസുമായി ബന്ധപ്പെട്ട Short Video Making മത്സരത്തിൽ പങ്കെടുത്തു. യൂണിറ്റ്തല കരോൾ പരിപാടിയിൽ പങ്കെടുത്തു.

**മുള്ളൻകൊല്ലി**

രൂപതാ വാർഷികത്തിൽ 6 പേർ പങ്കെടുത്തു. മുള്ളൻകൊല്ലി മേഖല നടത്തിയ കരോൾഗാന മത്സരത്തിൽ 7 അമ്മമാർ പങ്കെടുത്തു. YMCA യുടെ നേതൃത്വത്തിൽ നടത്തിയ കരോൾ ഗാന മത്സരത്തിൽ ആടിക്കൊല്ലി മാതൃവേദി മൂന്നാം സ്ഥാനവും 2001/ രൂപ ക്യാഷ്പ്രൈസും നേടി. ചികിത്സാ സഹായം നൽകി. രോഗീസന്ദർശനം നടത്തി.

**കരിമാനി**

രോഗീ സന്ദർശനം നടത്തി. രോഗാധിക്യത്താൽ കഴിയുന്ന ഒരു സഹോദരന്റെ ഭവനത്തിൽ പോയി കേക്ക് നൽകി. അക്രൈസ്തവ ഭവനത്തിൽ പ്രായാധിക്യത്താൽ കഴിയുന്ന അമ്മയേയും കുടുബാംഗങ്ങളേയും സന്ദർശിച്ചു. ഫണ്ട് സ്വരൂപണത്തിന്റെ ഭാഗമായി കേക്ക് വിറ്റു.

**കല്ലോടി**

ക്രിസ്തുമസ്സിനോടനുബന്ധിച്ച് നിർധനരും രോഗികളുമായ 7 കുടുംബങ്ങൾക്ക് 1000/-രൂപ ധനസഹായവും കേക്കും നൽകി.

**ശിശുമല**

രൂപതാ വാർഷികത്തിൽ പങ്കെടുത്തു. വിയാനിഭവൻ, വൈദികരുടെ സെമിത്തേരി എന്നിവ സന്ദർശനം നടത്തി. മേഖലാ കരോൾ ഗാന മത്സരത്തിൽ പങ്കെടുത്തു. മുള്ളൻകൊല്ലി മേഖലയുടെ ആഭിമുഖ്യത്തിൽ പുൽപള്ളിയിൽ നടന്ന ഗ്ലോറിയ 2024 ക്രിസ്തുമസ് റാലിയിൽ പങ്കെടുത്തു. ഒരു കുടുംബത്തിന് ക്രിസ്തുമസ് കിറ്റ് നൽകി. പള്ളിയും പരിസരവും, സെമിത്തേരിയും എന്നിവ വൃത്തിയാക്കി. കൊന്ത, പലഹാരം, നാടൻ തേൻ എന്നിവ വിൽക്കുന്നതിന് സ്റ്റാൾ ഇട്ടു വിൽപ്പന നടത്തി. ഏലീശാ സന്ദർശനം, രോഗീസന്ദർശനം എന്നിവ നടത്തി

**മംഗളം**

സ്നേഹഭവൻ സന്ദർശിച്ച് അവർക്ക് സാധനങ്ങൾ, തുണികൾ എനിവ നൽകി. അവരുടെ തുണികൾ അലക്കി കൊടുത്തു. മേഖലാ വാർഷികത്തിൽ സംബന്ധിച്ചു. ചിത്രരചന മത്സരം, വീഡിയോ നിർമ്മാണ മൽസരംഎന്നിവയിൽ പങ്കെടുത്തു. കിടപ്പ്

രോഗിയെ സന്ദർശിച്ചു. സ്നേഹഭവനിലെ അന്തേവാസികൾക്ക് ഒരു നേരത്തെ ഭക്ഷണം നൽകുന്നതിന് സംഭാവന നൽകി.

**കുറുമ്പാല**

രൂപതാ വാർഷികത്തിൽ പങ്കെടുത്തു. രൂപതാ വിഹിതം നൽകി. രണ്ട് സാധു കുടുംബങ്ങളെ സന്ദർശിച്ച് 1000/- രൂപ വീതം സഹായം നൽകി. വിഭാര്യനായ ഒരു വ്യക്തിക്ക് 1000/ രൂപ നൽകി. വിധവാസഹായമായി 1000/- രൂപ നൽകി. ബുദ്ധിമാന്ദ്യം ഉള്ള കുട്ടിയുടെ ഭവനം സന്ദർശിച്ച് 1000/- രൂപ സഹായം നൽകി. രോഗീസന്ദർശനം നടത്തി. മേഖലാ വാർഷികത്തിൽ പങ്കെടുത്തു. കാവുംമന്ദത്തെ ഓൾഡേജ് ഹോം സന്ദർശിച്ചു.

**കേളകം**

അഗതിമന്ദിരത്തിൽ പൊതിച്ചോറ് നൽകി. ഒരു നിർധന വിദ്യാർത്ഥിക്ക് പഠനസഹായം നൽകി. രോഗീസന്ദർശനം നടത്തി. ഉപവാസത്തിലൂടെ നീക്കി വെച്ച തുക കൊണ്ട് പാവപ്പെട്ടവരെ സഹായിച്ചു.

**കളത്തുവയൽ**

എക്സിക്യൂട്ടീവ് കൂടി. പള്ളിയും പരിസരവും വൃത്തിയാക്കി. ഇടവകയിലെ നേർച്ചഭക്ഷണ വിതരണത്തിനുള്ള 350 പ്ലേറ്റുകൾ കഴുകി വൃത്തിയാക്കി. ഒരു നിർധന ക്രൈസ്തവ കുടുംബത്തിന് നിത്യോപയോഗ സാധനങ്ങളുടെ കിറ്റ് നൽകി കേക്ക് മുറിച്ച് സന്തോഷം പങ്കുവെച്ചു.

**ചുങ്കക്കുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. അമലോൽഭവ മാതാവിന്റെ തിരുനാൾ ദിനത്തിൽ കണ്ടപ്പനം പ്രൊവിഡൻസ് ഹോം സന്ദർശിച്ച് നിത്യോപയോഗ സാധനങ്ങൾ നൽകി. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. ക്രിസ്തുമസ്സിനോട് അനുബന്ധിച്ച് ഇടവകയിലെ നിർദ്ധനരായ 13 കുടുംബങ്ങൾക്ക് 1000/- യുടെ വീധം 13,000/- രൂപയുടെ കിറ്റ് നൽകി. രോഗി സന്ദർശനം നടത്തിയ സഹായമായി 6000/- രൂപ നൽകി. മേഖലാ കരോൾഗാനമത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**കൽപ്പ**

അമലോത്ഭവതിരുനാളിൽ അഖണ്ഡ ജപമാലയും, ഏകദിന കൺവെൻഷന് ഒരുക്കമായി ദിവ്യകാരുണ്യ ആരാധനയും നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി. കുഞ്ഞിപൈതങ്ങളുടെ തിരുനാളിന് അവർക്ക് മധുരം നൽകി.

**പന്തിപ്പൊയിൽ**

പള്ളിയും പരിസരവും വൃത്തിയാക്കി. പെരുന്നാൾ പൊതു

പണിക്ക് ഭക്ഷണമൊരുക്കി, പാത്രങ്ങൾ കഴുകി, പരിസരം വൃത്തിയാക്കി. മേഖലാ, രൂപതാ വാർഷികത്തിൽ പങ്കെടുത്തു. ഒരു കുടുംബത്തിന് തിരുകുടുംബത്തിന്റെ ഫോട്ടോ സമാനിച്ചു. എക്സിക്യൂട്ടീവ് കൂടി.

**ആലാറ്റിൽ**

എക്സിക്യൂട്ടീവ് കൂടി. വചനം എഴുത്തു മത്സരം നടത്തി വിജയികൾക്ക് സമ്മാനം നൽകി. മാതാവിന്റെ അമലോത്ഭവ തിരുനാൾ ആഘോഷിച്ചു. രോഗീ സഹായമായി 2500/-രൂപ നൽകി. രൂപതാ വാർഷികത്തിൽ ഭാരവാഹികൾ പങ്കെടുത്തു. പഠനസഹായമായി 2000/-രൂപ നൽകി. മരണഫണ്ട് 25450/-രൂപ നൽകി. കിടപ്പുരോഗികൾ ഉള്ള 2 വീടുകളിൽ സന്ദർശനം നടത്തി പ്രാർത്ഥിച്ചു. കണിയാരം കത്തീഡ്രൽ പള്ളിയിൽ തീർത്ഥാടനം നടത്തി.

**തലഞ്ഞി**

മേഖലാ വാർഷികാഘോഷത്തിലും കരോൾഗാന മത്സരത്തിലും പങ്കെടുത്തു. മൂന്നാം സ്ഥാനം ലഭിച്ചു. രൂപതാ വാർഷിക ആഘോഷത്തിൽ ആനിമേറ്റർ, എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. ക്രിസ്തുമസിനോടനുബന്ധിച്ച് ഇടവകയിലെ 12 കുടുംബങ്ങൾക്ക് ഭക്ഷണ കിറ്റ് നൽകി. രോഗീ സഹായമായി 5000/-രൂപ നൽകി. അടുക്കളത്തോട്ടം, കേക്ക് നിർമ്മാണം, കളറിംഗ്, പെൻസിൽ ഡ്രോയിങ് തുടങ്ങിയ മത്സരങ്ങളിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനം ലഭിച്ചവർക്ക് സമ്മാനങ്ങൾ നൽകി.

**പുതിയിടംകുന്ന്**

എക്സിക്യുട്ടീവ് മീറ്റിംഗ് കൂടി. മുനമ്പം നിവാസികൾക്കുള്ള ഐക്യദാർഢ്യത്തിൽ ആനിമേറ്റർ പങ്കെടുത്തു. മേഖലാ കരോൾ ഗാന മത്സരത്തിൽ പങ്കെടുത്തു. അംബേദ്കർ ക്യാൻസർ സെന്റർ ആശുപത്രിയിൽ അഡ്മിറ്റ് രോഗികൾക്ക് ക്രിസ്തുമസിന് കേക്ക് കൊടുത്തു. തിരുകുടുംബത്തിന്റെ തിരുനാളിന് 2 കുടുംബത്തെ ആദരിച്ചു.

**തരിയോട്**

രോഗികളും പ്രായമായിട്ടുള്ളവരുമായ 70 പേരുടെ ഭവനങ്ങൾ സന്ദർശിച്ച് കേക്ക് നൽകി ആശംസകൾ അറിയിച്ചു. 12000 രൂപ ചെലവഴിച്ചു. സർവ്വേ നടത്തി 60 വയസ്സിൽ താഴെയുള്ള എല്ലാ അമ്മമാരെയും ഉൾപ്പെടുത്തിക്കൊണ്ട് അംഗത്വ ലിസ്റ്റ് വിപുലീകരിച്ചു. കുടുംബ നവീകരണം ഇന്നിന്റെ ആവശ്യം എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടത്തി.

**യവനാർകുളം**

25 നോമ്പ് ആചരിച്ചു. ആനിമേറ്റർ സിസ്റ്റർ ഗവൺമെന്റ്

ഹോസ്പിറ്റലിൽ ഭക്ഷണമുണ്ടാക്കാൻ സഹായിക്കുന്നു. രോഗികളെ സന്ദർശിച്ചു. രൂപതാ വാർഷികത്തിൽ പങ്കെടുത്തു.

**തവിഞ്ഞാൽ**

എക്സിക്യൂട്ടീവ് യോഗം കൂടി. പള്ളിയും പരിസരവും വൃത്തിയാക്കി. രൂപതാ വാർഷികത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. രൂപതാ വിഹിതം നൽകി. ലോഗോസ് ക്വിസിന് ഏറ്റവും കൂടുതൽ മാർക്ക് നേടിയ മിനി കുറിയിടത്തിനെ ആദരിച്ചു. മേഖലയുടെ നേതൃത്വത്തിൽ നടന്ന കുടുംബങ്ങളിൽ നിർമ്മിച്ച പുൽക്കൂട് മത്സരത്തിൽ പങ്കെടുത്തു.

**വാളേരി**

എക്സിക്യൂട്ടീവ് യോഗം കൂടി. കരോൾഗാന മത്സരത്തിൽ പങ്കെടുത്തു. പച്ചക്കറിത്തോട്ട നിർമ്മാണ മത്സരം, ഉപന്യാസ മത്സരം എന്നിവ നടത്തി. സമ്മാനം നൽകി. വൃദ്ധമാതാപിതാക്കളെ സന്ദർശിച്ചു. സാന്തമോനിക്കാ, വചനകവചം, ചെയിൻ റോസറി, എന്നിവ നടത്തി. അസംപ്ഷൻ രൂപതാ വാർഷികാഘോഷത്തിൽ പങ്കെടുത്തു. 16 കുടുംബങ്ങൾക്ക് ഭക്ഷണകിറ്റ് വിതരണം ചെയ്തു. പള്ളിയും പരിസരവും വൃത്തിയാക്കി. രോഗീസന്ദർശനം നടത്തി. ഏലീശ്വാ സന്ദർശനം നടത്തി.

**മരകാവ്**

എക്സിക്യൂട്ടീവ് കൂടി. മേഖലാ മീറ്റിംഗിൽ പങ്കെടുത്തു. മാനന്തവാടി ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം നൽകുന്നതിനായി സഹായിച്ചു. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. ഭിന്നശേഷി കുട്ടികളെ സന്ദർശിച്ചു. സാന്താമോനിക്ക പ്രാർത്ഥന നടത്തി. രോഗീസന്ദർശനം, നവോമി സന്ദർശനം എന്നിവ നടത്തി.

**ദ്വാരക**

ഇടവകയിൽ യുവജന സമ്മേളനത്തിന്റെ വിജയത്തിനായി നടത്തിയ അഖണ്ഡ ജപമാലിയിൽ പങ്കെടുത്തു. മേഖലാ തലത്തിൽ നടന്ന കരോൾ ഗാനമത്സരത്തിൽ പങ്കെടുത്തു. ക്വിസ് മത്സരം നടത്തി വിജയികൾക്ക് സമ്മാനം നൽകി.

**പൂക്കോട്ടുംപാടം**

മാതൃവേദി ഉടുപ്പ് ശേഖരിച്ചു നൽകി. തിരുക്കുടുംബ ദിനത്തിൽ വി. ബലിയിൽ പങ്കെടുത്തു. കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ ആചരിച്ചു. രോഗീസന്ദർശനം നടത്തി.

**കാവുമന്ദം**

രോഗീ സന്ദർശനം നടത്തി. കിടപ്പുരോഗികളെ സന്ദർശിച്ച് കേക്ക് നൽകി ആശംസകൾ അറിയിച്ചു.

**കരിമ്പിൽ**

25 നോമ്പിൽ വീഡിയോ സന്ദേശം നൽകി. രൂപതാ വാർഷികത്തിൽ പങ്കെടുത്തു. പിടിയരി കാഴ്ചവയ്ക്കുന്നു. രോഗീസന്ദർശനം നടത്തി. മേഖലാ കരോൾഗാന മത്സരത്തിൽ പങ്കെടുത്തു. ആറുകുടുംബങ്ങൾക്ക് 12 കിലോ അരിവീതം നൽകി. പള്ളിയും പരിസരവും വൃത്തിയാക്കി.

**നടവയൽ**

കരോൾ മത്സരം സോൺ തലത്തിൽ നടത്തി ക്യാഷ് അവാർഡ് നൽകി. അടുക്കളത്തോട്ടം നിർമ്മിച്ചു. പരിസര ശുചീകരണം നടത്തി. ഓസാനഭവൻ സന്ദർശിച്ചു. 3200/- രൂപയുടെ ധനസഹായം രോഗികൾക്കും സാധുക്കൾക്കും നൽകി.

**വഞ്ഞോട്**

നിർധന കുടുംബങ്ങൾ സന്ദർശിച്ച് ഭക്ഷണ കിറ്റ് വിതരണം നടത്തി. പച്ചക്കറിത്തോട്ട നിർമ്മാണ മത്സരം നടത്തി. ഇടവകാതല പുൽക്കൂട് നിർമ്മാണ മത്സരത്തിൽ പങ്കെടുത്ത് സമ്മാനം നേടി. മേഖലാതല കരോൾഗാന മത്സരത്തിൽ പങ്കെടുത്ത് സമ്മാനം നേടി. മേഖലാ ടീം ഇടവക വിസിറ്റ് നടത്തി ഓഡിറ്റ് ചെയ്തു.

**ചോക്കാട്**

രോഗീസന്ദർശനം, എലീശ്വാ സന്ദർശനം, നവോമി സന്ദർശനം എന്നിവ നടത്തി. വചനം എഴുത്തു മത്സരം നടത്തി. മേഖലാ കരോൾഗാന മത്സരത്തിന് മൂന്നാം സ്ഥാനം ലഭിച്ചു. രോഗീസഹായം നൽകി. പള്ളിയും പരിസരവും വൃത്തിയാക്കി. എക്സിക്യൂട്ടീവ് യോഗം കൂടി.

**വാളാട്**

മാതൃദിനം ആഘോഷിച്ചു. കിടപ്പു രോഗികളായവരെ സന്ദർശിച്ചു. നൈറ്റി, തോർത്ത് എന്നിവ നൽകി. പള്ളിയിൽ വരാൻ സാധിക്കാത്ത മാതാപിതാക്കളെ സന്ദർശിച്ച് കേക്ക് നൽകി. മേഖലാ നിർദ്ദേശമനുസരിച്ചു പുൽക്കൂടു നിർമ്മാണ മത്സരം നടത്തി.

**ടൗൺ ചർച്ച്, മാനന്തവാടി**

സമ്പൂർണ്ണ ബൈബിൾ പാരായണം നടത്തി. രൂപതാ വാർഷികത്തിന് പങ്കെടുത്തു. പഴൂരുള്ള മാത്യൂസ് ഭവൻ സന്ദർശിച്ച് 5,000 രൂപ സംഭാവന നൽകി. എക്സിക്യുട്ടീവ് മീറ്റിംഗ് കൂടി.

സ്നേഹാശംസകളോടെ,

**ഫാ. ജോസഫ് പരുവുമ്മേൽ**
**ഫാ. ബിനു വടക്കേൽ**

# സീയോൻ വാർത്തകൾ

**ജനുവരി 2025**

ആദ്യശനി കൺവെൻഷനുവേണ്ടി ശുശ്രൂഷകർ ജനുവരി 03 വെള്ളിയാഴ്ച്ച, രാവിലെ 10 മുതൽ രാത്രി 9.30 വരെ പ്രാർത്ഥിച്ചൊരുങ്ങി, സിയോൻഹാളിൽ ആവശ്യമായ ഒരുക്കങ്ങൾ ചെയ്തു. 45 ശുശ്രുഷകർ പങ്കെടുത്തു. ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് 1.30 മുതൽ 3.00 വരെ സിയോൻ പൊതുസമ്മേളനം നടന്നു.

**കൺവെൻഷൻ**

ജനുവരി 04 ന് ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ കൺവെൻഷൻ ശുശ്രൂഷകൾ സാഘോഷം നടന്നു. ഡയറക്ടർ ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ കൺവെൻഷന് നേതൃത്വം നൽകി. ബഹു. ബ്രദർ ബിജു പുളിക്കൽ, സി. അനറ്റ് SKD, എന്നിവർ ഗാനശുശ്രുഷക്കും, ബഹു. സിസ്റ്റർ ആൻസി SCV, സിസ്റ്റർ സ്മിത CMC, സിസ്റ്റർ നവ്യ SH, എന്നിവർ മറ്റു ശുശ്രുഷകൾക്കും നേതൃത്വം നൽകി.

**കൗൺസിലിംഗ്**

ജനുവരി 11 ശനി രാവിലെ 09.30 മുതൽ 01 മണിവരെ പൊതു കൗൺസിലിംഗ് ശുശ്രുഷ നടന്നു. അഖണ്ഡജപമാല ജനുവരി 01 ന് രാവിലെ 08.30 മുതൽ വൈകുന്നേരം 04.30 വരെ സിയോൻ ചാപ്പലിൽ അഖണ്ഡ ജപമാലയും പുതുവർഷ ഒരുക്ക പ്രാർത്ഥനകളും നടത്തി. സിയോൻ ചാപ്പലിൽ ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ 10.15 ന് കുരിശിന്റെ വഴിയും 11 ന് ആരാധനയും കുമ്പസാരവും, 12 മണിക്ക് വി. കുർബാനയും നടന്നുവരുന്നു.

**നോമ്പ് ഒരുക്ക ധ്യാനം**

ഫെബ്രുവരി 23 ഞായർ വൈകുന്നേരം 04 മണിമുതൽ 26 ബുധൻ ഉച്ചക്ക് ഒരുമണി വരെ നടത്തപ്പെടുന്നു.

For booking: 8281132195

**ഫാ. ജിന്റോ തട്ടുപറമ്പിൽ**

ഡയറക്ടർ, 9544606936

## സാമൂഹ്യ സേവനരംഗം (WSSS)

**വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് പിന്നാക്ക വികസന കോർപ്പറേഷൻ മൂന്ന് കോടി രൂപ അനുവദിച്ചു.**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് പിന്നാക്ക വികസന കോർപ്പറേഷൻ മൈക്രോ ക്രെഡിറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപ വായ്പ അനുവദിച്ചു. വയനാട് സോഷ്യൽ സർവ്വീസ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രി ഒ.ആർ കേളുവിൽ നിന്നും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ, എന്നിവർ ചെക്ക് ഏറ്റുവാങ്ങി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന 30 വനിതാ സ്വാശ്രയ സംഘങ്ങളിലെ 317 അംഗങ്ങൾക്ക് കുറഞ്ഞ പലിശനിരക്കിൽ വായ്പാ വിതരണം നടത്തുന്നതിനാണ് വായ്പ അനുവദിച്ചത്. സാമൂഹിക സാമ്പത്തിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഉയർന്ന നിലവാരത്തിലുള്ള പദ്ധതികൾ പിന്നാക്ക വികസന കോർപ്പറേഷൻ നടപ്പിലാക്കുമെന്നും മാനന്തവാടി കേന്ദ്രീകരിച്ച് പട്ടികജാതി - പട്ടികവികസന കോർപ്പറേഷൻ, കളിമൺ നിർമ്മാണ വിഭാഗ വികസന കോർപ്പറേഷൻ എന്നിവ ഉടൻ സ്ഥാപിക്കുമെന്നും മന്ത്രി ഓർമ്മിപ്പിച്ചു. പിന്നാക്ക വികസന കോർപ്പറേഷൻ ചെയർമാൻ അഡ്വ. കെ. പ്രസാദ് അദ്ധ്യക്ഷത വഹിച്ചു. സംഘങ്ങൾക്കു നൽകുന്ന വായ്പാ വിതരണ ഉദ്ഘാടനം മാനന്തവാടി മുൻസിപ്പൽ ചെയർ പേഴ്സൺ രത്നവല്ലി സി.കെ നിർവ്വഹിച്ചു. ഗ്രീൻ വിൽ വായ്പ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡ് ശ്രീ. ജസ്റ്റിൻ ബേബി വിതരണം ചെയ്തു. സ്വയം തൊഴിൽ വായ്പ മുൻസിപ്പൽ വൈസ് ചെയർ പേഴ്സൺ ജേക്കബ് സെബാസ്റ്റ്യൻ കൈമാറി. തുടർന്ന് വ്യവസായ രംഗത്തേയും സംരംഭകത്വ മുന്നേറ്റങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ വിഷയങ്ങളിൽ പരിശീലനങ്ങൾ നടത്തി. ബിസിനസ് അടിസ്ഥാന

ങ്ങളും നിയമചട്ടങ്ങളും എന്ന വിഷയത്തിൽ സാജിത് എം.പി, (HR ഡയറക്ടർ, ദിശ) പദ്ധതികളുടെ തിരിച്ചറിയലും മാർക്കറ്റിംഗും എന്ന വിഷയത്തിൽ ജോസ് പി.എ (പ്രോഗ്രാം ഓഫീസർ WSSS) NBCFDC പദ്ധതികൾ എന്ന വിഷയത്തിൽ പ്രശോഭ് പി.എസ് (യൂണിറ്റ് മാനേജർ KSBCDC) എന്നിവർ ക്ലാസ്സുകൾ എടുത്തു. മാനന്തവാടി നഗരസഭ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ വിപിൻ വേണുഗോപാൽ, മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് മെമ്പർ പി. ചന്ദ്രൻ, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പിന്നാക്ക വികസന കോർപ്പറേഷൻ ജില്ലാമാനേജർ ക്ലീറ്റസ് ഡീസൽവ, ഉപ ജില്ലാ മാനേജർ ബിന്ദു വർഗ്ഗീസ് എന്നിവർ സംസാരിച്ചു.

**ദൈവത്തിന്റെ മുഖം സമൂഹത്തിൽ പ്രതിഫലിപ്പിക്കുന്നവരാണ് സന്നദ്ധപ്രവർത്തകർ: റവ.ഫാ. ആന്റണി ഫെർണാസ്**

ദൈവത്തിന്റെ മുഖം സമൂഹത്തിൽ പ്രതിഫലിപ്പിക്കുന്ന വരാണ് സന്നദ്ധ പ്രവർത്തകർ എന്നും, ഇന്ന് നിസ്വാർത്ഥമായി സാമൂഹ്യ സേവനം ചെയ്യുന്ന സന്നദ്ധ പ്രവർത്തകർ അന്യംനിന്ന് കൊണ്ടിരിക്കുകയാണെന്നും ഭാരതത്തിലെ കാത്തോലിക്ക സഭ യുടെ സാമൂഹ്യ സേവന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽ കുന്ന കാരിത്താസ് ഇന്ത്യയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ആന്റണി ഫെർണാസ് അഭിപ്രായപ്പെട്ടു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി സുവർണ്ണ ജൂബിലി വർഷത്തിന്റെ ഭാഗ മായി സംഘടിപ്പിച്ച സന്നദ്ധ പ്രവർത്തകരുടെ സംഗമം ഉദ്ഘാ ടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. മാനന്തവാടി രൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ ഭാരതത്തിലെ മറ്റ് രൂപതാ സാമൂഹ്യ സേവന പ്രസ്ഥാനങ്ങൾക്ക് മാതൃകയാ ണെന്നും കാരിത്താസ് ഇന്ത്യയുടെ ഏറ്റവും നല്ല പങ്കാളികളിൽ ഒന്നാണ് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. കഴിഞ്ഞ 30 വർഷത്തിലേറെയായി വയ നാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ പ്രാദേശിക ഘട കങ്ങളായ സോഷ്യൽ സർവീസ് സൊസൈറ്റിയെ നയിച്ച 50 സന്നദ്ധ പ്രവർത്തകരെ ചടങ്ങിൽ ആദരിച്ചു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അധ്യക്ഷത വഹിച്ചു. കേരള

സോഷ്യൽ സർവീസ് ഫോറം എക്സിക്യൂട്ടിവ് ഡയറക്ടർ റെവ. ഫാ. ജേക്കബ് മാവുങ്കൽ മുഖ്യ പ്രഭാഷണം നടത്തി. കാരിത്താസ് ഇന്ത്യ ടീം ലീഡർ ഡോക്ടർ വി.ആർ.ഹരിദാസ് സംഗമത്തോടനുബന്ധിച്ച് നടത്തിയ സെമിനാറിന് നേതൃത്വം നൽകി. കാരിത്താസ് ഇന്ത്യ ഡോക്യുമെന്റേഷൻ ഓഫീസർ ഡോക്ടർ ദിലീഷ് വർഗീസ്, സ്റ്റേറ്റ് ഓഫീസർ അബീഷ് ആന്റണി, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി.എ, സ്റ്റാഫ് സെക്രട്ടറി ചിഞ്ചു മരിയ, സോഷ്യൽ സർവീസ് സൊസൈറ്റി ഭാരവാഹികളായ കുര്യാച്ചൻ വെള്ളൂന്നി, സിസിലി കല്ലുവയൽ, മേരി കണിയാരം എന്നിവർ സംസാരിച്ചു. വിവിധ കോളേജുകളിൽ നിന്നുള്ള എം.എസ്. ഡബ്ല്യു, ബി.എസ്. ഡബ്ല്യു വിദ്യാർത്ഥികൾ, ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി വിദ്യാർത്ഥികൾ എന്നിവർ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു

**ആസൂത്രണ വിലയിരുത്തൽ യോഗം നടത്തി**

വയനാട്ടിലെ ഉരുൾപൊട്ടൽ വെള്ളപ്പൊക്കദുരിത ബാധിതർക്കായി നടപ്പിലാക്കിവരുന്ന വിവിധ ദുരിതാശ്വാസ പുനരധിവാസ പദ്ധതികളെ കുറിച്ച് വിലയിരുത്തുവാനും തുടർ പ്രവർത്തങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായി പദ്ധതിക്ക് നേതൃത്വം നൽകുന്ന വിവിധ ഏജൻസികളുടെ യോഗം വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയിൽ വെച്ച് ചേർന്നു. യോഗത്തിൽ കാരിത്താസ് ഇന്ത്യ, കേരള സോഷ്യൽ സർവീസ് ഫോറം, കാത്തലിക് റിലീഫ് സർവീസ്, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി, ശ്രേയസ് സുൽത്താൻ ബത്തേരി, ജീവന കോഴിക്കോട്, സെന്റർ ഫോർ ഓവർ ഓൾ ഡവലപ്പ്മെന്റ് എന്നിവയിലെ പ്രതിനിധികൾ പങ്കെടുത്തു. കേരള സോഷ്യൽ സർവീസ് ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജേക്കബ് മാവുങ്കലിന്റെ അദ്ധ്യക്ഷതയിൽ കാരിത്താസ് ഇന്ത്യ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ആന്റണി ഫെർണാണ്ടസ് ഉദ്ഘാടനം ചെയ്തു. കത്തോലിക്കാ സഭ കഴിഞ്ഞ 05 മാസങ്ങളിൽ നടപ്പിലാക്കിയ ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങളിലൂടെ 18000 ൽ അധികം കുടുംബങ്ങൾക്ക് പതിനാല് കോടിയിൽ അധികം രൂപയുടെ സഹായം ചെയ്യുവാൻ സാധിച്ചു എന്ന് യോഗം വിലയിരുത്തി. തുടർന്നുള്ള ആറ് മാസം കത്തോലിക്കാ സഭയുടെ നേതൃത്വ

ത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഭവന നിർമ്മാണം, ഉപജീവന പദ്ധതികൾ, കൗൺസിലിംഗ് സഹായം, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയ പദ്ധതികൾ തുടങ്ങിയവയെ കുറിച്ച് യോഗം ചർച്ച ചെയ്തു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. ജിനോജ് പാലത്തടത്തിൽ, ശ്രേയസ് ബത്തേരി എക്സിക്യൂട്ടിവ് ഡയറക്ടർ ഫാ. ഡേവിഡ് ആലുങ്കൽ, ജീവന എക്സിക്യൂട്ടിവ് ഡയറക്ർ റവ. ഫാ. ആൽബർട്ട് വി. സി, സെന്റർ ഫോർ ഓവർ ഓൾ ഡവലപ്പ്മെന്റ് താമരശ്ശേരി ഡയറക്ടർ റവ. ഫാ. സായി പാലകുളങ്ങര, കാത്തലിക് റിലീഫ് സർവീസ് സൗത്ത് ഇന്ത്യ ഓപ്പറേഷൻസ് ഹെഡ് ജോമി ജോസഫ്, കാരിത്താസ് ഇന്ത്യ ടീം ലീഡർ ഡോക്ടർ വി. ആർ. ഹരിദാസ്, കാത്തലിക് റിലീഫ് സർവ്വീസ് ടെക്നിക്കൽ കൺസൾട്ടന്റ് പി. കെ. കുര്യൻ, ഫിനാൻസ് ഓഫീസർ വർഗ്ഗീസ് സി. ജെ, കാരിത്താസ് ഇന്ത്യ സ്റ്റേറ്റ് ഓഫീസർ അബീഷ് ആന്റണി, ഡോക്യുമെന്റേഷൻ ഓഫീസർ ഡോക്ടർ ദിലീഷ് വർഗീസ് എന്നിവർ വിലയിരുത്തൽ നടത്തി സംസാരിച്ചു. കേരള സോഷ്യൽ സർവീസ് ഫോറം പ്രോഗ്രാം മാനേജർ കെ. ഡി ജോസഫ്, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ്. പി. എ, ശ്രേയസ് പ്രോഗ്രാം മാനേജർ ഷാജി കെ. പി, ജീവന പ്രോഗ്രാം മാനേജർ വിനീത ഡി.ഒ.ഡി, താമരശ്ശേരി പ്രോഗ്രാം ഓഫീസർ സിദ്ധാർഥ് എസ് നാഥ് എന്നിവർ റിപ്പോർട്ട് അവതരിപ്പിച്ചു.

**നബാർഡ് ജില്ലാ മാനേജർ സന്ദർശനം നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ മുള്ളൻകൊല്ലി നീർത്തട പ്രദേശത്ത് നടപ്പിലാക്കി വരുന്ന നബാർഡ് നീരുറവ സംരക്ഷണ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും നബാർഡ് ജില്ലാ മാനേജർ ആനന്ദ് ആർ നീർത്തട പ്രദേശത്ത് സന്ദർശനം നടത്തി. സന്ദർശനത്തിന്റെ ഭാഗമായി നീർത്തട കമ്മറ്റി അംഗങ്ങളുമായി ചർച്ച, രേഖകളുടെ പരിശോധന എന്നിവ നടത്തി. കൂടാതെ നീർത്തട പ്രദേശത്ത് നടപ്പിലാക്കിയ കിണർ റീചാർജ്ജിംഗ്, പച്ചക്കറി നേഴ്സറി, ജൈവവള നിർമ്മാണ യൂണിറ്റ്, നീരുറവ സംരക്ഷണം, കുളം പുനരുദ്ധരിക്കൽ, ചെറു

കിട ജലസേചനം, മൺകയ്യാലകൾ, കല്ല്കയ്യാലകൾ തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കി. സന്ദർശനത്തിനായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ, പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ ദീപു ജോസഫ്, നീർത്തട കമ്മറ്റി അംഗങ്ങളായ പി. സുനിൽ കുമാർ, സതീഷ് ബാബു, ചന്ദ്രിക സതീഷ്ബാബു എന്നിവർ നേതൃത്വം നൽകി.

**ദുരിതബാധിതർക്ക് വേഗത്തിൽ വരുമാനം ലഭിക്കുന്നതിനായി കോഴിയും കൂടും പദ്ധതി നടപ്പിലാക്കി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി**

പുഞ്ചിരിമട്ടം ദുരന്തബാധിതർ അടക്കം ജില്ലയിൽ പ്രളയ ഉരുൾപ്പൊട്ടൽ മൂലം ദുരിതമനുഭവിക്കുന്നവർക്ക് വേഗത്തിൽ നിത്യ വരുമാനം ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കോഴിയും കൂടും പദ്ധതി നടപ്പിലാക്കുന്നു. പുഞ്ചിരിമട്ടം ദുരന്തത്തിൽപ്പെട്ടവർ എല്ലാം ഇന്ന് വാടകവീടുകളിൽ ആണ് കഴിയുന്നത്. ഇവർ ജില്ലയുടെ പല ഭാഗങ്ങളിലേയ്ക്ക് മാറി താമസിക്കുന്ന സാഹചര്യമാണ് നിലവിൽ ഉള്ളത്. അതിനാൽ തന്നെ പുതിയ സ്ഥലത്ത് ഒരു തൊഴിൽ ലഭ്യമാകുക എന്നത് ഏറെ പ്രയാസകരമാണ്. കൂടാതെ വാടക വീടുകളിൽ ആയതിനാൽ തന്നെ ഒരു തരത്തിലുള്ള ജീവനോപാധി പദ്ധതികളും ചെയ്യുവാൻ സാധിക്കുന്നില്ല. ഈ ഒരു സാഹചര്യം കണക്കിലെടുത്തു കൊണ്ടാണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കാത്തലിക് റിലീഫ് സർവ്വീസിന്റെ സാമ്പത്തിക സഹായത്തോടെ കോഴിയും കൂടും പദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ 68 കുടുംബങ്ങൾക്ക് ഹൈടെക് കൂടും 15 മുട്ടക്കോഴികളെയും വീതം വിതരണം ചെയ്തു. 17 ആഴ്ച വളർച്ചയെത്തിയ ബി.വി 380 ഇനത്തിൽപ്പെട്ട മുട്ടക്കോഴികൾ ആണ് ഓരോ കുടുംബത്തിനും വിതരണം ചെയ്തത്. ഇനി നാല് ആഴ്ച കഴിയുമ്പോൾ ഇവ മുട്ടയിട്ട് തുടങ്ങും. ശാസ്ത്രീയമായ രീതിയിൽ മുട്ടക്കോഴി വളർത്തുന്നതിനെ കുറിച്ചുള്ള പരിശീലനം നൽകിയതിന് ശേഷമാണ് മുട്ടക്കോഴിയും കൂടും വിതരണം ചെയ്തത്.

പരിശീലനത്തിന് മാനന്തവാടി വെറ്റനറി ഹോസ്പിറ്റലിലെ ഡോക്ടർ ഫമിദാ അഷർ ക്ലാസ് എടുത്തു. മടയ്ക്കൽ പൗൾട്രി ഫാം മീനങ്ങാടിയുമായി സഹകരിച്ചാണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഈ പദ്ധതി നടപ്പിലാക്കിയത്. പരിപാടിക്ക് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി. എ, പ്രൊജക്റ്റ് കോ-ഓർഡിനേറ്റർമാരായ ചിഞ്ചു മരിയ, ജാൻസി ജിജോ, ഫീൽഡ് സുപ്പർവൈസർമാരായ ആലീസ് സിസിൽ, ബിൻസി വർഗീസ്, ജിനി ഷിനു, ഷീന ആന്റണി എന്നിവർ നേതൃത്വം നൽകി.

**സോഷ്യൽ വെൽഫയർ സെസൈറ്റി (SWS)**

**SWS മീറ്റിങ്ങുകൾ നടത്തി**

പാൽചുരം, അമ്പായത്തോട്, കൊട്ടിയൂർ, ചുങ്കക്കുന്ന്, വെള്ളൂന്നി, ഏലപ്പീടിക, വാളേരി, പാറത്തോട്ടം, ഒഴുക്കന്മൂല, കുറുമണി, മംഗലശ്ശേരി, തലപ്പുഴ, പ്രശാന്തഗിരി, കരിമ്പിൽ, ആലാറ്റിൽ, കല്ലോടി, തവിഞ്ഞാൽ, അരിഞ്ചേർമല, പോരൂർ, യവനാർകുളം, പയ്യമ്പള്ളി, ഒണ്ടയങ്ങാടി , ചെറുകാട്ടൂർ, തൃശ്ശിലേരി, പടമല, ദ്വാരക, കമ്മന എന്നീ സ്ഥലങ്ങളിൽ നടത്തിയ യൂണിറ്റ് മീറ്റിംഗുകൾക്ക് കോഡിനേറ്റർമാരായ ആലീസ് സിസിൽ, ഷീന ആന്റണി, ജിനി ഷിനു, ബിൻസി വർഗ്ഗീസ് എന്നിവർ നേതൃത്വം നൽകി.

**ക്രിസ്തുമസ് ആഘോഷിച്ചു**

ഒണ്ടയങ്ങാടി യൂണിറ്റിൽ റവ. ഫാ. ഡോമനിക് അദ്ധ്യക്ഷത വഹിച്ചു. കമ്മന, പയ്യമ്പള്ളി, തൃശ്ശിലേരി, കല്ലോടി എന്നീ യൂണിറ്റുകളിൽ നടത്തിയ ക്രിസ്തുമസ് ആഘോഷങ്ങൾക്ക് യൂണിറ്റ് ഭാരവാഹികൾ, കോഡിനേറ്റർമാർ എന്നിവർ നേതൃത്വം നൽകി.

**സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു**

കൊറ്റുകുളം, കല്ലുവെട്ടി, എടത്തന എന്നീ സ്ഥലങ്ങളിൽ ഗ്രൂപ്പ് രൂപീകരിച്ചു.

**ഫാ. ജിനോജ് പാലത്തടത്തിൽ**
ഡയറക്ടർ, WSSS

# ജീവസ് & കെ. എൽ. എം

(Department for  Labour and Welfare - Diocese of Mananthavady)

**Department for Labour Welfare & Social Security**

ജീവസ്സ് & കെ.എൽ.എം ഡിപ്പാർട്ട്മെന്റ് രൂപതയിൽ പ്രവർത്തനം ആരംഭിച്ചിട്ട് ഒരു വർഷം പൂർത്തിയായി. ദൈവാനുഗ്രഹത്താൽ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടത്താൻ സാധിച്ചു. അഭിവന്ദ്യ ജോസ് പിതാവിന്റെയും, അലക്സ് പിതാവിന്റെയും മോൺ. പോൾ മുണ്ടോളിക്കൽ അച്ചന്റെയും ഉപദേശ നിർദേശങ്ങളും സഹകരണവും നല്കിയ ഊർജ്ജമാണ് വിജയത്തിന്റെ മുഖ്യ ഘടകം. രൂപതയിലെ എല്ലാ വൈദികരും പുതിയ സംരംഭത്തെ പ്രോത്സാഹിപ്പിക്കുകയും സഹകരിക്കുകയും ചെയ്തു. എല്ലാ വൈദികരേയും നന്ദിയോടെ ഓർക്കുന്നു. wsss എക്സിക്യൂട്ടീവ് ഡയറക്ടർ ജിനോജ് പാലത്തടത്തിൽ അച്ചനാണ് പ്രവർത്തനത്തിനാവശ്യമായ എല്ലാ പിന്തുണാ സംവിധാനങ്ങളും തന്ന് സഹായിച്ചത്. അച്ചനെ ഈ അവസരത്തിൽ പ്രത്യേകം ഓർക്കുന്നു.

ഫൊറോനാതല പ്രവർത്തനങ്ങൾക്ക് നേതൃത്വവും മാർഗ്ഗനിർദ്ദേശവും നൽകുന്നത് ഫൊറോനാ വികാരിയച്ചൻമാരാണെന്നതാണ് സന്തോഷപ്രദമായ കാര്യം. അവർക്ക് പ്രത്യേകം നന്ദി പറയുന്നു.

**2024-വർഷത്തെ വിലയിരുത്തൽ കുറിപ്പ്**

* 56 ഇടവകകളിൽ സെമിനാറും 12 ഇടവകകളിൽ ക്യാമ്പും നടന്നു.
* 58 ഇടവകകളിലും കോഡിനേറ്റർമാരെ ലഭിച്ചു.
* 11 ജനസേവന കേന്ദ്രങ്ങൾ തുറന്നു.
* വിവിധ പദ്ധതികളിലായി 1500ൽ പരം പേരെ സാമൂഹ്യ സുരക്ഷയിൽ ചേർക്കാൻ സാധിച്ചു.
* 11 ഫൊറോനകളിൽ ഫൊറോനാ കോഡിനേറ്റർമാരെ തെരഞ്ഞെടുത്തു.
* 10 ഫൊറോനകളിൽ കൺവെൻഷൻ നടത്തി.

* വയനാട്, മലപ്പുറം ജില്ലകളിലെ തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽ പ്രതിനിധികളെ നൽകാൻ സാധിച്ചു.
* രൂപതയിലെ എല്ലാ വൈദികരോടും, സന്യാസ സമൂഹത്തിലെ സുപ്പീരിയേർസിനോടും പ്രവർത്തനങ്ങൾ വിശദീകരിക്കാൻ സാധിച്ചു.
* മികച്ച കോർഡിനേറ്റർമാർക്കായി സമിരറ്റൻ അവാർഡ് ഏർപ്പെടുത്തി.
* ക്ഷേമനിധികളെക്കുറിച്ച് വീഡിയോകൾ തയാറാക്കി.
* ദൂരദർശൻവഴി പ്രവർത്തനങ്ങൾ വിശദീകരിക്കാൻ സാധിച്ചു.

**സംസ്ഥാന ക്യാമ്പ്**

ഡിസംബർ 15, 16, തിയതികളിലായി പി.ഒ.സി യിൽ വെച്ച് നടന്ന സംസ്ഥാന ക്യാമ്പിൽ രൂപതയിൽ നിന്നും ആറ് പേർ സംബന്ധിച്ചു.

**വാർഷിക സമ്മേളനം**

ജീവസ്സ് കെ.എൽ.എം ന്റെ പ്രഥമ വാർഷിക പൊതുയോഗം ഫെബ്രുവരി നാലിന് WSSS ഓഡിറ്റോറിയത്തിൽ നടന്നു. രൂപതാ വികാരി ജനറാളും ജീവസിന്റെ ചെയർമാനുമായ മോൺ. പോൾ മുണ്ടോളിക്കൽ അച്ചൻ സമ്മേളനം ഉദ്ഘാടനം ചെയ്യുകയും അവാർഡുകൾ നല്കുകയും ചെയ്തുകൊണ്ട് മുഴുവൻ സമയം സംബന്ധിച്ചു. കെ.എൽ.എം രൂപതാ പ്രസിഡന്റ് ബിജു പോൾ പൊയ്കുന്നേൽ അദ്ധ്യക്ഷനായിരുന്നു. കോഡിനേറ്റർ മിനിമോൾ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുകയും, KCTTA സംസ്ഥാന സെക്രട്ടറി ജോബി തോമസ്, KTWF മലപ്പുറം ജില്ലാ കോഡിനേറ്റർ ബിജു കോട്ടേപറമ്പിൽ, കുര്യാച്ചൻ ചിറമുഖം, ബേബി നാപ്പ ള്ളിൽ, മനോജ് നെല്ലിയാനിയിൽ എന്നിവർ പ്രസംഗിച്ചു. രൂപതാ ഡയറക്ടർ അടുത്ത വർഷത്തേക്കുള്ള കർമ്മപദ്ധികൾ അവതരിപ്പിച്ച് ചർച്ചകൾക്ക് നേതൃത്വം നൽകി. ഭൂരിപക്ഷം ഇടവകാ കോഡിനേറ്റർമാരും പങ്കെടുത്തു.

**ജോയി ചാച്ചിറ - മികച്ച കോഡിനേറ്റർ**

രൂപതയിൽ മികച്ച പ്രവർത്തനം നടത്തുന്ന ഇടവകാ കോഡിനേറ്റർമാർക്കായി മോൺ. പോൾ മുണ്ടോളിക്കൽ അച്ചൻ വ്യക്തിപരമായി ഏർപ്പെടുത്തിയ സമരിറ്റൻ അവാർഡിന് നിലമ്പൂർ ലിറ്റിൽ ഫ്ളവർ ഫോറോനാ പള്ളിയുടെ കോഡിനേറ്റർ ശ്രീ.

ജോയി ചാച്ചിറ അർഹനായി. പതിനായിരം രൂപയും ഫലകവും അടങ്ങുന്ന അവാർഡ് ബഹു. വികാരി ജനറാൾ സമ്മാനിച്ചു.

**ജീവസ്സ് ഹെൽത്ത് കെയർ**

ഏറെ നാളുകളായി ക്രമീകരിച്ചു കൊണ്ടിരുന്ന ആരോഗ്യ ഇൻഷൂറൻസ് പദ്ധതിക്ക് അന്തിമ രൂപമായി. 2 ലക്ഷം രൂപയുടെ കാഷ്‌ലസ് ഫാമിലി പോളിസിയും, വ്യക്തിഗത പോളിസിയുമാണ് ആരംഭിക്കുന്നത്. രണ്ട് സ്കീമിലും ഈ വർഷം ആദ്യം റജിസ്റ്റർ ചെയ്യുന്ന ആയിരം പോളിസികളെ നല്കാൻ സാധിക്കുകയുള്ളൂ. അഞ്ച് പേർ അടങ്ങുന്ന കുടുംബത്തിന് 9500 രൂപയും വ്യക്തിഗത പോളിസിക്ക് 3600 രൂപയുമാണ് പ്രീമിയം. കൂടുതൽ വിശദാംശങ്ങൾ അറിയിക്കുന്നതാണ്.

**സൈബർ സുരക്ഷാ ബോധവത്കരണം**

സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട് സർക്കാർ ബോധവത്ക്കരണ പദ്ധതി സെമിനാറുകൾ സംഘടിപ്പിച്ചു. അഡ്വ. ജിജിൽ, ബെന്നി പുത്തൻപറമ്പിൽ, മിനിമോൾ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. മുപ്പത് സെമിനാറുകളിലായി 863 പേർ പങ്കെടുത്തു.

**പാരീഷ് സുരക്ഷാ ക്യാമ്പ്**

ഡിസംബർ 27 ന് പുതിയിടം സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ ക്യാമ്പ് സംഘടിപ്പിച്ചു. വികാരി ഫാ. ഫ്രാൻസീസ് അള്ളുംപുറം ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ, പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് ഇൻഷൂറൻസ് മാനേജർ നിധിൻ എന്നിവർ പ്രസംഗിച്ചു.

വിവിധ പദ്ധതികളിലായി 29 പേരെ ചേർക്കാൻ സാധിച്ചു. കഴിഞ്ഞവർഷം എല്ലാ പ്രവർത്തനങ്ങൾക്കും ഇടവകകളിൽ നേതൃത്വം നല്കിയ എല്ലാ കോഡിനേറ്റർമാരേയും അഭിനന്ദിക്കുന്നു. അടുത്തവർഷം കൂടുതൽ മികച്ച പ്രവർത്തനങ്ങൾ നടത്താൻ എല്ലാവരുടേയും സൻമനസ്സും സഹകരണവും പ്രതീക്ഷിക്കുന്നു.

നന്ദിയോടെ,
**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
രൂപതാ ഡയറക്ടർ, KLM

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

**1. NDS Governing Body Meeting**

2025 ജനുവരി മാസം 18-ാം തീയതി ശനിയാഴ്ച രാവിലെ 11.00 മണിമുതൽ ഉച്ചക്ക് 1.00 മണിവരെ NDS ന്റെ Governing Body അംഗങ്ങളുടെ മീറ്റിംഗ് നടത്തപ്പെട്ടു. പ്രാർത്ഥനയോടെ ആരംഭിച്ച മീറ്റിംഗിന് NDS അസി.ഡയറക്ടർ അനൂപ് കൊല്ലംകുന്നേലച്ചൻ സ്വാഗതം ആശംസിച്ചു. NDS Governing Body അംഗവും, നീലഗിരി റീജിയണൽ ഡയറക്ടറുമായി ബഹു. ബിജു പൊൻപാറയ്ക്കലച്ചൻ അംഗങ്ങളെ പൂക്കൾ നല്കി ആദരിക്കുകയും അദ്ധ്യക്ഷ പദം അലങ്കരിക്കുകയും ചെയ്തു. തുടർന്ന് NDS ഡയറക്ടർ ബഹു. ബിനോയി കാശാംകുറ്റിയിൽ അച്ചൻ NDS ന്റെ ആരംഭത്തെക്കുറിച്ചും, വളർച്ചയുടെ പടവുകളെകുറിച്ചും, NDS ന്റെ സ്ഥാപക ഉദ്ദേശ്യത്തെക്കുറിച്ചും, നടപ്പിലാക്കിയ പദ്ധതികളെ കുറിച്ചുമെല്ലാം Power Point Presentation ന്റെ സഹായത്തോടെ അംഗങ്ങൾക്ക് വിശദീകരിച്ചു കൊടുത്തു. പുതിയതായി ജനറൽ ബോഡിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ തങ്ങളെ സ്വയം പരിചയപ്പെടുത്തി സംസാരിച്ചു. തുടർന്ന് മീറ്റിംഗിന്റെ വിവിധ അജണ്ടകൾ കമ്മറ്റിക്ക് മുൻപിൽ വയ്ക്കുകയും വിശദമായ ചർച്ചകൾ നടത്തുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. NDS പ്രോജക്ട് കോഡിനേറ്റർ ജോഷി ഏവർക്കും നന്ദി പറഞ്ഞു കൊണ്ട് മീറ്റിംഗ് അവസാനിപ്പിച്ചു.

**2. 2024-27 വർഷത്തെ NDS ന്റെ പുതിയ Governing Body അംഗങ്ങളായി താഴെ കൊടുത്തിരിക്കുന്നവർ ചുമതലയേറ്റു**

1. മാർ ജോസ് പൊരുന്നേടം
2. ഫാ. പോൾ മുണ്ടോളിക്കൽ
3. ഫാ. ബിനോയി കാശാംകുറ്റിയിൽ
4. ഫാ. അനീഷ് ആലുങ്കൽ
5. ഫാ. ബിജു പൊൻപാറയ്ക്കൽ
6. ഫാ. അനൂപ് വർഗ്ഗീസ് കൊല്ലംകുന്നേൽ
7. ഫാ. ജെറി ജോസഫ് ഓണംപള്ളി

8. ഫാ. മനോജ് കവളക്കാടൻ
9. ശ്രീ. മാത്യു വി.ജെ വല്ല്യാത്ത്
10. ശ്രീ. വർഗ്ഗീസ് പി.വി പാലക്കുഴിയിൽ
11. ശ്രീമതി ലൈലാമോൾ

**3. NABARD Programmes**

• **NABARD JLG Programme:** നബാഡിന്റെ സഹായത്തോടെ NDS നടപ്പിലാക്കുന്ന JLG പ്രോഗ്രാമുമായി ബന്ധപ്പെട്ട് ധർമ്മ ഗിരി യൂണിറ്റിൽ രൂപീകരിച്ച 10 ഗ്രൂപ്പുകളുടെ ഭാരവാഹികൾക്ക് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനും, ലോൺ അപേക്ഷ ഫോറം പൂരിപ്പിക്കേണ്ടത് എപ്രകാരമാണെന്നും മനസ്സിലാക്കികൊടു ക്കാൻ ധർമ്മഗിരി യൂണിറ്റിൽ വെച്ച് മീറ്റിംഗ് നടത്തുകയുണ്ടായി. മീറ്റിംഗിൽ 20 അംഗങ്ങൾ പങ്കെടുത്തു. NDS അസി. ഡയറക്ടർ അനൂപ് അച്ചൻ, പ്രോജക്ട് കോഡിനേറ്റർ ജോഷി എന്നിവർ മീറ്റിംഗിന് നേതൃത്വം നൽകി. JLG രൂപീകരണവുമായി ബന്ധ പ്പെട്ട അംഗങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകി. ഇവർക്ക് ഊട്ടിയിലുള്ള ബാങ്ക് ഓഫ് ബറോഡയിൽനിന്നും ലോണുകൾ ലഭ്യമാക്കുന്നതിനാവശ്യമായി കാര്യങ്ങൾ ചെയ്തു വരുന്നു.

10-01-2025 ന് പ്രോജക്ട് കോഡിനേറ്റർ ജോഷി ബാങ്ക് ഓഫ് ബറോഡ, ഊട്ടി ബ്രാഞ്ചിൽ നേരിട്ട് പോവുകയും JLG ഗ്രൂപ്പ് രൂപീകരണവുമായി ബന്ധപ്പെട്ടും, ലോൺ അപേക്ഷയുമായി ബന്ധപ്പെട്ടുമുള്ള എല്ലാം സംശയങ്ങൾക്കും വ്യക്തത വരുത്തു കയും ചെയ്തു.

• **NABARD SDP on Computerized Accountant:** നബാഡിന്റെ സഹായത്തോടെ NDS നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കംമ്പ്യൂ ട്ടർ പരിശീലന പരിപാടിയുമായി ബന്ധപ്പെട്ട് ഒരു പ്രോജക്ട് സമർപ്പിക്കുകയും ചെയ്തു.

**4. ഭവനനിർമ്മാണ സഹായം**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രണ്ട് കുടുംബ ങ്ങൾക്കുവേണ്ടി ധർമ്മഗിരി ഇടവകയിൽ പണി പുരോഗമിക്കുന്ന ഭവനങ്ങളുടെ നിർമ്മാണചിലവിലേക്ക് 50,000 രൂപ വീതം മൊത്തം ഒരു ലക്ഷം രൂപ സഹായമായി നല്കുകയും, പ്രോജ ക്ട് കോഡിനേറ്റർ ജോഷി നേരിട്ട് പോയി ഭവനനിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതിയറിയുകയും, വിലയിരുത്തു കയും ചെയ്തു.

**5. യൂണിറ്റ്തല ഓഡിറ്റിംഗ്**

NDS വിമലഗിരി യൂണിറ്റിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും, ക്രഡിറ്റ് യൂണിയന്റെ കണക്കുകൾ പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് കോഡിനേറ്റർ ജോഷി യൂണിറ്റ് സന്ദർശിക്കുകയും, പാസ്ബുക്കുകളും, ലെഡ്ജറും പരിശോധിക്കുകയും, സാമ്പത്തിക ഇടപാടുകളുടെയും, കണക്കുകളുടെയും കൃത്യത ഉറപ്പുവരുത്തുകയും ചെയ്തു. NDS വിമലഗിരി യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന യൂണിറ്റ് ഡയറക്ടർ റെജി അച്ചനും എക്സിക്യൂട്ടീവ് അംഗങ്ങൾക്കും പ്രത്യേകമായ നന്ദി അറിയിക്കുന്നു.

**6. MSW Block Placement and Training**

ഗൂഡല്ലൂർ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ ഒന്നാംവർഷം MSW കോഴ്സിന് പഠിക്കുന്ന 2 വിദ്യാർത്ഥിനികൾക്കുവേണ്ടി അവരുടെ പഠനത്തിന്റെ ഭാഗമായുള്ള 15 ദിവസത്തെ ആഹീരസ Placement and Training നൽകി വരുന്നു. പരിശീലനത്തിന്റെ ഭാഗമായി NDS നെകുറിച്ചും, NDS ന്റെ വിവിധ യൂണിറ്റുകളിൽ നടക്കുന്ന പ്രവർത്തനങ്ങളെകുറിച്ചും അവർ നേരിട്ട് സന്ദർശനം നടത്തുകയും അവയെകുറിച്ച് പഠിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി ബോസ്പാറ, കയ്യൂന്നി, വിമലഗിരി യൂണിറ്റുകളിൽ സന്ദർശനം നടത്തി ഭാരവാഹികളുമായി സംസാരിച്ച് ഓരോ യൂണിറ്റിലെയും വ്യത്യസ്തമായ പ്രവർത്തനങ്ങളെ കുറിച്ചും മനസ്സിലാക്കി. ഇതിനുപുറമേ കഞ്ചികൊല്ലി ട്രൈബൽ വില്ലേജിൽ സന്ദർശനം നടത്തി അവിടുത്തെ ആളുകളുടെ ജീവിതത്തെക്കുറിച്ച് പഠനം നടത്തുകയും, അവർ നേരിടുന്ന പ്രശ്നങ്ങളെകുറിച്ചും, അവർക്ക് ആവശ്യമായ അടിസ്ഥാന ആവശ്യങ്ങൾ എന്തൊക്കെയാണെന്നും ചോദിച്ചറിയുകയും ചെയ്തു. ബയോവിൻ അഗ്രോ റിസേർച്ച് സെന്ററിന്റെ കീഴിലുള്ള കർഷകരെ സന്ദർശിക്കുകയും, ജൈവകൃഷിരീതിയുടെ പ്രാധാന്യത്തെക്കുറിച്ചും, പ്രസക്തിയെകുറിച്ചും പഠിക്കുകയും ചെയ്തു. എരുമാട്, വെട്ടുവാടി പ്രദേശങ്ങളിലെ NABARD LEDP പ്രോജക്ടിന്റെ ഗുണഭോക്താക്കളെ നേരിൽ കാണുകയും, അതിനെകുറിച്ച് പഠിക്കുകയും, LEDP പ്രോജക്ട് അവരുടെ ജീവിതത്തിൽ ഉണ്ടാക്കിയ മാറ്റങ്ങൾ മനസ്സിലാക്കുകയും ചെയ്തു. NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, അസി. ഡയറക്ടർ ഫാ. അനൂപ്

കൊല്ലംകുന്നേൽ, മുഖ്യ പരിശീലകൻ ജൂഡ് മാർട്ടിൻ, പ്രോജക്ട് കോഡിനേറ്റർ ജോഷി, ബയോവിൻ സ്റ്റാഫ് ഷീബ ജോൺ, യൂണിറ്റ് കോഡിനേറ്റർമാർ എന്നിവർ ഈ പരിശീലന പരിപാടികൾക്ക് നേതൃത്വം നല്കി.

**7. യൂണിറ്റ് തല പ്രവർത്തനങ്ങൾ**

**വിമലഗിരി:** ഇവാലുവേഷൻ മീറ്റിംഗും, കർമ്മസമിതി മീറ്റിംഗും നടത്തി. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും, പുതിയ ലോണുകൾ നൽകുകയും ചെയ്തു. ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ക്രിസ്തുമസ് ആഘോഷം നടത്തി. എക്സിക്യൂട്ടിവ് അംഗങ്ങൾ രോഗീസന്ദർശനം നടത്തി.

**ധർമ്മഗിരി:** കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗുകൾ നടത്തി. ക്രഡിറ്റ് യൂണിയൻ ലോണുകൾ നൽകി. പച്ചക്കറി തോട്ടത്തിൽനിന്നും വിളവെടുപ്പ് നടത്തി ലേലം ചെയ്തു. യൂണിറ്റിന്റെയും, ഗ്രൂപ്പുകളുടെയും നേതൃത്വത്തിൽ ക്രിസ്തുമസ് ആഘോഷം നടത്തുകയും ഒരു നിർദ്ദന കുടുംബത്തിന് ക്രിസ്തുമസ് കിറ്റ് നല്കുകയും ചെയ്തു. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും ലോണുകൾ നൽകുകയും ചെയ്തു.

**കൽപ്ര:** കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗുകൾ നടത്തി. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും ലോണുകൾ നൽകുകയും ചെയ്തു. ഗ്രൂപ്പുകളിൽ ക്രിസ്തുമസ് ആഘോഷം നടത്തി. നിർദ്ദന കുടുംബങ്ങൾക്ക് ക്രിസ്തുമസ് കേക്ക് വിതരണം ചെയ്തു.

**കയ്യൂന്നി:** കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗുകൾ നടത്തി. ക്രിസ്തുമസ് ആഘോഷം നടത്തി. ഭക്ഷണക്കിറ്റ് വിതരണം ചെയ്തു. അന്തരിച്ച മുൻ പ്രധാനമന്ത്രി ശ്രീ. മൻമോഹൻ സിംഗിന് ആദരാജ്ഞലികൾ അർപ്പിച്ചു.

**ബോസ്പാറ:** കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗുകൾ നടത്തി. ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ക്രിസ്തുമസ് ആഘോഷം നടത്തി. ക്രഡിറ്റ് യൂണിയൻ ലോണുകൾ നല്കി.

**8. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ & കരുണൈ ആംബുലൻസ് സർവ്വീസ്**

കരുണൈ പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ ഭാഗമായി നീലഗിരി റീജിയണിലെ പന്തല്ലൂർ താലൂക്കിലെ പാട്ടവയൽ, ബെക്കി, കുന്നലാടി, കയ്യൂന്നി, കൊട്ടാട് പ്രദേശങ്ങളിൽ

കിടപ്പുരോഗികളായവർക്ക് ആവശ്യമായ പാലിയേറ്റീവ് കെയർ നല്കി. കിടപ്പുരോഗികളായവരുടെ ഷുഗർ, ബി.പി എന്നിവ പരിശോധിക്കുകയും അത്യാവശ്യമായി യൂറിൻ ട്യൂബ്, റൈൽ ട്യൂബ് ഇടേണ്ട രോഗികൾക്ക് അത്തരം പരിചരണങ്ങളും നല്കി വരുന്നു. മാസത്തിന്റെ മൂന്നാമത്തെ ശനിയാഴ്ച്ച പാലിയേറ്റീവ് കെയർ ദിനമായി ആചരിക്കുകയും അന്നേ ദിവസം രോഗികളെ പ്രത്യേകമായി നോക്കുകയും അവർക്ക് ആവശ്യമായ വൈദ്യസഹായങ്ങൾ നൽകുകയും ചെയ്തു. ഇതിനുപുറമേ നിർദ്ദനരായ രോഗികൾക്ക് അംബുലൻസ് സഹായം നൽകി. കോഴിക്കോട്, ബത്തേരി പ്രദേശങ്ങളിലേക്ക് അംബുലൻസ് സർവ്വീസ് നടത്തി.

**9. TAS - Psychological Wellness and Training Centre**

**SSLC പരീക്ഷാ ഒരുക്ക സെമിനാർ**

31-12-2024 ന് കബിനിഗിരി നിർമ്മലാ ഹൈസ്ക്കൂളിലും, 07-01-2025 ന് മണിമൂളി ക്രൈസ്റ്റ് ദ കിംഗ് ഹയർസെക്കണ്ടറി സ്കൂളിലും ഈ വർഷം SSLC പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന 480 കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും അർദ്ധദിന സെമിനാറും, പരീക്ഷ ഒരുക്ക ക്ലാസും നടത്തി. രാവിലെ 9.30 മുതൽ 11.30 വരെ കുട്ടികൾക്കുള്ള പരീക്ഷ ഒരുക്ക ക്ലാസിന് TAS ടീം അംഗം ജോഷി നേതൃത്വം കൊടുത്തു. അതേ തുടർന്ന് മാതാപിതാക്കൾക്കും കുട്ടികൾക്കുമൊരുമിച്ച് നടത്തിയ മ്യൂസിക്കൽ തെറാപ്പി സെഷന് ശ്രീ. ജിതിൻ, ജോഷി എന്നിവർ നേതൃത്വം നല്കി. കബനിഗിരി സ്കൂൾ മാനേജർ ബഹു. ജോണി കല്ലുപുര അച്ചനും, ഹെഡ്മിസ്ട്രസ് ജാകിലിൻ ടീച്ചറും, ക്ലാസ് അദ്ധ്യാപകരും സെഷന് സഹായിച്ചു. മണിമൂളി സ്കൂളിൽ ഹെഡ്മാസ്റ്റർ ഷാജി സാറും, ക്ലാസ് അദ്ധ്യാപകരും സെഷന് സഹായിച്ചു.

**ഫാ. ബിനോയി കെ സെബാസ്റ്റ്യൻ**

ഡയറക്ടർ, നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി (NDS)

# കത്തോലിക്കാ കോൺഗ്രസ്സ് AKCC




നിരന്തരം പുതുക്കിക്കൊണ്ടിരിക്കുന്ന വലിയവനായ ദൈവത്തോടൊപ്പം പുതുവൽസരത്തിന്റെ സാധ്യതകളിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. ഇത്രത്തോളം നമ്മെ, വഴിയും സത്യവും ജീവനുമായി നടത്തിയ സർവ്വശക്തനായ ദൈവത്തിനു നന്ദി പറഞ്ഞു, വിളിച്ചവൻ വിശ്വസ്തൻ എന്ന് രുചിച്ചറിഞ്ഞ് കൊണ്ട് പുതിയ സംവത്സരത്തെ നാം പ്രതീക്ഷകളോടെ വരവേൽക്കുകയാണ്. സാധ്യതകളെയും പ്രതീക്ഷകളെയും തകർത്തുകളയുന്ന സാഹചര്യങ്ങളും ശക്തികളും എല്ലാക്കാല ത്തുമുണ്ടായെന്നുവരും. എന്നാൽ ദൈവകൃപയിൽ ശരണപ്പെട്ട്, സുബോധത്തോടും ജാഗ്രതയോടും കൂടി നശീകരണ പ്രവണ തകളെയും നിഷേധാത്മകമായ മനോഭാവങ്ങളെയും തടയുവാനും മൂല്യവത്തായ ചിന്തകളെയും ഗുണപരമായ മനോഭാവങ്ങളെയും ഉൾക്കൊള്ളുവാനും നാം മനസ്സിനെ ദൈവവചന ധ്യാനത്തി ലൂടെയും പ്രാർത്ഥനകളിലൂടെയും, സാമുദായിക പ്രവർത്തന ങ്ങളിലൂടെയും പാകപ്പെടുത്തിയെടുക്കേണ്ടതായിട്ടുണ്ട്. ഇംഗ്ലണ്ടിലെ പ്രശസ്തനായ സർ ലോയിഡ് ജോർജ്ജ് ഒരിക്കൽ പ്രഭാതസവാ രിക്കായി സുഹൃത്തുക്കളുമൊത്തു വീട്ടിൽ നിന്നും പുറത്തിറങ്ങി. ഗേറ്റു കടന്ന് വഴിയിലൂടെ സഞ്ചരിച്ച്,ഗോൾഫ് കോർട്ട് കടന്ന് കുറച്ചുദൂരം മുൻപോട്ട് പോയിക്കഴിഞ്ഞ് വഴിയിലിറങ്ങി തിരി ഞ്ഞുനോക്കിയപ്പോഴാണ് ഗേറ്റ് അടയ്ക്കാൻ വിട്ട് പോയി എന്ന് തിരിച്ചറിയുന്നത്. അപ്പോൾ അദ്ദേഹം സുഹൃത്തുക്കളോടായി പറഞ്ഞ വാക്കുകൾ ചിന്തനീയമാണ്. ‘പിന്നിട്ട വാതിലുകൾ അടച്ചി ടണം, അല്ലെങ്കിൽ നാൽക്കാലികൾ വീട്കയറി മുറ്റത്തുനിൽക്കുന്ന പൂച്ചെടികളെല്ലാം തിന്നു നശിപ്പിക്കും’.

കഴിഞ്ഞനാളുകളിൽ വേദനാജനകമായ അനുഭവങ്ങളി ലൂടെയും നിരാശയിലൂടെയും, പരാജയങ്ങളിലൂടെയും പലവിധ വീഴ്ചകളുടെ അനുഭവങ്ങളിലൂടെയും കടന്നു പോയിട്ടുണ്ടാകാം. എന്നാൽ അവയെ അടഞ്ഞ വാതിലുകളായി പരിഗണിക്കണം. അല്ലെങ്കിൽ നിഷേധാത്മകമായ ചിന്തകൾ ഉള്ളിലേക്കു കടന്നു

നമ്മുടെ പ്രതീക്ഷയുടെ തളിർപ്പുകളെ ഇല്ലായ്മ ചെയ്തെന്ന് വരാം. പ്രതീക്ഷയുടെ പുതുവർഷം എല്ലാ സമുദായ സ്നേഹികൾക്കും സ്നേഹപൂർവം നേരുന്നു.

രൂപതാ സമിതിയുടെ മീറ്റിംഗ് നവംബർ മാസം 24-ാം തീയതി ദ്വാരക പാസ്റൽർ സെന്ററിൽ കത്തോലിക്കാ കോൺഗ്രസ് ഓഫീസിൽവച്ച് പ്രസിഡന്റ് ശ്രീ. ജോൺസൺ തൊഴുത്തുങ്കലിന്റെ അധ്യക്ഷതയിൽ ചേർന്നു. കത്തോലിക്കാ കോൺഗ്രസ് ന്യൂനപക്ഷ അവകാശ സംരക്ഷണദിനം ആചരിച്ചു. കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപതാ സമിതിയുടെ നേതൃത്വത്തിൽ മാനന്തവാടി രൂപതാ വിദ്യാഭ്യാസ ഏജൻസി ഓഡിറ്റോറിയത്തിൽ വച്ച് ക്രൈസ്തവ ന്യൂനപക്ഷ അവകാശ സംരക്ഷണ ദിനം ആചരിച്ചു. ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ സ്വത്തും അവകാശങ്ങളും സംരക്ഷിച്ചു നിലനിൽപ്പ് ഭദ്രമാക്കുക എന്നതായിരുന്നു ദിനാചരണത്തിന്റെ ലക്ഷ്യം. ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവ ന്യൂനപക്ഷ സമൂഹങ്ങൾക്ക് നിരവധിയായ ചൂഷണങ്ങളുടെയും അതിക്രമങ്ങളുടെയും ഇടയിൽ തങ്ങളുടെ പാരമ്പര്യവും വിശ്വാസവും സംസ്കാരവും നിലനിർത്താൻ നിയമപരമായ അടിത്തറ ഒരുക്കണമെന്ന് കേന്ദ്രസംസ്ഥാന ഗവൺമെന്റുകളോട് കൺവെൻഷൻ ആവശ്യപ്പെട്ടു. വൈജാത്യങ്ങളെ പ്രോത്സാഹിപ്പിക്കുക അവകാശങ്ങളെ സംരക്ഷിക്കുക എന്നതായിരുന്നു ദിനാചരണത്തിന്റെ മുദ്രാവാക്യം. ജാതീയവും മതപരവും ഭാഷാപരവും രാഷ്ട്രീയവുമായുള്ള വിവേചനം അവസാനിപ്പിച്ച് എല്ലാവരെയും സമഗ്രമായ വികസന പാതയിലേക്ക് നയിക്കണമെന്ന് കൺവെൻഷൻ ആവശ്യപ്പെട്ടു. മാനന്തവാടി രൂപത പബ്ലിക് അഫയർ കമ്മിറ്റി ചെയർമാൻ റവ. ഫാ. ജോസ് കൊച്ചറക്കൽ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ ആമുഖപ്രഭാഷണം നടത്തി. ജില്ലാ പഞ്ചായത്ത് മെമ്പർ ബീന കരുമാംകുന്നേൽ, ഗ്ലോബൽ ട്രഷറർ അഡ്വ. ടോണി ജോസഫ് പുഞ്ചകുന്നേൽ, ഫാ.ജോസ് കളപ്പുര, ഫാ.ജോസ് കപ്യാരുമലയിൽ, ശ്രീ. റെനിൽ കഴുതാടിയിൽ, ശ്രീ. സജി ഫിലിപ്പ്, ശ്രീമതി മോളി മാമൂട്ടിൽ, ശ്രീ. ജിജോ മംഗലത്ത്, ശ്രീ. സാജു പുലിക്കോട്ടിൽ, രൂപതാ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പുര

യ്ക്കൽ, ശ്രീ. തോമസ് പാഴൂക്കാല, എന്നിവർ പ്രസംഗിച്ചു. പിന്നാക്ക വികസന കോർപ്പറേഷൻ മാനേജർ ശ്രീ. ക്ലീറ്റസ് ഡി സിൽവ വിവിധ പദ്ധതികളെക്കുറിച്ച് വിശദീകരിച്ചു.

**ഗോവ തീർത്ഥാടനം**

കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപതാ സമിതിയുടെ നേതൃത്വത്തിൽ ഗോവാതീർത്ഥാടനം രണ്ടു ഘട്ടങ്ങളിലായി പൂർത്തിയായി. ഡിസംബർ 26 ന് ആരംഭിച്ച തീർത്ഥാടനത്തിൽ 2 ബസ്സുകളിലായി 93 പേരും ജനുവരി 2 ന് ആരംഭിച്ച തീർത്ഥാടനത്തിൽ 79 പേരും പങ്കെടുത്തു.

ഒന്നാം തീർത്ഥാടനത്തിന് രൂപതാ ട്രഷറർ സജി ഫിലിപ്പ്, വൈസ് പ്രസിഡണ്ട് സാജു പുലിക്കോട്ടിൽ, സെക്രട്ടറി തോമസ് പട്ടമന എന്നിവർ നേതൃത്വം നൽകി. രണ്ടാം തീർത്ഥാടനത്തിന് രൂപതാ പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ, സെക്രട്ടറി സജി ഇരട്ടമുണ്ടയ്ക്കൽ, ബെന്നി അരിഞ്ചേർമല എന്നിവർ നേതൃത്വം നൽകി. ഗോവ തീർത്ഥാടനം വലിയ തീർത്ഥാടക അനുഭവമായി പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

സി.എം.ഐ, സി.എം.സി സന്യാസ സമൂഹങ്ങൾ ഒന്നുചേർന്ന് നടത്തിയ വിശുദ്ധ ചാവറ എവുപ്രാസിയാമ്മ അധ്യാപക പ്രസംഗ മത്സരത്തിൽ രൂപതാ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പുരക്കൽ സംസ്ഥാനതലത്തിൽ ഒന്നാം സമ്മാനത്തിന് അർഹമായി. നടവയൽ മേഖല നടത്തിയ മീറ്റിങ്ങിൽ വിജയിയെ ആദരിക്കുകയും ചെയ്തു. മീറ്റിങ്ങിൽ മേഖലാ പ്രസിഡണ്ട് ശ്രീ. വിൻസന്റ് ചേരവേലിൽ അധ്യക്ഷത വഹിച്ചു. മേഖലാ ഡയറക്ടർ ഫാ. ജോസ് കപ്യാരുമല ആമുഖ പ്രഭാഷണം നടത്തി. ശ്രീ. സജി ഇരട്ടമുണ്ടക്കൽ, ശ്രീ. ജോസ് മഠത്തിക്കുന്നേൽ, ശ്രീമതി ഷെർലി വലിയവീട്ടിൽ എന്നിവർ പ്രസംഗിച്ചു.

വയനാട് ലോക്സഭാ മണ്ഡലത്തിൽ മത്സരിച്ച യു.ഡി.എഫ് സ്ഥാനാർത്ഥി ശ്രീമതി പ്രിയങ്ക ഗാന്ധിക്ക് രൂപതാ സമിതിയുടെ നേതൃത്വത്തിൽ വയനാട് വികസനരേഖ കൈമാറി. രൂപതാ പ്രസിഡണ്ട് ശ്രീ. ജോൺസൺ തൊഴുത്തുങ്കലിന്റെ നേതൃത്വത്തിൽ പത്തോളം പ്രതിനിധികൾ സ്ഥാനാർത്ഥിയെ കണ്ടു. വയനാടിന്റെ നിലവിലെ സ്ഥിതിയും വികസന പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖയും കൈമാറി.

മാനന്തവാടി രൂപത സുവർണ്ണ ജൂബിലിയോടനുബന്ധിച്ച്

തയ്യാറാക്കുന്ന ചരിത്രപുസ്തക നിർമ്മാണത്തിനായി കത്തോലിക്കാ കോൺഗ്രസ് രൂപതാ സമിതിയുടെ ചരിത്രരേഖ തയ്യാറാക്കി ചരിത്രപുസ്തകം കമ്മിറ്റിക്ക് കൈമാറുകയും ചെയ്തു.

കൽപ്പറ്റ മേഖലയിലെ ഇടപ്പെട്ടി ഇടവകയിൽ കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ് സ്ഥാപിക്കപ്പെട്ടു. ഇടവക വികാരി ഫാ. ജോയ് പിണക്കാട്ട് അധ്യക്ഷത വഹിച്ചു. തിരഞ്ഞെടുപ്പിന് രൂപതാ സെക്രട്ടറി ശ്രീ. തോമസ് പട്ടമനയും ശ്രീ. ജോൺസൺ കെ.സിയും നേതൃത്വം നൽകി. യൂണിറ്റിന്റെ പുതിയ പ്രസിഡണ്ടായി ശ്രീ. ജോർജ് മൂലമറ്റം, വൈസ് പ്രസിഡണ്ടുമാരായി ശ്രീ. സിബി നെല്ലിശ്ശേരി, ശ്രീമതി ത്രേസ്യാമ്മ കോക്കാട്ടുമുണ്ടയിൽ, സെക്രട്ടറിയായി ശ്രീ. സോജൻ പൊൻവേലിൽ, ട്രഷററായി ശ്രീ. പ്രസാദ് നെല്ലിക്കുന്നിൽ എന്നിവരെ തിരഞ്ഞെടുത്തു.

ഗ്ലോബൽ സമിതിയുടെ നിർദ്ദേശപ്രകാരം വിവിധ ഉപ സമിതികളിലേക്ക് രൂപതാ പ്രതിനിധികളെ തെരഞ്ഞെടുത്ത് നാമനിർദേശം ചെയ്തു.

**യൂത്ത് കൗൺസിൽ**

സുനിൽ പാലമറ്റം, വിപിൻ തറയിൽ, ഡിന്റോ കൽപ്പറ്റ, പ്രവീൺ താഴത്തെമുറിയിൽ, സവിജോ ഇരുളം.

**വുമൺ കൗൺസിൽ**

മോളി മാമൂട്ടിൽ, ബീന കരിമാംകുന്നേൽ, മെസ്സിന ടീച്ചർ, സെലിൻ മേപ്പാടത്ത്, ലൗലി ഇല്ലിക്കൽ.

**മീഡിയ കൗൺസിൽ**

റെനിൽ കഴുതാടിയിൽ, സെബാസ്റ്റ്യൻ പുരക്കൽ.

**മൈനോരിറ്റി ആൻഡ് ഹെൽപ്പ് ഡസ്ക്**

തോമസ് പട്ടമന, ജിജോ മംഗലത്ത്

**ബിസിനസ് ഫോറം**

സജി E V ഇരട്ടമുണ്ടക്കൽ, സാജു പുലിക്കോട്ടിൽ.

**ഫാർമേഴ്സ് ഫോറം**

വിൻസെന്റ് ചേരവേലിൽ, അജി തോമസ് അമ്പലവയൽ

**കൾച്ചറൽ ഫോറം**

ജിൽസ് മേക്കൽ, തോമസ് പഴുക്കാല,

**ലോയേഴ്സ് ഫോറം**

അഡ്വ. ജോയി വളയംപള്ളി, അഡ്വ. ഗ്ലാഡിസ് ചെറിയാൻ.

കേരള സംസ്ഥാന വനം നിയമഭേദഗതി 2024 സംബന്ധിച്ച നിർദ്ദേശങ്ങൾ വനം വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് രൂപതാ സമിതിയുടെ വിവിധ ഇടവകകളിൽനിന്നും, മേഖലാസമിതികളിൽ നിന്നും സാമുദായക നേതാക്കന്മാരിൽ നിന്നും നിർദ്ദേശങ്ങൾ നൽകി ഇമെയിൽ വഴി പരാതികളും നിർദ്ദേശങ്ങളും അറിയിച്ചു.

അമരക്കുനി കടുവാ ആക്രമണം നടന്ന പ്രദേശത്ത് കത്തോലിക്കാ കോൺഗ്രസ് മുള്ളൻകൊല്ലി മേഖല സമിതിയുടെ നേതൃത്വത്തിൽ സന്ദർശനം നടത്തി. മേഖലാ ഡയറക്ടർ ഫാ. ജെയിംസ് പുത്തൻപറമ്പിൽ, ഫാ. ബിജു മാവറ, ഫാ. സോമി, ഗ്ലോബൽ വൈസ് പ്രസിഡണ്ട് ഡോ. കെ പി സാജു, ശ്രീ. സുനിൽ പാലമറ്റം, ശ്രീ. ജോർജ് പാലൂക്കാല, ശ്രീ. ബെന്നി കുറുമ്പാലക്കാട്ട്, ശ്രീ. ബാബു കണ്ടെത്തിയങ്കര, ശ്രീ. സൂരജ്, ശ്രീ. സജി വിരിപ്പാമറ്റം എന്നിവർ നേതൃത്വം നൽകി.

**കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ക്യാമ്പ്**

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ക്യാമ്പിൽ മാനന്തവാടി രൂപതയിൽ നിന്നും പ്രസിഡണ്ട് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ സാറിന്റെ നേതൃത്വത്തിൽ 13 ആളുകൾ പങ്കെടുത്തു. ശ്രീ. തോമസ് പട്ടമന, ശ്രീ. റെനിൽ കഴുതാടിയിൽ, അഡ്വ. ഗ്ലാഡിസ് ചെറിയാൻ, ശ്രീമതി. ബീന കരിമാംകുന്നേൽ, ശ്രീ. സജി ഇരട്ടമുണ്ടക്കൽ, ശ്രീ. സുനിൽ പാലമറ്റം ശ്രീ. ഡെവി തുടങ്ങിയവരുടെ നേതൃത്വത്തിൽ രണ്ടുദിവസം നീണ്ടുനിന്ന ക്യാമ്പിൽ സംബന്ധിച്ചു.

**ശ്രീ. സെബാസ്റ്റ്യൻ പുരയ്ക്കൽ**
രൂപതാ ജനറൽ സെക്രട്ടറി

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവകൃഷി വ്യാപനം, പാരിസ്ഥിതിക സന്തുലനം, ചെറുകിട കർഷകരുടെ ഉന്നമനം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുക എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 19099 കർഷകരാണ് 1115 ഗ്രൂപ്പുകളിലായി (48 ICS- Internal control system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICSA 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**പദ്ധതിയിൽ അംഗത്വം**

ബയോവിൻ നടപ്പിലാക്കുന്ന ജൈവസുസ്ഥിര മാനദണ്ഡ പ്രകാരം കൃഷിരീതികൾ അനുവർത്തിക്കുന്നതിനും, ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഒരേക്കർ എങ്കിലും കൃഷിയിടമുള്ള ആർക്കും സാധ്യമാണ്. പ്രസ്തുത രീതിയിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളിൽ അംഗത്വം ഇല്ലാത്ത, ബയോവിന്നിൽ ചേർന്ന് പ്രവർത്തിക്കാൻ താൽപര്യപ്പെടുന്ന കർഷകർക്ക് നിങ്ങളുടെ പഞ്ചായത്തിലെ ഫീൽഡ് കോർഡിനേറ്ററുമായി (F-C-H-) ബന്ധപ്പെടാവുന്നതാണ്.

**കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർ ട്രേഡ് സംവിധാനം, റയിൻഫോറെസ്റ് അലയൻസ് സർട്ടിഫിക്കേഷൻ എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ വിവിധ കർഷക ഗ്രൂപ്പുകളിലായി നടക്കുകയും അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ പങ്കെടുക്കുകയും കർഷരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, കർഷകരിൽ നിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

**ഇന്റേർണൽ ഇൻസ്പെക്ഷൻ നടന്നു വരുന്നു**

കൃഷിയിടങ്ങൾ സന്ദർശിക്കുകയും ബയോവിൻ നടപ്പിലാക്കുന്ന സുസ്ഥിര ജൈവ മാനദണ്ഡ പ്രകാരമാണോ കൃഷിയിടങ്ങളിൽ കർഷകർ കൃഷിരീതി അനുവർത്തിക്കുന്നത് എന്നറിയുന്നതിനുമായി നടത്തുന്ന ഇന്റേർണൽ ഇൻസ്പെക്ഷൻ മുഴുവൻ പഞ്ചായത്തുകളിലും നടന്നുവരുന്നു. ഫീൽഡ് കോർഡിനേറ്റർമാരുടെ നിയ

ന്ത്രണത്തിൽ, തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഇന്റേർണൽ ഇൻസ്പെക്ടർമാരാണ് പരിശോധന നടത്തിവരുന്നത്.

**യൂറോപ്യൻ മാനദണ്ഡ പ്രകാരമുള്ള ഓഡിറ്റ് പൂർത്തീകരിച്ചു**

യൂറോപ്യൻ രാജ്യങ്ങളിലേക്ക് ജൈവ ഉത്പന്നങ്ങൾ സംസ്കരണം നടത്തി, കയറ്റുമതി ചെയ്യുന്നതിനാവശ്യമായ യോഗ്യത നേടുന്നതിനുള്ള സാക്ഷ്യ പത്രം പുതുക്കുന്നതിനായുള്ള ഓഡിറ്റ്, സർട്ടിഫിക്കേഷൻ ഏജൻസിയായ ബയോആഗ്രിസെർട്ടിൽ നിന്നുള്ള ഓഡിറ്റർ ശ്രീ.അശോക് കുമാർ പൂർത്തീകരിക്കുകയും സാക്ഷ്യപത്രം ലഭ്യമാകുകയും ചെയ്തു.

**സംഭരണം**

ഡിസംബർ മാസം കർഷകരിൽ നിന്നും തേങ്ങ കിലോയ്ക്ക് 30 രൂപ നിരക്കിൽ 25555 കിലോ സംഭരിച്ചു

**ബയോലാൻറ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യവർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ കാപ്പി, മഞ്ഞൾ, കുരുമുളക്, മാങ്ങ തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**ബയോവിൻ അഗ്രോ റിസേർച്ച് നവീകരിച്ച യൂണിറ്റിന്റെ വെഞ്ചിരിപ്പ് കർമ്മവും ക്രിസ്തുമസ് ആഘോഷവും സംഘടിപ്പിച്ചു.**

ഡിസംബർ ഇരുപത്തി മൂന്നാം തീയ്യതി അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ നേതൃത്വത്തിൽ ചെയർമാൻ അഡ്വ. ഫാ. ജോണ് ചൂരപ്പുഴയിൽ, അസോ.ഡയറക്ടർ ഫാ.ബിനു പൈനുങ്കൽ എന്നിവർ ബയോവിൻ അഗ്രോ റിസർച്ചിന്റെ നവീകരിച്ച യൂണിറ്റുകളിടെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു. അന്നേ ദിവസം സംഘടിപ്പിച്ച ക്രിസ്തുമസ് ആഘോഷത്തിൽ ബയോവിൻ കുടുംബത്തിലെ മുഴുവൻ അംഗങ്ങളും പങ്കുചേരുകയും, ഫാക്ടറി തൊഴിലാളികൾക്കായി ഒരുക്കിയ ക്രിസ്തുമസ് സമ്മാനം അഭിവന്ദ്യ പിതാവിൽ നിന്നും സ്വീകരിക്കുകയും ചെയ്തു.

ബയോവിൻ ഫാക്ടറി ജീവനക്കാരനായിരുന്ന അകാലത്തിൽ മരണപ്പെട്ട ശ്രീ. ശ്രീകുമാറിന്റെ കുടുബത്തിനായി ബയോവിൻ ജീവനക്കാരും ബയോവിൻ അഗ്രോ റിസെർച്ചും ചേർന്ന് സമാഹരിച്ച തുക, അദ്ദേഹത്തിന്റെ കുഞ്ഞുങ്ങളുടെ പേരിൽ ഫിക്സഡ് ഡെപ്പോസിറ് ചെയ്യുകയും, ആയതിന്റെ രേഖകൾ അഭിവന്ദ്യ പിതാവ് അവകാശികൾക്ക് കൈമാറുകയും ചെയ്തു.

**അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**കാർഷിക വികസന മേഖലയിൽ കമ്മ്യൂണിറ്റി റേഡിയോയുടെ പങ്ക് - സെമിനാർ**

അമ്പലവയൽ കൃഷിവിജ്ഞാന കേന്ദ്രത്തിൽ ജനുവരി 01 ന് നടന്ന സെമിനാറിൽ റേഡിയോ മാറ്റൊലി അസോസിയേറ്റ് ഡയറക്ടർ ഫാ. ബിവാൾഡിൻ ക്ലാസ്സെടുത്തു. കാർഷിക വികസന മേഖലയിൽ കമ്മ്യൂണിറ്റി റേഡിയോയുടെ പങ്ക് എന്ന വിഷയത്തിൽ RARS ലെ വിദ്യാർത്ഥികൾക്കായിട്ടായിരുന്നു ക്ലാസ് എടുത്തത്.

**ഗ്രാമമാറ്റൊലി**

ബീനാച്ചി ഗവ.ഹൈസ്കൂളിൽ വെച്ച് ഡിസം. 21 ന് ഗ്രാമമാറ്റൊലി സംഘടിപ്പിച്ചു. റേഡിയോ മാറ്റൊലി ശ്രോതാക്കളുടെ കൂട്ടായ്മയായ മാറ്റൊലിക്കൂട്ടം തയ്യാറാക്കിയ മാഗസിൻ സുരംഗ് ഗ്രാമമാറ്റൊലി ഉദ്ഘാടന ചടങ്ങിൽ വെച്ച് പ്രകാശനം ചെയ്തു. സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി, അസോസിയേറ്റ് ഡയറക്ടർമാരായ ഫാ.ബിവാൾഡിൻ, ഫാ.ടോണി ആന്റണി എന്നിവർ ചടങ്ങിൽ പങ്കെടുത്തു. പ്രോഗ്രാം പ്രൊഡ്യൂസേഴ്സ്, വോളണ്ടിയേഴ്സ് എന്നിവർ വിവിധ പ്രോഗ്രാമുകൾ റെക്കോർഡ് ചെയ്തു. ജനുവരി 02 ന് വണ്ടിയാമ്പറ്റ യുവശബ്ദം വായനശാല യുടെ ആഭിമുഖ്യത്തിൽ ഗ്രാമമാറ്റൊലി സംഘടിപ്പിച്ചു.

**നമ്മുടെ വയോധികർ നമ്മുടെ അഭിമാനം - നാരോകാസ്റ്റ്**

വയോമിത്ര പ്രൊജക്ടിന്റെ ഭാഗമായി ജനുവരി 17 ന് വെള്ളമുണ്ട 8/4 ൽ വെച്ച് വയോജനങ്ങൾക്കായി നാരോകാസ്റ്റ് നടത്തി. വയോജന നിയമങ്ങൾ, പദ്ധതികൾ, ആനുകൂല്യങ്ങൾ തുടങ്ങിയവയെക്കുറിച്ച് റേഡിയോ മാറ്റൊലി അസോസിയേറ്റ് ഡയറക്ടർ ഫാ. ടോണി ആന്റണി ക്ലാസ് എടുത്തു.

**തത്സമയ ഫോൺ ഇൻ പരിപാടി**

2025 ജനുവരി 01 പുതുവർഷത്തോടനുബന്ധിച്ച് ഡയറക്ടർ ലൈവ് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. പരിപാടിയിൽ സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി ശ്രോതാക്കളുമായി സംവദിച്ചു. പുതിയ വർഷത്തിൽ റേഡിയോ മാറ്റൊലിയിൽ പ്രക്ഷേപണത്തിൽ വരുത്തേണ്ട ആശയങ്ങളും നിർദ്ദേശങ്ങളും ശ്രോതാക്കൾ പങ്കുവെച്ചു.

**റേഡിയോ സന്ദർശനം**

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി റേഡിയോ ആയ റേഡിയോ ഫോർ യൂ 89.6 എഫ്.എം ന്റെ ഡയറക്ടർമാരായ ഫാ. ജോമേഷ്, ഫാ.ജിതിൻ എന്നിവർ റേഡിയോയുടെ പ്രവർത്തനങ്ങളേക്കുറിച്ച് ചർച്ച ചെയ്യുന്നതിനും പഠിക്കുന്നതിനുമായി ജനു14 ന് റേഡിയോ മാറ്റൊലി സന്ദർശിച്ചു.

**പ്രത്യേക സംഗീതസല്ലാപം**

ക്രിസ്തുമസ് ദിനത്തിൽ പ്രത്യേക സംഗീത സല്ലാപം പരിപാടി സംഘടിപ്പിച്ചു. ജയേഷ് സ്രാമ്പിക്കൽ പരിപാടിയിൽ പങ്കെടുത്തു.

**ഇന്റേൺഷിപ്പ്**

കോഴിക്കോട് ജെ.ഡി.റ്റി ഇസ്ലാം കോളേജ് വിദ്യാർത്ഥിനി തെസ്നി ഡിസംബർ 24 ന് 7 ദിവസത്തെ ഇന്റേൺഷിപ്പിന് ജോയിൻ ചെയ്തു.

**ടീം മീറ്റിംഗ്**

ഡിസംബർ 23 ന് ടീം മീറ്റിംഗും ക്രിസ്മസ് ആഘോഷവും നടത്തി.

**വയനാട് സാഹിത്യോത്സവം**

ഡിസംബർ 26 മുതൽ 29 വരെ ദ്വാരകയിൽ നടന്ന വയനാട് സാഹിത്യോത്സവത്തിന്റെ പ്രോഗ്രാമുകൾ റെക്കോർഡ് ചെയ്തു.

**പഠന സന്ദർശനം**

വണ്ടൂർ അംബേദ്കർ ആർട്സ് ആന്റ് സയൻസ് കോളേജ് വിദ്യാർത്ഥികളും, കുറ്റിപ്പുറം കെ.എം.സി.ടി ആർട്സ് ആന്റ് സയൻസ് കോളേജ് വിദ്യാർത്ഥികളും ജനുവരി 04 ന് പഠനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ, റേഡിയോ മാറ്റൊലി

**December 2024-January 2025**

**Retirement Function**

The retirement function of Sri. Johnson C. J., Senior Clerk, was organized by the college management and College Union on December 31, 2024. The entire college community gratefully commemorates Sri. Johnson's 28 years of dedicated service.

**Kuki Diaspora**

On December 10, 2024, the college organized cultural programs exclusively for Kuki students studying in various colleges across Kerala. The event was followed by a Christmas celebration dedicated to these students. Benefactors supporting these students were honored on this occasion, and the college presented gifts as a token of appreciation.

**NSS Seven-Day Camp**

The National Service Scheme (NSS) conducted a seven-day camp at the Government Higher Secondary School, Kattikulam from December 20–26, 2024. The camp featured activities such as rural surveys, cleaning programs, anti-drug awareness campaigns, and arts and sports events.

**Celebrations and Competitions**

- Christmas Celebration: The College Union celebrated Christmas on December 20, 2024, with carol singing, crib-making competitions, and cake cutting.
- New Year Celebration: The College Union organized a unique New Year event, *Kattanoppam Pattu*, on January 1, 2025, featuring music and black coffee.
- Mobile Game Competition: The Mathematics Club conducted

an inter-departmental mobile game competition on January 3, 2025.

- Quiz Competition: The Naval NCC organized a quiz competition on January 3, 2025.
- Badminton Tournament: A badminton tournament was held on January 7–8, 2025.
- Basketball Tournament: The College Union conducted an inter-departmental basketball tournament on January 9–10, 2025.
- Model Parliament Competition: A state-level Model Parliament competition was hosted by the college on January 15, 2025.

**Seminars and Workshops**

- **Tourism Club:** Members of the Tourism Club attended the Tourism Conclave organized by Wayanad Press Club, Kalpetta, on December 12, 2024.
- **Investor Awareness Seminars:**

  **1. Department of Social Science (Economics):** Conducted a seminar on nvestor Awareness Programme on January 1, 2025.

  **2. Department of Computer Science:** Organized a seminar on investment Literacy Initiative on January 1, 2025.

  **3. Department of Mathematics:** Hosted a skill development programme on Investor Awareness on January 1, 2025.
- **Workshops:**

  **1.** Students from the Department of Computer Science attended a two-day workshop at Christ College, Irinjalakkuda, from January 6–7, 2025, as part of an **academic exchange programme.**

  **2. Skill Enhancement and Employability Programme:** The Department of Social Science (Economics) organized ***Agape* (a food fest)** on January 7, 2025.

  **3. Chart Presentation:** The Department of Malayalam conducted

a chart presentation commemorating M. T. Vasudevan Nair on January 7, 2025.

**4. Career Counseling:** The Department of Physics organized a **finishing school programme** on Career Counseling and Educational Planning on January 9, 2025.

**5.** Students participated in the **Good Morning Collector** programme, meeting the Wayanad District Collector.

**Paper Publications**

- Dr. Sijo A. K. (Assistant Professor, Department of Physics) published a paper titled *Magneto-structural Properties of Mg-Substituted Copper Ferrite Nanoparticles* in *Material Research Express,* a Q2 Scopus-indexed journal. The work was part of an Indo-Poland-Ukraine international collaboration.
- Sr. Elizabeth M. J. (Assistant Professor, Department of Computer Science) published a paper titled *Cellular Automaton-Based Sentiment Analysis Using Deep Learning Methods* in the journal *Complex Systems.*

**Student Achievements**

- CDT. Najiya Nasrin successfully completed PRE-RDC III.
- LCPL. Krishnapriya V. was selected for RDC 2025 at Delhi.
- SGT. Unnimaya Ashok successfully completed the Army Attachment Camp at Trivandrum with the 2 Madras Regiment from December 17–27, 2024.
- UO. Vivek K. R. successfully completed Kerala EBSB II, held at Kasaragod from December 23, 2024, to January 3, 2025.
- UO. Vrinda G. Anand successfully completed EBSB-II at OTA Kamptee, Nagpur, from December 24, 2024, to January 4, 2025.

**Dr. Geetha Antony Pullen**

Principal in Charge

# ഫെഡാർ ഫൗണ്ടേഷൻ

**ഫെഡാർ റെസിഡൻഷ്യൽ സ്കൂൾ**

ഫെഡാർ ഫൗണ്ടേഷൻ കാട്ടിക്കുളം ക്യാമ്പസിൽ പുതുതായി ഒരു റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നു. പ്ലസ് വൺ സയൻസ് ബാച്ചിനാണ് ഈ വർഷം തുടക്കം കുറിക്കുക. ആവശ്യമായ സൗകര്യങ്ങളും കെട്ടിടവും മറ്റും ഒരുക്കിയിട്ടുണ്ട്.

**സ്കൂളിന്റെ പ്രധാന സവിശേഷതകൾ:**

* കുട്ടികളുടെ സ്കിൽ ഡെവലപ്മെന്റിന് മുൻതൂക്കം നൽകിക്കൊണ്ട് സമഗ്രമായ വളർച്ച ലക്ഷ്യം വയ്ക്കുന്ന പാഠ്യപദ്ധതി.
* പ്ലസ് വൺ പഠനത്തോടൊപ്പം തന്നെ ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി, എഡിറ്റിംഗ്, വെബ് ഡിസൈനിങ്, കമ്പ്യൂട്ടർ കോഡിംഗ് മുതലായ കോഴ്സുകളും ക്യാമ്പസിൽ തന്നെ ലഭ്യമാണ്.
* IELTS, ജർമൻ ഭാഷകളുടെ പരിശീലനം.
* അഖിലേന്ത്യ തലത്തിലുള്ള എല്ലാ എൻട്രൻസ് എക്സാമുകളെയും കുറിച്ച് കുട്ടികളെ ബോധ്യപ്പെടുത്തുകയും സജ്ജരാക്കുകയും ചെയ്യുന്നു.
* വിദഗ്ധരുടെ സഹായത്തോടെ സമയാസമയങ്ങളിൽ കൗൺസിലിംഗ് സെഷനുകൾ, മോട്ടിവേഷൻ ക്ലാസുകൾ, കരിയർ ഗൈഡൻസ് മുതലായവയും നൽകുന്നു.
* കലാപരവും കായികപരവുമായ കഴിവുകൾ വർധിപ്പിക്കുന്നതിനുള്ള അനുദിന പരിശീലനം.
* വിശ്വാസപരിശീലനവും ആത്മീയജീവിതത്തിന് ആവശ്യമായ ശുശ്രൂഷകളും (അനുദിന വിശുദ്ധ കുർബാന, ജപമാല, ആരാധന, കുമ്പസാരത്തിനുള്ള സൗകര്യം). സ്കൂളിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിട്ടുണ്ട്. ഈ വർഷം പത്താം ക്ലാസ്സ് പഠിക്കുന്ന കുട്ടികൾക്കാണ് അഡ്മിഷനെടുക്കാൻ സാധിക്കുക. വിശദവിവരങ്ങൾക്കും അഡ്മിഷനും വേണ്ടി റിൻസൺ നെല്ലിമലയിൽ അച്ചനെ (6238862380) ബന്ധപ്പെടുക.

**ഫാ. അരുൺ മാത്തിപറമ്പിൽ**
ജി.എം. ഫെഡാർ ഫൗണ്ടേഷൻ

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ ക്രിസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായി കാത്തലിക് ടീച്ചേർസ് ഗിൽഡിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട ബത്‌ലഹേം ബീറ്റ്സ് സീസൺ 2 കരോൾഗാന മത്സരവേദി വിവിധ വിദ്യാലയങ്ങളിലെ അധ്യാപക അനധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സംഗമവേദി കൂടിയായിരുന്നു. മാനന്തവാടി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന്റെ ക്രിസ്തുമസ് സന്ദേശത്തോടെ ആരംഭിച്ച ആഘോഷവേളയെ അധ്യാപകരും വിദ്യാർത്ഥികളും ഒത്തുചേർന്നാലപിച്ച കരോൾഗാനങ്ങൾ അതിമനോഹരമാക്കി തീർത്തു. മത്സരവിജയികൾക്കുള്ള എവർറോളിംഗ് ട്രോഫിയും ക്യാഷ് പ്രൈസും സമാപന സമ്മേളന വേദിയിൽ വെച്ച് മാനന്തവാടി രൂപതയുടെ വികാരി ജനറാൾ പോൾ മുണ്ടോളിക്കൽ അച്ചൻ വിതരണം ചെയ്യുകയും സമാപന സന്ദേശം നൽകുകയും ചെയ്തു.

എൽ. പി വിഭാഗത്തിൽ സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. എസ് പാടിച്ചിറ ഒന്നാം സ്ഥാനവും സെന്റ് തോമസ് എൽ. പി. എസ് അരിഞ്ചേർമല രണ്ടാം സ്ഥാനവും എ. യു. പി. എസ് ദ്വാരക മൂന്നാം സ്ഥാനവും യു. പി വിഭാഗത്തിൽ സെന്റ് സെബാസ്റ്റ്യൻസ് യു. പി. എസ് കൊമ്മയാട് ഒന്നാം സ്ഥാനവും സെന്റ് ജോസഫ്സ് യു. പി. എസ് കല്ലോടി രണ്ടാം സ്ഥാനവും സെന്റ് തോമസ് യു. പി. എസ് നടവയൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഹൈസ്കൂൾ വിഭാഗത്തിൽ അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി ഒന്നാം സ്ഥാനവും സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ രണ്ടാം സ്ഥാനവും നിർമല ഹൈസ്കൂൾ കബനിഗിരി മൂന്നാം സ്ഥാനവും നേടി. ഹയർസെക്കണ്ടറി വിഭാഗത്തിൽ ഐ. ജെ. എം ഹയർസെക്കണ്ടറി സ്കൂൾ കൊട്ടിയൂർ, സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ നടവയൽ, ഫാ. ജി. കെ. എം ഹയർസെക്കണ്ടറി സ്കൂൾ കണിയാരം എന്നീ വിദ്യാലയങ്ങൾ യഥാക്രമം ആദ്യ മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി. മത്സരവിജയികൾക്ക് അഭിനന്ദനങ്ങൾ.

**വിദ്യാലയ വാർത്തകൾ**

**എൽ. പി. വിഭാഗം**

**I ദേവമാതാ എ. എൽ. പി. സ്കൂൾ ആടിക്കൊല്ലി**

മില്ലറ്റ് ദിനം ആചരിച്ചു. ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു.

**II സെന്റ് തോമസ് എൽ. പി. സ്കൂൾ അരിഞ്ചേർമല**

സ്കൂൾ തലത്തിൽ ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. ബത്‌ലഹേം ബീറ്റ്സ് കരോൾഗാന മത്സരത്തിൽ എൽ.പി വിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. വിദ്യാലയത്തിന്റെ നാല്പത്തിരണ്ടാം വാർഷികാഘോഷവും പ്രീ പ്രൈമറി വിദ്യാർത്ഥികളുടെ കോൺവൊക്കേഷൻ സെറിമണിയും ആഘോഷപൂർവം നടത്തപ്പെട്ടു. അക്കാദമികവും അക്കാദമികേതരവുമായ മേഖലകളിൽ പ്രതിഭകളായ വിദ്യാർത്ഥികളെ ആദരിക്കുകയും ഒന്നാം ക്ലാസ്സിലെ വിദ്യാർത്ഥികളുടെ രചനകളുൾക്കൊള്ളുന്ന മാഗസിൻ പ്രകാശനം നിർവഹിക്കുകയും ചെയ്തു.

**III എ. എൽ. പി. സ്കൂൾ കണിയാരം**

ക്രിസ്തുമസ്, പുതുവത്സര ആഘോഷങ്ങൾ സമുചിതമായി സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്കായി പഠനയാത്ര സംഘടിപ്പിച്ചു. മോണിറ്ററിങ് ടീം വിദ്യാലയം സന്ദർശിച്ചു.

**IV സെന്റ് സെബാസ്ററ്യൻസ് എൽ. പി. സ്കൂൾ ഏലപ്പീടിക**

ക്രിസ്തുമസ് ആഘോഷം സമുചിതമായി സംഘടിപ്പിച്ചു. ക്ലാസ് പി.ടി.എ യോഗം ചേർന്ന് പഠനനിലവാരം വിലയിരുത്തി.

**V സെന്റ് പോൾസ് എൽ. പി. സ്കൂൾ പുതിയിടംകുന്ന്**

ക്രിസ്തുമസ് ആഘോഷം സമുചിതമായി സംഘടിപ്പിച്ചു. ചെറുതായി കാണല്ലേ ചെറുധാന്യങ്ങളെ എന്ന സന്ദേശം നൽകിക്കൊണ്ട് മില്ലറ്റ് ദിനം വിപുലമായി ആചരിച്ചു.

**VI സെന്റ് മാർട്ടിൻസ് എൽ. പി. സ്കൂൾ ഒണ്ടയങ്ങാടി**

സ്കൂൾതലത്തിൽ ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കുമായി ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു.

**VII സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ പോരൂർ**

ക്രിസ്തുമസ് ആഘോഷം സമുചിതമായി സംഘടിപ്പിച്ചു. പുതുവർഷപ്പിറവി ദിനത്തിൽ വിദ്യാർത്ഥികൾക്ക് മധുരം വിതരണം ചെയ്തു. മില്ലറ്റ് ദിനം വിപുലമായി ആചരിച്ചു.

**VIII നിർമല എൽ. പി. എസ്. ആലാറ്റിൽ**

വിവിധ ക്ലബ്ബ്കളുടെ നേതൃത്വത്തിൽ വൃദ്ധസദനം സന്ദർശിച്ചു. വിദ്യാർത്ഥികൾക്കായി ഡാൻസ് ക്ലാസ്, യോഗ ക്ലാസ് എന്നിവ ആരംഭിച്ചു. ഗോത്രവിഭാഗം വിദ്യാർത്ഥികളുടെ ഭവന സന്ദർശനം നടത്തി. വിദ്യാർത്ഥികൾക്കായി പ്രസംഗ പരിശീലനം, ജി.കെ പരിശീലനം എന്നിവ നൽകിവരുന്നു.

**IX സി. കെ. എൽ. പി. എസ്. മണിമൂളി**

വിദ്യാലയത്തിലെ പച്ചക്കറിത്തോട്ടത്തിൽനിന്നും വിളവെടുത്തു.

**X പ്രൊവിഡൻസ് എൽ. പി. സ്കൂൾ വെള്ളൂന്നി**

മില്ലറ്റ് ദിനം വിവിധ പരിപാടികളോടെ ആചരിച്ചു. ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്കായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിച്ചു.

**XI സെന്റ് ജോർജ് എൽ. പി. സ്കൂൾ അമ്പായത്തോട്**

ഹരിത വിദ്യാലയം സർട്ടിഫിക്കറ്റ് കരസ്ഥമാക്കി. ഭിന്നശേഷി ദിനാചരണത്തിന്റെയും മനുഷ്യാവകാശ ദിനാചരണത്തിന്റെയും മില്ലറ്റ് ദിനത്തിന്റെയും ഭാഗമായി വിവിധ പരിപാടികൾ നടത്തി.

**XII സെന്റ് തോമസ് എൽ. പി. സ്കൂൾ നടവയൽ**

ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. ക്ലാസ് പി.ടി. എ സംഘടിപ്പിച്ചു. സ്കൂൾതല ഫുട്ബോൾ ടീം രൂപീകരിച്ചു. ദേശജ്യോതി ക്വിസ് മത്സരം സംഘടിപ്പിച്ചു.

**XIII സെന്റ് ജോർജ്ജ് എൽ. പി. സ്കൂൾ കൊളവയൽ**

ഫീൽഡ് ട്രിപ്പ് നടത്തി. ക്രിസ്തുമസ് ആഘോഷം സമുചിതമായി സംഘടിപ്പിച്ചു.

**യു. പി. വിഭാഗം**

**I സെന്റ് തോമസ് എ. യു. പി. സ്കൂൾ ഇടിവണ്ണ**

ക്രിസ്തുമസ്, പുതുവത്സര ആഘോഷങ്ങൾ സമുചിതമായി സംഘടിപ്പിച്ചു. ക്ലാസ് പി.ടി.എ യോഗം ചേർന്ന് പഠനനിലവാരം വിലയിരുത്തി. യു.എസ്.എസ് പരീക്ഷയെഴുതുന്ന വിദ്യാർത്ഥികളുടെ രക്ഷിതാക്കളുടെ യോഗം ചേർന്നു.

**II അസംപ്ഷൻ എ. യു. പി. സ്കൂൾ ബത്തേരി**

അന്താരാഷ്ട്ര മില്ലറ്റ് ദിനം ആചരിച്ചു. ക്രിസ്മസ് ആഘോഷം നടത്തി. ലോക ഹിന്ദി ദിനത്തിൽ വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ നടത്തി.

**III സെന്റ് തോമസ് എ. യു. പി. സ്കൂൾ മുള്ളൻകൊല്ലി**

അന്താരാഷ്ട്ര മില്ലറ്റ് ദിനം ആചരിച്ചു. ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. പുതുവത്സര ദിനത്തിൽ പായസവിതരണം നടത്തി.

**IV അമ്പായത്തോട് യു. പി. സ്കൂൾ**

സ്കൂൾ പച്ചക്കറിത്തോട്ടത്തിലെ വിളവെടുപ്പ് നടത്തി. ക്യാമ്പസ് മനോഹരമാക്കാൻ പൂന്തോട്ടം നിർമിച്ചു. ക്രിസ്തുമസ്, പുതുവത്സര ആഘോഷങ്ങൾ സമുചിതമായി സംഘടിപ്പിച്ചു. യു.എസ്.എസ് പരീക്ഷ പരിശീലനം ആരംഭിച്ചു.

**V സെന്റ് ആന്റണീസ് യു. പി. സ്കൂൾ പഴൂർ**

പരിസ്ഥിതി ക്ലബ്ബിന്റെ നേതൃത്വത്തിൽ ഔഷധ സസ്യത്തോട്ടം നിർമിച്ചു. മില്ലറ്റ് ദിനം ആചരിച്ചു. നല്ലപാഠം പ്രവർത്തകരുടെ നേതൃത്വത്തിൽ ഉന്നതികൾ സന്ദർശിക്കുകയും കേക്ക് വിതരണം നടത്തുകയും ചെയ്തു. വിദ്യാലയത്തിൽ ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. ക്ലാസ് പി.ടി.എ യോഗം ചേർന്ന് പഠന നിലവാരം വിലയിരുത്തി. ദേശജ്യോതി ക്വിസ് നടത്തി. വിദ്യാർത്ഥികൾക്കായി പഠനയാത്ര നടത്തി.

**VI സെന്റ് ജോസഫ്സ് യു. പി. സ്കൂൾ കല്ലോടി**

ലോകഭിന്നശേഷിദിനം, അറബി ഭാഷാദിനം എന്നിവ ആചരിച്ചു. ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. ബത്‌ലഹേം ബീറ്റ്സ് കരോൾഗാന മത്സരത്തിൽ യു.പി വിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി.

**VII സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ പാടിച്ചിറ**

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയും ടീച്ചേർസ് ഗിൽഡും സംയുക്തമായി സംഘടിപ്പിച്ച ബത്‌ലഹേം ബീറ്റ്സ് കരോൾ ഗാനമത്സരത്തിൽ എൽ.പി വിഭാഗത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**VIII എ. യു. പി. സ്കൂൾ ദ്വാരക**

മില്ലറ്റ് ദിനം വിപുലമായി ആചരിച്ചു. വിദ്യാലയത്തിലെ അധ്യാപക അനധ്യാപക കൂട്ടായ്മയുടെ നേതൃത്വത്തിൽ ക്രിസ്തുമസ് ആഘോഷം നിർധന വ്യക്തികൾക്ക് സഹായം നൽകിക്കൊണ്ട് വേറിട്ടതാക്കി.

**IX സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ കൊമ്മയാട്**

ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. ബത്‌ലഹേം

ബീറ്റ്സ് കരോൾഗാന മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. പഞ്ചായത്ത് തലത്തിൽ പ്ലാറ്റിനം ജൂബിലി ക്വിസ് മത്സരം സംഘടിപ്പിച്ചു.

**X സെന്റ് മേരീസ് യു. പി. സ്കൂൾ കബനിഗിരി**

ക്ലാസ് പി.ടി.എ യോഗം ചേർന്ന് പഠനനിലവാരം വിലയിരുത്തി.യു.എസ്.എസ് പരീക്ഷയ്ക്കായി ഒരുങ്ങുന്ന കുട്ടികൾക്ക് പരിശീലനം നൽകിവരുന്നു.

**XI സെന്റ് തോമസ് യു. പി. സ്കൂൾ തവിഞ്ഞാൽ**

നാല് വിദ്യാർത്ഥികൾ തളിര് സ്കോളർഷിപ്പ് കരസ്ഥമാക്കി. വിദ്യാരംഗം ജില്ലാതല കലോത്സവത്തിൽ നാടൻപാട്ട് വിഭാഗത്തിൽ പ്രതിഭാപുരസ്കാരം കരസ്ഥമാക്കി.

**XII സെന്റ് മേരീസ് യു. പി. സ്കൂൾ തരിയോട്**

സ്കൂൾതലത്തിൽ ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. പി.ടി.എ മീറ്റിംഗ് ചേരുകയും ബോധവത്കരണ ക്ലാസ്സ് നൽകുകയും ചെയ്തു. മാലിന്യമുക്ത നവകേരളം പരിപാടി നടത്തി.

**XIII സെന്റ് ആന്റണീസ് യു. പി. സ്കൂൾ കോട്ടത്തറ**

ഭാഷ അസംബ്ലികൾ, കുഞ്ഞുവായനകൾ,ക്ലാസ് മാഗസിനുകൾ തുടങ്ങിയവ ഭാഷാക്ലാസ്സുകളെ സജീവമാക്കുന്നു. ക്രിസ്തുമസ് ആഘോഷം നടത്തി. വെള്ളിയാഴ്ചകളിൽ ഫുട്ബോൾ പരിശീലനങ്ങളും മാസ്ഡ്രില്ലും നൽകിവരുന്നു.

**ഹൈസ്കൂൾ വിഭാഗം**

**I സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

ക്രിസ്തുമസ് ആഘോഷം സമുചിതമായി സംഘടിപ്പിച്ചു. വിദ്യാരംഗം ജില്ലാ സർഗോത്സവത്തിൽ കഥാരചനയിൽ രണ്ടാം സ്ഥാനം ലഭിച്ചു. ബത്‌ലഹേം ബീറ്റ്സ് കരോൾഗാന മത്സരത്തിൽ യു.പി വിഭാഗത്തിൽ മൂന്നാം സ്ഥാനവും ഹൈസ്കൂൾ വിഭാഗത്തിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. സംസ്ഥാന കലാമേളയിൽ പങ്കെടുത്ത വിദ്യാർത്ഥികൾ മികച്ച നേട്ടങ്ങൾ കൈവരിച്ചു.

**II സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി**

വിദ്യാലയത്തിന്റെ വാർഷികാഘോഷം സംഘടിപ്പിച്ചു. രക്ഷാകർതൃയോഗം ചേർന്ന് പഠനനിലവാരം വിലയിരുത്തി. പച്ചക്കറി വിളവെടുത്തു. സംസ്ഥാന കലോത്സവത്തിൽ പങ്കെടു

ത്തവർ അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിച്ചു. ചെസ്സ് ചാമ്പ്യൻഷിപ്പിൽ വിജയം നേടി. ദേശജ്യോതി ക്വിസ് മത്സരത്തിൽ വിദ്യാർത്ഥികൾ ഒന്നാം സ്ഥാനം നേടി.

**III ഐ. ജെ. എം. ഹൈസ്കൂൾ കൊട്ടിയൂർ**

രക്ഷിതാക്കൾക്ക് ബോധവത്കരണ ക്ലാസ്സ് നൽകി. SSLC വിദ്യാർത്ഥികൾക്കായി മോട്ടിവേഷൻ ക്ലാസ് നൽകി. സുവർണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സ്വാഗതസംഘം രൂപീകരിച്ചു.

**IV സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്**

വിദ്യാർത്ഥികളുടെ ഭവനസന്ദർശനം നടത്തി. ക്രിസ്തുമസ് ആഘോഷം നടത്തി. വയോജനസംഗമവും ഫുട്ബോൾ ടൂർണമെന്റും നടത്തി. വിദ്യാർത്ഥികൾക്ക് മോട്ടിവേഷൻ ക്ലാസ് നൽകി. SSLC നൈറ്റ് ക്യാമ്പ് ആരംഭിച്ചു.

**V ഫാ. ജി. കെ. എം. ഹൈസ്കൂൾ കണിയാരം**

പി.ടി.എ യോഗം ചേർന്ന് പഠനനിലവാരം വിലയിരുത്തി. SSLC വിദ്യാർത്ഥികൾക്കായി നൈറ്റ് ക്യാമ്പ് ആരംഭിച്ചു. മോട്ടിവേഷൻ ക്ലാസ് നൽകി. മാനന്തവാടി ഉപജില്ലാ വിദ്യാരംഗം സർഗോത്സവത്തിൽ ഓവറോൾ കിരീടം നേടി. ക്രിസ്തുമസ്, പുതുവത്സര ആഘോഷങ്ങൾ സമുചിതമായി സംഘടിപ്പിച്ചു. അടുത്ത അധ്യയന വർഷം വിദ്യാലയത്തിലെത്തേണ്ട വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിച്ചു.

**VI അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

സ്കൗട്ട് ആൻഡ് ഗൈഡ്സ് വിഭാഗം വിദ്യാർത്ഥികൾ നട്ടുവളർത്തിയ പച്ചക്കറിത്തോട്ടത്തിൽ നിന്നും വിളവെടുത്തു. സ്കൗട്ട് ആൻഡ് ഗൈഡ് വിദ്യാർത്ഥികൾക്ക് രാജ്യപുരസ്കാർ പരിശീലനം നൽകി. അന്താരാഷ്ട്ര മില്ലറ്റ് ദിനം ആചരിച്ചു. എം.ടി യുടെ ഓർമകൾക്ക് ആദരമർപ്പിച്ചുകൊണ്ട് സ്മരണപത്രിക തയ്യാറാക്കി. വിദ്യാർത്ഥികളെ വായനാനുഭവത്തിലേക്ക് നയിക്കാൻ വായനച്ചില്ല സംഘടിപ്പിച്ചു. പി.ടി.എ യോഗം ചേർന്നു. സംസ്ഥാന സ്കൂൾ കലാമേളയിൽ മികച്ച നേട്ടങ്ങൾ കൈവരിച്ചു. ജിനചന്ദ്രൻ മെമ്മോറിയൽ തത്സമയ ഉപന്യാസ രചനാമത്സരത്തിൽ ഒന്നാം സ്ഥാനം നേടി.

**VII സി. കെ. എച്ച്. എസ്. മണിമൂളി**

SSLC പഠനക്യാമ്പ് ആരംഭിച്ചു. സ്കൂൾ വാർഷികാഘോ

ഷവും യാത്രയയപ്പ് സമ്മേളനവും നടത്തി. ഭവനനിർമാണത്തിനായി സാമ്പത്തിക സഹായം നൽകി.

**VIII സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി**

സ്കൗട്ട് യൂണിറ്റിന്റെ ഏകദിന ക്യാമ്പ് നടത്തി. ക്രിസ്തുമസ് ആഘോഷം സമുചിതമായി സംഘടിപ്പിച്ചു. പി.ടി.എ യോഗം ചേർന്നു. വിദ്യാർത്ഥികളുടെ ഭവനസന്ദർശനം ആരംഭിച്ചു. സംസ്ഥാന കലാമേളയിൽ പങ്കെടുത്ത വിദ്യാർത്ഥികൾ മികച്ച നേട്ടങ്ങൾ കൈവരിച്ചു.

**IX നിർമല ഹൈസ്കൂൾ കബനിഗിരി**

വിദ്യാലയത്തിലെ ഗോത്രവിഭാഗം വിദ്യാർത്ഥികൾക്കായി പഠനയാത്ര സംഘടിപ്പിച്ചു.

**ഹയർസെക്കണ്ടറി വിഭാഗം**

**I സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ കല്ലോടി**

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ പങ്കെടുത്ത വിദ്യാർത്ഥികൾ മികച്ച നേട്ടങ്ങൾ കൈവരിച്ചു. സ്കൂളിന്റെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വൃദ്ധമന്ദിരത്തിൽ വീൽ ചെയർ നൽകി. പൂർവ അധ്യാപക വിദ്യാർത്ഥി സംഗമം സംഘടിപ്പിക്കുകയും മനോഹരമായ ഗെയ്റ്റ് നിർമിക്കുകയും ചെയ്തു. വാർഷികാഘോഷവും യാത്രയയപ്പ് സമ്മേളനവും നടത്തി.

**II സെന്റ് കാതറൈൻസ് ഹയർസെക്കണ്ടറി സ്കൂൾ പയ്യമ്പള്ളി**

പി.ടി.എ യോഗം ചേർന്ന് പഠനനിലവാരം വിലയിരുത്തി. വിദ്യാർത്ഥികൾക്കായി പ്രത്യേക പഠന ക്യാമ്പ് ആരംഭിച്ചു.

**III ഐ. ജെ. എം. ഹയർസെക്കണ്ടറി സ്കൂൾ കൊട്ടിയൂർ**

ക്രിസ്തുമസ് ആഘോഷം സമുചിതമായി സംഘടിപ്പിച്ചു. ബത്‌ലഹേം ബീറ്റ്സ് കരോൾഗാന മത്സരത്തിൽ വിജയികളായി. ഗൈഡ്സ് ക്യാമ്പ് നടത്തി. NSS സപ്തദിന ക്യാമ്പിൽ കുട്ടികൾ പങ്കെടുത്തു. സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി പൂർവ്വവിദ്യാർത്ഥി സംഗമം നടത്തി. രക്ഷിതാക്കളുടെ യോഗം ചേർന്ന് പഠനനിലവാരം വിലയിരുത്തി. സംസ്ഥാന സ്കൂൾ കലോത്സവത്തിൽ പങ്കെടുത്ത വിദ്യാർത്ഥികൾ മികച്ച നേട്ടങ്ങൾ കൈവരിച്ചു.

**IV സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ നടവയൽ**

NSS, സ്കൗട്ട് ആൻഡ് ഗൈഡ് ക്യാമ്പുകൾ നടത്തി.

ബത്‌ലഹേം ബീറ്റ്സ് കരോൾഗാനമത്സരത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. പി.ടി.എ മീറ്റിങ്ങും മോട്ടിവേഷൻ ക്ലാസും നടത്തി. സംസ്ഥാന സ്കൂൾ കലോത്സവത്തിൽ പങ്കെടുത്ത വിദ്യാർത്ഥികൾ മികച്ച നേട്ടങ്ങൾ കൈവരിച്ചു.

**V ഫാ. ജി. കെ. എം ഹയർസെക്കണ്ടറി സ്കൂൾ കണിയാരം**

ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. സ്കൂൾതല ഗൈഡ് യൂണിറ്റ് ക്യാമ്പ് നടത്തി. ബത്‌ലഹേം ബീറ്റ്സ് കരോൾഗാന മത്സരത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി. NSS സഹവാസ ക്യാമ്പ് നടത്തി. കുട്ടികളുടെ ഹരിതസഭയിൽ വിദ്യാർത്ഥികൾ പങ്കെടുത്തു. മാനസികാരോഗ്യം എന്ന വിഷയത്തിൽ വിദ്യാർത്ഥികൾക്ക് ക്ലാസ് നൽകി.

2024-25 അക്കാദമികവർഷം അവസാനത്തോടടുക്കുന്നു. ഇനി വിലയിരുത്തലിന്റെ നാളുകളാണ്. പരീക്ഷകൾക്കായുള്ള അവസാനവട്ട ഒരുക്കങ്ങളും പ്രത്യേക പഠനക്യാമ്പുകളും വിദ്യാർത്ഥികളുടെ വിജയശതമാനം ഉയർത്താൻ സഹായകരമാകട്ടെ. വിജയാശംസകൾ.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

# *Bishop's Programme*



***February 2025***

| | |
|---|---|
| *1 Saturday: ....................* | *Kartikulam Jayamtha: Blessing of renovated Chapel* |
| *2 Sunday:Morning: ..........* | *Kavumannam: Jubilee Conclusion* |
| *Afternoon: .......* | *Bishop's House: Inauguration of Jubilee Pilgrimage of KCYM* |
| *4 Tuesday: ....................* | *WSSS: KLM Directors' Meet* |
| *6 Thursday: ....................* | *Manimooly* |
| *8 Saturday: .....................* | *Kayyunny: SH School Staff Meeting* |
| *9 Sunday: ........................* | *Kelakam : Parish Jubilee Conclusion* |
| *10 Monday: ....................* | *Padamala: Requiem Service* |
| *13 Thu- 15 Sat: ...............* | *Ongoing Formation of Priests* |
| *19 Wednesday: ...............* | *Kommayad: Platinum Jubilee Conclusion* |
| *20 Thu- 24 Mon: ...........* | *Satna: Visit to St Ephrem Seminary* |
| *25 Tue- 28 Fri: ...* | *Punjab: Visit to mission* |

***March 2025***

| | |
|---|---|
| *1 Sat - 4 Tue: .................* | *Kolkata: Visit to Morning Star Seminary* |
| *6 Thursday: ...................* | *Finance Council & Consultors Meeting* |
| *10 Monday: ...................* | *Dwaraka: Jubile Conclusion of Temperance Movement* |
| *11 Tuesday: Morning: .....* | *Presbyteral Council* |
| *Afternoon:....* | *KCYM Bible Caffé* |
| *20 Thursday: ..................* | *Priests' Conference* |
| *24 Monday: ....................* | *Religious Major Superiors' Meeting* |

# *Auxiliary Bishop's Programme*



***February 2025***

*01 Saturday: ................. Pulpally: Feast: Holy Mass*

*02 Sunday: .................... Kayyunni: Holy Mass*

*08 Saturday: ................... Morning: Padamala: Feast: Holy Mass*

*Evening: .................. Pallikkunnu: Feast: Holy Mass*

*09 Sunday: .................... Kallody: Feast: Holy Mass*

*10 Mon - 14 Fri:.............. Kulathuvayal: Retreat for NRC Team*

*16 Sunday: ................... Karackamala: Pastoral Visit*

*17 Tuesday: .................... Puthiyidomkunnu: School Anniversary*

*22 Saturday: Morning: ... Kaniyaram: Kappela Blessing*

*Evening: ............... Marutha: Feast: Holy Mass*

*23 Sunday: .................... Kunnalady: Feast: Holy Mass*

*25 Tuesday: ................... Dwaraka: U.P. School Anniversary*

***March 2025***

*01 Saturday: ................. Nilambur: De Paul College: New Building Inauguration*

*02 Sunday: ..................... Kaniyaram: Holy Mass*

*07 Friday: ...................... Thaliparambu: Charismatic Zonal Leaders' Meet*

*09 Sunday: ..................... Meenangadi: Pastoral Visit*

*11 Tuesday: ................... Presbyteral Council*

*16 Sunday: ................... Kammana: Pastoral Visit*

*16 Sun- 18 Tue:................. Kakkanad: Seminary Professors' Meet*

*23 Sunday: ...................... Parathottam:Pastoral Visit*

*25 Tuesday: ..................... Trichur: Charismatic Zonal Leaders' Meet*

*26 Wednesday: ............. Palai: Charismatic Zonal Leaders' Meet*

*30 Sunday: ..................... Manjoora: Pastoral Visit*

## പ്രത്യേക ശ്രദ്ധയ്ക്ക്

പോസ്റ്റൽ ഡിപ്പാർട്ട്മെന്റിന്റെ പുതിയ നിയമങ്ങളും, ബുള്ളറ്റിനുകൾ അയച്ചുകിട്ടാൻ കാലതാമസം നേരിടുന്നതും, ഡിജിറ്റൽ കോപ്പികൾ പെട്ടന്ന് ലഭ്യമാകുന്നതും പരിഗണിച്ച് ബുള്ളറ്റിനുകൾ ഹാർഡ് കോപ്പി അയക്കുന്നത് ഇടവകകകൾക്കും ഏതാനും സ്ഥാപനങ്ങൾക്കും മാത്രമായി നിജപ്പെടുത്തുകയാണ്. ഡിജിറ്റൽ കോപ്പികൾ ആവശ്യമുള്ളവർ ബഹു. വികാരിയച്ചന്മാരുമായി ബന്ധപ്പെട്ടാൽ അവ ലഭ്യമാകാൻ സഹായിക്കുകയും ചെയ്യും.

പ്രത്യേക കാരണങ്ങൾകൊണ്ട് ആർക്കെങ്കിലും ഹാർഡ് കോപ്പി ആവശ്യമുണ്ടെങ്കിൽ അക്കാര്യം ദയവായി തന്നിരിക്കുന്ന ഈ നമ്പറിൽ അറിയിക്കുക: 7012089392. 2025 ഏപ്രിൽ മാസം മുതൽ ഇത്തരത്തിൽ ആവശ്യപ്പെട്ടവർക്ക് മാത്രമേ ഹാർഡ് കോപ്പികൾ അയക്കുകയുള്ളു. മുൻകൂട്ടി നന്ദി പറയുന്നു.

ചാൻസലർ